# കരയോഗ സൗഹൃദം

സത്യം പരം ധീമഹി Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 68

വാല്യം - 9 ലക്കം - 5 മേടം - 1191 മെയ് 2016



ഓം നരസിംഹമൂർത്തയേ നമഃ






എറണാകുളം കരയോഗം സിറ്റി ഹോസ്പിറ്റലുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ നിന്ന്..................





എറണാകുളം കരയോഗം-പി.എസ്.ഗോപിനാഥൻ നായർ ഒൻപതാമത് പരിസ്ഥിതി അവാർഡ് ബഹു. ജസ്റ്റിസ് ജെ.ബി.കോശി അവാർഡ് ജേതാവായ ശ്രീ. സി.വി. വിദ്യാധരന് സമ്മാനിക്കുന്നു. കെ.രാമചന്ദ്രൻ നായർ, ഡോ. ബാലകൃഷ്ണൻ കൊയ്യാൽ, കെ.വി. രാമചന്ദ്രൻ, കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു), എസ്.ജയതിലകൻ എന്നിവർ സമീപം.

പാലിയേറ്റിവ് രോഗികൾക്കുള്ള ഭക്ഷ്യോല്പന്ന കിറ്റ് പ്രസിഡൻറ് കെ.പി.കെ.മേനോൻ വിതരണം ചെയ്യുന്നു. കെ.വി.കൈമൾ, കെ.ശാന്തകുമാരി എന്നിവർ സമീപം.







ജീവകാരുണ്യ സ്ഥിരം ഫണ്ടിൻെറ ധനശേഖരണാർത്ഥം എറണാകുളം കരയോഗം സംഘടിപ്പിച്ച വിഷുവിപണനമേളയിൽ നിന്ന് ..................

**സേവനം ജീവിത സാഫല്യം**

1191 മേടം

വാല്യം 9 ലക്കം 5 മെയ് 2016

**ഉള്ളടക്കം**

എഡിറ്റോറിയൽ ........ 3
ജനറൽ സെക്രട്ടറിയുടെ പംക്തി ........ 5
രാഗപരിചയം (വസന്ത) ........ 7
വാസ്തു ........ 8
ബാലലോകം ........ 9
ദേവീസാന്നിദ്ധ്യം ........ 10
ഭൂമിക്കായി മരങ്ങൾ ........ 13
നാവാമുകുന്ദനും മാമാങ്കവും ........ 14
സോറിയാസിസ് ........ 18
തിരുവാതിരയും കളിയും ........ 19
ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും ........ 22
ഈണം ........ 25
വിജയം അഹങ്കാര രഹിത കർമ്മത്തിൽ ........ 26
ഏട്ടൻ ........ 31
താന്ത്രികാരാധന ........ 32
നിദ്രാവത്വം ........ 35
ആത്മാവിന്റെ ഭ്രമം ........ 40
എന്റെ അമ്മൂമ്മ ........ 43
ഇന്ത്യയിൽ നിലവിലുള്ള
വിവിധ നികുതികൾ ........ 45
ശങ്കരൻ നമ്പൂതിരി പാടുകയാണ് ........ 48
തൂലിക ........ 51
ഫാറ്റി ലിവർ ........ 52
അധമത്വ വികാരം ........ 54
ശാസ്ത്രത്തിന്റെ തത്വശാസ്ത്രം ........ 55
മാസഫലം ........ 58
മാട്രിമോണിയൽ ........ 59-66

**പത്രാധിപസമിതി**

കെ. പി. കൃഷ്ണമേനോൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ(വേണു)

കെ. ടി. മോഹനൻ

എ. മുരളീധരൻ

കെ. പ്രസന്നകുമാർ





(എഡിറ്റോറിയൽ)

# ചിന്തിക്കുക, വോട്ട് രേഖപ്പെടുത്തും മുമ്പ്

അടുത്ത കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ 16 ാം തീയതി നടക്കുകയാണല്ലോ? എല്ലാവരും വോട്ട് ചെയ്യണം. ഒരൊറ്റ വോട്ടു പോലും പാഴാക്കരുത്. നമ്മുടെ താല്പര്യങ്ങൾക്കെതിരെ, ദേശീയ താല്പര്യങ്ങൾക്കെതിരെ വോട്ടു ചെയ്താൽ അതും വോട്ടു പാഴാക്കലാണ്, അല്ല വോട്ടു ചെയ്യുവാനുള്ള അവകാശം ദുർവിനിയോഗം ചെയ്യുകയാണ്. അതുകൊണ്ട് വോട്ടു ചെയ്യുന്നതിനു മുമ്പ് സമഗ്രമായ ഒരു വിലയിരുത്തൽ നടത്തണം. രാഷ്ട്രീയ പാർട്ടികളെക്കുറിച്ച് ,അവരുടെ കാഴ്ചപ്പാടുകളെക്കുറിച്ച്, അവരുടെ മുൻകാല ചെയ്തികളെക്കുറിച്ച്, അവർ ജനമുമ്പാകെ സമർപ്പിച്ചിട്ടുള്ള നയപരിപാടികളെക്കുറിച്ച്, ഇന്നത്തെ കേരളത്തിലെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തീക സ്ഥിതിയെക്കുറിച്ച്, വിദ്യാഭ്യാസ നിലവാര തകർച്ചയെക്കുറിച്ച്, സാംസ്കാരികാധപ്പതനങ്ങളെക്കുറിച്ച് സാംസ്കാരിക ഹത്യയെക്കുറിച്ച്, സാംസ്കാരിക കടന്നാക്രമങ്ങളെക്കുറിച്ച്, വിദ്യാഭ്യാസ വർഗ്ഗീയവൽക്കരണത്തെക്കുറിച്ച്, സദാചാരരാഹിത്യത്തെക്കുറിച്ച്, അധാർമ്മി

കതയെക്കുറിച്ച്, അഴിമതിയെക്കുറിച്ച്, മതാന്ധത യെക്കുറിച്ച്, മതാധിഷ്ഠിത തീവ്രവാദത്തെക്കുറി ച്ച്, മതപ്രീണനത്തെക്കുറിച്ച്, ക്ഷേത്രധ്വംസനങ്ങ ളെക്കുറിച്ച്, ക്ഷേത്രാരാധനാ നിയന്ത്രണങ്ങളെ ക്കുറിച്ച്, ക്ഷേത്രങ്ങളുടെ ജീർണ്ണാവസ്ഥയെക്കു റിച്ച്, ക്ഷേത്രവരുമാനത്തിന്റെ പ്രയോജനം ആർ ക്കെന്നതിനെക്കുറിച്ച്, ക്ഷേത്ര ഭരണത്തെക്കുറി ച്ച്, ക്ഷേത്രസ്വാതന്ത്ര്യത്തെക്കുറിച്ച്, പൊതു വി കസനത്തെക്കുറിച്ച്, വികസന നയത്തിലെയും നടത്തിപ്പിലെയും ദേശ, പ്രാദേശിക, വർഗ്ഗീയ തരം തിരിവിനെക്കുറിച്ച്, കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള പട്ടയ ദാനങ്ങളെയും ഭൂവിതര ണങ്ങളെയും കുറിച്ച്, സർക്കാർ തലത്തിൽ നട ത്തിയിട്ടുള്ള നിയമനങ്ങളെക്കുറിച്ച്, രൂപവല്ക്ക രിക്കപ്പെട്ടിട്ടുള്ള കമ്മറ്റികളെക്കുറിച്ച്, അതിലെ അംഗങ്ങളെക്കുറിച്ച്, ന്യൂനപക്ഷ ക്ഷേമവകുപ്പ് പ്ര ത്യേകം രൂപികരിച്ചതിനെക്കുറിച്ച്, മദ്രസാ ആ ദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതിയെക്കുറിച്ച്, ന്യൂനപക്ഷമേഖലകളിൽ പ്രത്യേക കുടിവെള്ള പദ്ധതി നടപ്പാക്കിയതിനെക്കുറിച്ച്, ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കുള്ള ഭവനനിർമ്മാ ണ പദ്ധതി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മേ ശയും കസേരയും വിതരണം ചെയ്തതിനെക്കു റിച്ച് അങ്ങനെ എല്ലാം എല്ലാം വിശദമായി പരി ശോധിക്കണം. വിദ്യാഭ്യാസപരമായും, വ്യാവസാ യികമായും, സാമ്പത്തീകമായും വളർന്നതാരൊ ക്കെയെന്ന് കുലങ്കുഷമായി ചർച്ച ചെയ്യപ്പെടണം. അവർക്കൊക്കെ അതിനുള്ള സാഹചര്യം എങ്ങ നെ ഒരുക്കിക്കൊടുത്തു. അതിൽ സർക്കാർ സ ഹായങ്ങൾ ഏതെല്ലാം തരത്തിൽ നല്കപ്പെട്ടു എന്നുള്ളതിനെക്കുറിച്ചും, കള്ളപ്പണവും, കള്ള ക്കടത്തും, കുഴൽ പണവും എത്രമാത്രം ഈ നാ ടിന്റെ സാമ്പത്തീക സ്ഥിതിയെ ഉലച്ചിട്ടുണ്ടെന്നും, പെട്ടെന്ന് ധനവാൻമാരായവരെക്കുറിച്ച്, അതിന്റെ ശ്രോതസിനെക്കുറിച്ച് എന്തെങ്കിലും അന്വേഷ ണം നടന്നിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച്, പ ങ്കുവെപ്പ് രാഷ്ട്രീയം മുതലെടുത്ത് അധികാരക സേരകളിലിരുന്ന് സ്വജനപക്ഷപാതവും, ധൂർ ത്തും നടത്തിയവരെക്കുറിച്ച് ചിന്തിക്കുക, അവ രെയൊക്കെ ഇനി ഒരിക്കലും ഭരണത്തിലേറാ തിരിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കു ക. കഴിഞ്ഞ 20–25 വർഷങ്ങളിലായി കേരളത്തിൽ നടന്നിട്ടുള്ള വിദ്യാഭ്യാസകച്ചവടത്തെക്കുറിച്ച് ചി ന്തിക്കുക. സമസ്ഥമേഖലകളിൽ നിന്നും പിന്ത ള്ളപ്പെട്ടുപോയ ഭൂരിപക്ഷ സമുദായത്തെക്കുറി ച്ച് ചിന്തിക്കുക. സമ്പത്തും, സംസ്കാരവും, അ ധികാരവും എല്ലാം കവർന്നെടുക്കപ്പെട്ട ആ ഹത ഭാഗ്യരുടെ ഉന്നമനത്തിനുള്ള വഴിയാലോചിക്കു ക, നഷ്ടപ്പെട്ട ക്ഷേത്രസ്വത്തുക്കൾ തിരിച്ചെടുക്കാ നുള്ള വഴി ആലോചിക്കുക. ക്ഷേത്ര ഭരണം ക്ഷേ ത്ര വിശ്വാസികൾക്ക് ലഭ്യമാകുവാനുള്ള മാർഗ്ഗ ങ്ങളെപ്പറ്റി ചിന്തിക്കുക, എല്ലാറ്റിനുമുപരി സംഘ ടിത മതാധിപത്യത്തിൽ നിന്നും മോചനം നേ ടാനുള്ള വഴികളെന്തെന്ന് ചിന്തിക്കുക. അതിനാ യി സംഘടിച്ച് ശക്തരാവുക എന്നുള്ള മാർഗ്ഗമ ല്ലാതെ മറ്റ് വഴികളില്ലെന്ന് തിരിച്ചറിയുക. സം ഘടിത മതമേലദ്ധ്യക്ഷൻമാരുടെ അരമനകളിലും, കൊട്ടാരങ്ങളിലും കയറിയിറങ്ങി അവരുടെ കാൽ തൊട്ട് വന്ദിച്ചിട്ട് പുറത്തു വന്ന് മതേതരത്വം പ്ര സംഗിക്കുന്ന രാഷ്ട്രീയക്കാരന്റെ കാപട്യത്തെ തി രിച്ചറിയുക. കപടമതേതരത്വം കൊണ്ട് ജനിച്ച് വളർന്ന നാട്ടിൽ ഒരു സമൂഹം അന്യരായിക്കൊ ണ്ടിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യത്തെ ഉൾ ക്കൊണ്ട് പിടിച്ചു നില്ക്കുവാനെങ്കിലും നാമും സംഘടിക്കുക- നിലനില്പിനായി, നമ്മുടെ വി ശ്വാസങ്ങളുടെ നിലനില്പിനായി, നമ്മുടെ സം സ്കാരത്തിന്റെ നിലനില്പിനായി, നമുക്കും വ രും തലമുറകൾക്കും, അഭിമാനത്തൊടെ ആരു ടെയും മുമ്പിൽ തല കുനിക്കാതെ അന്തസ്സോ ടെ ജീവിക്കുന്നതിനായി, നമ്മുടെ പൂർവ്വികർ വി ലയം കൊള്ളുന്ന ഈ മണ്ണ് അന്യാധീനപ്പെടാ തിരിക്കാൻ വേണ്ടി ചിന്തിക്കുക. നമ്മുടെ സംസ് കാരത്തെ ഉൾക്കൊള്ളുന്ന ആ സംസ്കാര മഹി മയിൽ ഉറച്ച് നിന്നുകൊണ്ട് ഭാരതത്തിന്റെ കരു ത്തായ ബഹുസ്വരതയെ പുൽകുന്ന, ദീർഘവീ ക്ഷണമുള്ള, പുരോഗമനാത്മകമായ വികസന പ്ര വർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന, അടിസ്ഥാന വർഗത്തിന്റെ ഉദ്ധാരണം പ്രസംഗത്തിലല്ലാതെ പ്രവർത്തിയിലൂടെ കാണിക്കുന്നവരെ, സർവോ പരി ദേശീയതയെ ആപ്തവാക്യമായി സ്വീകരി ച്ചിട്ടുള്ള ദേശസ്നേഹികളെ തിരിച്ചറിയുക, അ വർക്കുവേണ്ടി വോട്ടു രേഖപ്പെടുത്തുക അവരെ അധികാരത്തിലേറ്റുക. കലുഷിതമായിരിക്കുന്ന ഇ ന്നത്തെ സാമൂഹ്യാന്തരീക്ഷത്തെ തെളിയിച്ചെടു ക്കുവാൻ അതു മാത്രമാണ് പോംവഴി. ആലസ്യ മുപേക്ഷിച്ച് ആഴത്തിൽ ചിന്തിക്കുക. അഭിമുഖി കരിക്കാൻ ഇടവന്നേക്കാവുന്ന ആപത്തുകളെ കാ ലെകൂട്ടി കണ്ട് അവയ്ക്ക് തടയിടുക. നമ്മുടെ യും നാടിന്റെയും നന്മക്കായി നിങ്ങളുടെ വോ ട്ട് രേഖപ്പെടുത്തുക.

ഭാരത് മാതാ കീ ജയ്

# ജനറൽ സെക്രട്ടറിയുടെ പംക്തി

മെയ്16 കേരളത്തിൻെറ അഞ്ചുകൊല്ലത്തെ ഭാവി നിശ്ചയിക്കുന്നത് പ്രബുദ്ധരായ നമ്മൾ ഓരോ വോട്ടർമാരുമാണ്. ഒരു കാരണവശാലും ആരും വോട്ടു ചെയ്യാതിരിക്കരുത്. വികസനവും സുതാര്യതയും ജാതി രാഷ്ട്രീയവും അക്രമവും അഴിമതിയും മാത്രം കേട്ട് തഴമ്പിച്ച വോട്ടർമാർ. ഇവിടുത്തെ സാധാരണക്കാരൻെറ ജീവിതപ്രശ്നങ്ങളും വിലക്കയറ്റവും കൊടും വരൾച്ചയും തൊഴിൽസാദ്ധ്യതകളും ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒന്നും ചർച്ച ചെയ്യപ്പെടുന്നില്ല, എന്നു മാത്രമല്ല ഇതെല്ലാം അവഗണിക്കുന്നു എന്നുള്ളതിൽ ശക്തിയായ അമർഷമുണ്ട്. രാജ്യത്തിൻെറ സുരക്ഷയും തീവ്രവാദവും ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ രാജ്യരക്ഷാനടപടികൾക്ക് ഊന്നൽ നൽകാതെ, ജാതി രാഷ്ട്രീയത്തിന് എല്ലാ കക്ഷികളും ഒരുപോലെ മുൻതൂക്കം കൊടുത്തുകൊണ്ട്, മതത്തെ തരംതിരിച്ച് അധികാരം നിലനിർത്തുവാനുള്ള പ്രചരണങ്ങളാണ്, പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായികൊണ്ട് സ്ഥാനാർത്ഥികളെയും ഓരോ പാർട്ടിയുടെയും നാളിതുവരെയുള്ള പ്രവർത്തനങ്ങളെയും സൂക്ഷ്മമായി വിലയിരുത്തി നിരീക്ഷിച്ച് പഠിച്ച് മെയ് 16ന് പോളിങ്ങ് ബൂത്തിൽ ചെല്ലുമ്പോൾ നിങ്ങളുടെ വിലയേറിയ സമ്മതിദാനാവകാശം രേഖപ്പെടുത്തും എന്ന് വിശ്വസിക്കുന്നു.

കഴിഞ്ഞ കുറേ വർഷങ്ങൾക്കിപ്പുറം അന്തരീക്ഷ ഊഷ്മാവ് 40 ഡിഗ്രി സെൽഷ്യസിലധികമായി ഉയർന്ന് ചൂടും, കൊടും വരൾച്ചയും ജലക്ഷാമവും അനുഭവിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതിയോടുള്ള അതിക്രൂരമായ പീഡനത്തിൻെറ തിക്താനുഭവങ്ങളാണ് കണ്ടു വരുന്നത്. പ്രകൃതിയെയും ഭൂമിയെയും സംരക്ഷിക്കുവാൻ മരങ്ങൾ വച്ചുപിടിപ്പിച്ചും, ജലസ്രോതസ്സുകൾ സംരക്ഷിച്ചും, ശുദ്ധജലത്തിൻെറ ദുർവിനിയോഗം കുറച്ചും ശക്തമായ മുൻകരുതലോടെ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചില്ലെങ്കിൽ വരും കാലങ്ങളിൽ ഇന്നനുഭവിക്കുന്നതിനേക്കാൾ കൂടുതൽ ദുരിതങ്ങൾ അനുഭവിക്കേണ്ടി വരും. നമ്മുടെ വീടുകളിലും പറമ്പുകളിലും മരം വച്ചു പിടിപ്പിക്കുകയും മട്ടുപ്പാവുകളിൽ പച്ചപ്പ് നിലനിർത്തുന്നതിനു വേണ്ട അടുക്കളതോട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്ത് അന്തരീക്ഷ ഊഷ്മാവ് കുറയ്ക്കുന്നതിനു വേണ്ട നടപടികൾക്ക് ഓരോരുത്തരും മുൻകൈ എടുക്കണം.

എറണാകുളം കരയോഗം-പി. എസ്.ഗോപിനാഥൻ നായർ ഒൻപതാമത് പരിസ്ഥിതി അവാർഡ് 2016 ഏപ്രിൽ 22 ന് ടിഡിഎം ഹാളിൽ നടന്ന ചടങ്ങിൽ വച്ച് ആഭ്യന്തര വകുപ്പിലെ സിവിൽ പോലീസ് ഓഫീസറായ സി.വി.വിദ്യാധരന് കേരള മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബി.കോശി നൽകുകയുണ്ടായി. ചടങ്ങിൽ ഡോ. ബാലകൃഷ്ണൻ കൊയ്യാൽ (ആകാശവാണി, കൊച്ചി സ്റ്റേഷൻ ഡയറക്ടർ), ഡോ. ജി.മധു (പ്രിൻസിപ്പൽ, സ്ക്കൂൾ ഓഫ് എഞ്ചിനീയറിങ്ങ്, കൊച്ചി യൂണിവേഴ്സിറ്റി), ഡോ. എസ്. ജയതിലകൻ (എൽഎഇസി മെമ്പർ, സുപ്രീംകോടതി മോണിറ്ററിങ്ങ് കമ്മിറ്റി ഓഫ് എൻവയോൺമെൻറ്), കെ.വി. രാമചന്ദ്രൻ (കൺവീനർ, പരിസ്ഥിതി അവാർഡ് കമ്മിറ്റി), കെ.രാമചന്ദ്രൻ നായർ, പി.രാമചന്ദ്രൻ (വേണു) തുടങ്ങിയവർ സംബന്ധിച്ചു.

2016 ജൂൺ 26ന് എറണാകുളം കരയോഗത്തിൻെറ 91-ാമത് വാർഷിക പൊതുയോഗമാണ്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ചും തീരുമാനമെടുക്കേണ്ടതും നിർദ്ദേശങ്ങൾ നല്കേണ്ടതും പൊതുസഭയാണ്. ഈ ദിവസങ്ങളിൽ തന്നെ ഭരണസമിതിയിലെ പത്ത് സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നതുമാണ്. അടുത്ത ലക്കം കരയോഗസൗഹൃദത്തിൽ മേൽപ്പറഞ്ഞ വിഷയങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരണവും അറിയിപ്പുകളും ഉണ്ടായിരിക്കും. എറണാകുളം കരയോഗത്തിൻെറ ദീർഘകാല പ്രവർത്തനത്തിനും സേവനത്തിനും വേണ്ടിയുള്ള അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നു.

കഥകളി ക്ലബ്ബ് എറണാകുളം കരയോഗം ഏറ്റെടുത്തിട്ട് ഒരു വർഷം തികയുന്ന ഏപ്രിൽ 23 ന് കഥകളി ക്ലബ്ബിന്റെ 58-ാം വാർഷിക ദിനവും കൂടിയായിരുന്നു. മുൻകാലങ്ങളിൽ ചെയ്തിരുന്നതു പോലെ ഏപ്രിൽ 23ന് കൂടിയ വാർഷികയോഗത്തിൽ വച്ച് 21-ാമത് കളഹംസം, തൗര്യത്രികം അവാർഡുകൾ കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാല വൈസ് ചാൻസലറും, നിയുക്ത കേരള കലാമണ്ഡലം വൈസ് ചാൻസലറുമായ ഡോ. എം.സി.ദിലീപ്കുമാർ സമ്മാനിച്ചു.

വിഷുവിനോടനുബന്ധിച്ച് വിഷു വിപണനമേള പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. അതിനോടനുബന്ധിച്ച് ടിഡിഎം ഹാളിൽ വച്ച് എറണാകുളം ജനറൽ ഹോസ്പിറ്റൽ പാലിയേറ്റിവ് യൂണിറ്റിലെ നൂറോളം കിടപ്പുരോഗികൾക്ക് ഭക്ഷ്യോല്പന്ന കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.

എറണാകുളം കരയോഗം സിറ്റി ഹോസ്പിറ്റലുമായി സഹകരിച്ച് ഏപ്രിൽ 9ന് ടിഡിഎം ഹാളിൽ സൗജന്യ വൈദ്യപരിശോധനാ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഇ.എൻ.ടി., എല്ലുരോഗം എന്നീ വിഭാഗങ്ങളിലെ പ്രശസ്തരായ ഡോക്ടർമാർ അനേകം രോഗികൾക്ക് വൈദ്യപരിശോധനയും മരുന്നുവിതരണവും നടത്തി.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ കഥകളി "സുഭദ്രാഹരണം" മെയ് 24-ാം തീയതി വൈകുന്നേരം 6.15ന് ടിഡിഎം ഹാളിൽ ഉണ്ടായിരിക്കും.

ബീം എറണാകുളം കരയോഗവുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടി തിരുവനന്തപുരം സംസ്കൃതി അവതരിപ്പിക്കുന്ന "മേരാ നാം ജോക്കർ" എന്ന നാടകം മെയ് 25ന് വൈകുന്നേരം 6.30 ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

മാതൃഭൂമിയുമായി സഹകരിച്ച് എറണാകുളം കരയോഗം നടത്തുന്ന പ്രൊഫഷണൽ കോഴ്സ് ഗൈഡൻസ് സെമിനാർ "ആസ്ക് എക്സ്പെർട്ട്" മെയ് 31-ാം തീയതി രാവിലെ 9.30 മുതൽ ടിഡിഎം ഹാളിൽ നടത്തുന്നതാണ്. സെമിനാറിൽ പ്രഗത്ഭരും പ്രശസ്തരുമായ വ്യക്തികൾ വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നടത്തുന്നു.

**ജനറൽ സെക്രട്ടറി**


# എറണാകുളം കരയോഗം



## ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്രം പുനരുദ്ധാരണ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു

**പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകൂ..........**

**ഭക്തജനങ്ങളുടെ ഉദാരമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു**

**കൂടുതൽ വിവരങ്ങൾക്ക് :**

**ശ്രീമതി.കെ.കെ.ഗീതമ്മ**
ചെറായി തൃക്കടക്കപ്പിള്ളി ദേവസ്വം ട്രസ്റ്റി
കണിച്ചിലാഴത്ത്, പള്ളിപ്പുറം,
ചെറായി-683514
ഫോൺ : 0484 2489072

**ജനറൽ സെക്രട്ടറി**
എറണാകുളം കരയോഗം,
ടി.ഡി.എം. ഹാൾ കോംപ്ലക്സ്,
ഡി.എച്ച്.റോഡ്, കൊച്ചി-682016,
ഫോൺ : 0484-2361160



(രാഗപരിചയം)

# വസന്ത



ഡോ. ജയലക്ഷ്മി
നന്ദകുമാർ

17-ാമത്തെ മേളകർത്താ രാഗമായ സൂര്യകാന്തത്തിന്റെ ജന്യരാഗമാണ് വസന്ത. മംഗളകരമായ ഈ രാഗം 1000 വർഷങ്ങൾക്കു മുൻപു തന്നെ പ്രചാരത്തിലുണ്ടായിരുന്നതായി പല ഗ്രന്ഥങ്ങളിലും സൂചനയുണ്ട്.

| | | |
|---|---|---|
| ആരോഹണം | ഃ | സ മ ഗ മ ധ നി സ |
| അവരോഹണം | ഃ | സ നി ധ മ ഗ രി സ |

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ശുദ്ധരിഷഭം, അന്തര ഗാന്ധാരം, ശുദ്ധ മദ്ധ്യമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം.

ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ആറും സ്വരങ്ങൾ വരുന്നതുകൊണ്ട് വസന്ത ഒരു ഔഡവ ഷാഡവ രാഗമാണ്. പഞ്ചമ വർജ്ജ്യരാഗമാണിത്. അന്യസ്വരങ്ങൾ (സ്വന്തം മേളകർത്താ രാഗത്തിൽ ഇല്ലാത്ത സ്വരങ്ങൾ) പ്രയോഗത്തിൽ വരാത്തതിനാൽ ഉപാംഗ രാഗവുമാണ്. ശുഭകരമായ വർണ്ണനകൾക്ക് വളരെ യോജിച്ച രാഗമാണിത്. സന്ധ്യാസമയമാണ് വസന്ത രാഗം ആലപിക്കുവാൻ ഏറെ അഭികാമ്യം. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ള ത്രിസ്ഥായി രാഗം കൂടിയാണിത്.

15-ാമത്തെ മേളകർത്താ രാഗമായ മായാമാളവ ഗൗളയുടെ ജന്യരാഗമായ ലളിത എന്ന രാഗവുമായി സാമ്യത ഉള്ള രാഗമാണിത്. സുബ്ബരാമ ദീക്ഷിതർ വസന്തയെ മായാമാളവഗൗളയുടെ ജന്യരാഗമായി കരുതിയിരുന്നു.

ഹിന്ദുസ്ഥാനി സംഗീതത്തിൽ വസന്ത രാഗത്തോടു സമാനമായത് ഭൈരവ് ഥാട്ടിന്റെ ജന്യരാഗമായ 'ഗിരിജ' എന്ന രാഗമാണ്. 108 താളപദ്ധതിയിൽ ഒരു താളത്തിന്റെ പേരും വസന്ത എന്നതാണെന്നു രസകരമായ അറിവാണ്. 36 അക്ഷരകാലം ഉള്ള താളമാണത്.

വാതരോഗമുക്തി, രക്തശുദ്ധീകരണം, ഹൃദയ ഞരമ്പു രോഗശമനം, രക്തസമ്മർദ്ദ നിയന്ത്രണം തുടങ്ങിയ ഫലങ്ങൾ ഈ രാഗം കേൾക്കുന്നതിലൂടെ ഉണ്ടാവുമെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. | നിന്നുകോരി (വർണ്ണം) | ആദി | - | പെദ്ദശിങ്കാരാ ചാരലു |
| 2. | സീതമ്മ മായമ്മ | രൂപകം | - | ത്യാഗരാജസ്വാമി |
| 3. | രാമചന്ദ്രം ഭാവയാമി | രൂപകം | - | മുത്തുസ്വാമി ദീക്ഷിതർ |
| 4. | പരമപുരുഷ | ആദി | - | സ്വാതി തിരുനാൾ |
| 5. | ഹരിഹരപുത്രം | ഖണ്ഡ ഏക | - | മുത്തുസ്വാമി ദീക്ഷിതർ |

## ചലച്ചിത്ര ഗാനങ്ങൾ

| | | |
|---|---|---|
| 1. | സുന്ദരീ സുന്ദരീ | ഏയ് ഓട്ടോ |
| 2. | സുന്ദര സ്വപ്നമേ | ഗുരുവായൂർ കേശവൻ |
| 3. | ഗുരുവായൂരുണിക്കണ്ണനു | ആനച്ചന്തം |
| 4. | കണ്ണോരം ചിങ്കാരം | രതിനിർവ്വേദം |
| 5. | കണിമലരായ് | മഴമേഘപ്രാവുകൾ |
| 6. | പൂവിനും പൂങ്കുരുന്നാം | വിറ്റ്നസ് |
| 7. | അരയന്നമേ ആരോമലേ | (ഉത്സവ ഗാനങ്ങൾ) |
| 8. | അന്തിമഴൈ പൊഴിഹിറത് | രാജപാർവ്വൈ (തമിഴ്) |
| 9. | വന്ദനം എൻ വന്ദനം | വാഴ്വേമായം (തമിഴ്) |

# വാസ്തു



**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ

ഇന്നലെ എറണാകുളം ടൗണിൽ പഴയ ഒരു നായർ തറവാട്ടിൽ പേകേണ്ടതായി വന്നു.

രണ്ടു കൊല്ലം മുമ്പ് അവിടെ സ്വത്തുക്കൾ ഭാഗിച്ച കൂട്ടത്തിൽ പറമ്പ് 6 പേർക്കായി വീതിച്ചു. തറവാടിന്റെ തെക്കുവശത്ത് ചെറിയ മതിൽ ഉണ്ടായിരുന്നു. മതിലിന് തെക്കുവശം പണ്ടു കാലത്ത് മരിച്ചവരെ ദഹിപ്പിക്കുവാനായി മാറ്റി വെച്ചിരിക്കുന്നു. 50 കൊല്ലമായി ആരെയും ദഹിപ്പിച്ചിട്ടില്ല.

ഇപ്പോൾ തറവാടിന്റെ വടക്ക് പുതിയ വീട് പണിതു കൊണ്ടിരിക്കുന്നു. അവിടെ കിണർ കുഴിച്ച മണ്ണും മറ്റും തറവാട്ടിന്റെ വടക്കു കിഴക്ക് കൂട്ടിയിരിക്കുന്നു. വടക്ക് വശത്ത് മതിലും, തെക്കു വശത്ത് വഴിയും വന്നു.

പടിഞ്ഞാറ് വശത്ത് വീടുപണിയുന്ന വരുടെ കിണർ തറവാടിന്റെ തെക്കു പടിഞ്ഞാറും വന്നു.

തറവാട് കിട്ടിയത് പ്രായത്തിൽ ഏറ്റവും കുറഞ്ഞ സ്ത്രീക്കായിരുന്നു. കൂടെ അമ്മയും.

ഇപ്പോൾ തറവാട്ടിൽ താമസിക്കുന്നവരുടെ കാര്യം ആകെ കഷ്ടമാണ്. ദിവസവും ആശുപത്രിയിലാണ്. ഒരു കാരണവശാലും സമാധാനമില്ല. ഒറ്റ നോട്ടത്തിൽ പഴയവീടിന് ഒരു കുഴപ്പവുമില്ല.

തെക്കു പടിഞ്ഞാറു ഭാഗത്തായി 4 കിടപ്പു മുറികൾ. അടുക്കള വടക്കു കിഴക്ക് കിണർ അടുക്കളയ്ക്കടുത്തുള്ള വർക്കേരിയയിൽ നിന്ന് വെള്ളം കോരാൻ പാകത്തിന്. ഭാഗം കഴിഞ്ഞ് എല്ലാവരും വീടുപണി തുടങ്ങിയപ്പോൾ ഈ വീടിന്റെ വടക്കു കിഴക്ക് മണ്ണിട്ടു കുന്നായി. തെക്കു പടിഞ്ഞാറ് മൂല പുതിയ വഴി കാരണം താന്ന് കിടക്കുന്നു. അടുത്തു തന്നെ കിണറും. കൂടാതെ വീട് കിട്ടിയവർ അടുക്കളയുടെ നിലം (Floor) ടൈൽ ഒട്ടിച്ചപ്പോൾ 10 സെ.മി. ഉയർന്നു വന്നു. ഗേറ്റ് കിഴക്കു തെക്കോട്ടാക്കി.

താഴെ പറയുന്ന കാര്യങ്ങൾ എഴുതി കൊടുത്ത് ഞാൻ മടങ്ങി.

1. വീടിന്റെ തെക്കുപടിഞ്ഞാറും വീടിന് സമാന്തരമായി 18 സെ.മി ഉയരത്തിൽ കട്ടി മതിൽ കെട്ടുക. അതോടെ കന്നിമൂല അടയും.
2. വടക്കു കിഴക്ക് ഭാഗത്തെ ചെറിയ കുന്ന് മാറ്റി മണ്ണ് തെക്കു പടിഞ്ഞാറ് ഇടുക.
3. അടുക്കള വടക്കു കിഴക്കു ഭാഗത്ത് ഫ്ളോറിംങ് പഴയപോലെ മാറ്റി ഭാഗത്തെ നിരപ്പിലാക്കുക.
4. ഗേറ്റ് കിഴക്കു വടക്കോട്ട് മാറ്റണം.
5. തെക്ക് പടിഞ്ഞാറ് ഉള്ള ജനാലകൾ വല്ലപ്പോഴും തുറക്കുക. കഴിയുന്നതും തെക്കു പടിഞ്ഞാറ് കാറ്റ് അകത്തു കൂടി കടന്നു പോകുവാനായി ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും തുറന്നിടണം.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10 -ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.





ലക്ഷ്മി ദേവി നായർ

# ബാലലോകം

പ്രിയപ്പെട്ട കൂട്ടുകാരെ,

വേനൽചൂടിൽ വെന്തുരുകുകയാണ് നമ്മുടെ നാട്. കൂട്ടുകാരും വെയിലത്ത് വാടാതെ ശ്രദ്ധിക്കുമല്ലോ? പതിവായി ധാരാളം വെള്ളം കുടിക്കുകയും വേണം. വീട്ടിലെ വൈദ്യുതിയും വെള്ളവും പാഴാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണേ. ആവശ്യം കഴിഞ്ഞാൽ മുറികളിലെ ഫാനും, ലൈറ്റും അണക്കാൻ മറക്കരുത് കേട്ടോ.

**ഒരു ഭാഗവത കഥ കേൾക്കാം.**

ബ്രഹ്മാവിന്റെ മകനായ സ്വയംഭുവമനുവിന് ശതരൂപയിൽ ഉണ്ടായ പുത്രൻമാരാണ് പ്രിയ വ്രതനും, ഉത്താനപാദനും. സുനീതിയും, സുരുചിയും ഉത്താനപാദന്റെ പത്നിമാരായിരുന്നു. സുനീതിയുടെ മകനായിരുന്നു ധ്രൂവൻ.

ഒരിക്കൽ ധ്രൂവൻ അച്ഛന്റെ മടിയിൽ ഇരിക്കാൻ തുടങ്ങിയപ്പോൾ ഉത്താനപാദന്റെ ഇഷ്ടപത്നിയായ സുരുചിക്ക് ഇഷ്ടപ്പെട്ടില്ല. ധ്രൂവനും അമ്മയായ സുനിതിക്കും ഇതിൽ ഏറെ ദുഃഖമുണ്ടായി.

ഇതു കണ്ട നാരദമഹർഷി ധൂവനോട് ശ്രീപാദപത്മത്തെ ധ്യാനിക്കാൻ പറഞ്ഞു. ധൂവനാകട്ടെ ഓം നമോ ഭഗവതേ വാസു ദേവായ എന്ന ദ്വാദശാക്ഷരമന്ത്രം കൊണ്ട് ഭഗവാനെ ഭജിച്ചു. മാത്രമല്ല മധുവനത്തിൽ ചെന്ന് എല്ലാ തരത്തിലുള്ള ഫലമൂലാദിൾ കൊണ്ടും ജലം, കറുക, തുളസി എന്നിവയെ ക്കൊണ്ടും ഏകാഗ്രചിത്തനായി ഭഗവാനെ ഭജിച്ചു. ഓരോ ദിവസവും തപസ്സിന്റെ ശക്തി കൂടി കൂടി വന്നു. ഒൻപത് ദിവസം കൂടുമ്പോൾ ജലം മാത്രമായി ധൂവന്റെ ഭക്ഷണം. കാലക്രമത്തിൽ പ്രാണനെയും, അതിന്റെ മാർഗങ്ങളെയും നിരോധിച്ച് ഭഗവാനെ ധ്യാനിച്ചു. ഒടുവിൽ അഞ്ചു വയസ്സു മാത്രം പ്രായമുള്ള ആ ബാലന് ഭഗവാൻ ഗരുഡരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഭഗവാനെ നമസ്കരിച്ച ധൂവനെ തന്റെ ശംഖം കൊണ്ട് ഒന്ന് തലോടി അനുഗ്രഹിച്ചു. ധ്രൂവൻ തിരിച്ചു വന്നതറിഞ്ഞ മകനെ ഗാഢമായി പുണർന്നു. സുനീതി പ്രിയപുത്രനെ സ്നേഹപൂർവ്വം വാത്സല്യത്തോടെ ആശ്ലേഷിച്ചു. മകനെ അച്ഛൻ ചക്രവർത്തിയായി അഭിഷേകം ചെയ്തു.

**ചേരും പടി ചേർക്കുക**

| | |
|---|---|
| ബാലി | - സുഗ്രീവ സഹോദരൻ |
| മഹാബലി | - പ്രഹ്ലാദപൗത്രൻ |
| മാതലി | - ഇന്ദ്രന്റെ തേരാളി |
| ചന്ദ്രമൗലി | - ശിവന്റെ മറ്റൊരു പേര് |
| കലി | - പാപത്തിന്റെ ദേവൻ |
| കുശസ്തലി | - ദ്വാരകാപുരിയുടെ പ്രാചീന നാമം |
| മൈഥിലി | - സീതയുടെ മറ്റൊരു പേര് |
| വിദ്ധ്യാവലി | - മഹാബലിയുടെ പത്നി |

## നായർ സ്ത്രീസമാജത്തിന്റെ മെയ്മാസ പരിപാടികൾ

| തീയതി | പരിപാടി | | സമയം |
|---|---|---|---|
| 13.5.16 | സെയിൽ | സമാജം ഹാളിൽ | 9.30 Pm to 6.30 Pm |
| 14.5.16 | സെയിൽ | | |

മെയ് 16 മുതൽ 22 വരെ ബ്രഹ്മശ്രീ ഇളങ്കുന്നപ്പുഴ ദാമോദരശർമ്മ ആചാര്യനായി ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം സമാജം ഹാളിൽ

# ദേവീസാന്നിദ്ധ്യം

ഡോ: രാജേശ്വരി കുഞ്ഞമ്മ

ഭാരതീയചിന്ത വേദങ്ങളിലൂടെ, ഉപനിഷത്തുകളിലൂടെ, പുരാണങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നത് മനുഷ്യന്റെ ജീവിതവിജയത്തിനു വേണ്ടുന്നത് മൂല്യങ്ങളും സ്വാശ്രയ ബോധവുമാണെന്നാണ്. ഭഗവത്ഗീതയിൽ പറയുന്നു, നീ തന്നെ നിന്നെ ഉദ്ധരിക്കൂ, സ്വയം അധഃപതിക്കാതിരിക്കൂ. നിന്റെ ബന്ധു നീ തന്നെയാണ്, നിന്റെ ശത്രുവും നീ തന്നെ. പരിശ്രമവും കഠിനാധ്വാനവും തപസ്സും കൊണ്ടു മാത്രമേ ആഗ്രഹനിവൃത്തി സാധിക്കുകയുള്ളൂ. ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ വായിലേക്ക് മൃഗങ്ങൾ ഓടിക്കയറുകയില്ലല്ലോ. ഇത്തരം ചിന്താശക്തി എവിടെ നിന്നു തുടങ്ങണം. എവിടെ നിന്നു പഠിക്കണം. മനസ്സിനെ മലിനമാക്കുന്ന കാമക്രോധചിന്തകൾ മാറ്റി മനസ്സിനെ അത്യുജ്ജ്വലമായ ആത്മാവിഷ്കാരത്തിലേക്കുയർത്താൻ ഭാരതീയ സംസ്കാരം നമുക്കു തരുന്ന ഉജ്ജ്വലമായ ചിന്താധാരയാണ് മാതൃഭക്തി. അമ്മയെ ആരാധിക്കുകയെന്നത് പ്രപഞ്ചത്തിന്റെ നിലനിൽപിന്നാധാരമാണ്. അതാണ് ദേവീപൂജയിൽ അധിഷ്ഠിതമായ വിശ്വാസത്തിലൂന്നിയ ചിന്ത.

ഭൗതിക ലോകത്തിലുള്ള എല്ലാ സുഖങ്ങളുടേയും പ്രേരകശക്തിയായി മാറാനും കഴിയും എന്നുള്ളതാണ്.

ഭാരതത്തിൽ ഓരോ ദേശത്തും ശക്തി ദേവതയെ ഓരോ പേരിൽ ആരാധിച്ചു പോരുന്നു. ദേവിയെ ആരാധിക്കുമ്പോൾ പ്രകൃതിയേയാണ് ആരാധിക്കുന്നത്. ദേവിയുടെ മറ്റൊരു പേരാണ് ശക്തി. ശക്തിയില്ലാതെ ശിവനില്ല, ശിവനില്ലാതെ ശക്തിയില്ല. പ്രകൃതി തന്നെയാണ് ശക്തി. ദേവി യഥാർത്ഥത്തിൽ ഊർജ്ജമാണ്. ആത്യന്തികമായ സത്യമാണ് ദേവി. വൈഷ്ണവയിസം, ശൈവയിസം പോലെ ശക്തിയിസം എന്നൊരു ചിന്താഗതി പുരാതനകാലത്ത് രൂപപ്പെട്ടിരുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും ശുദ്ധിക്ക് ദേവീസാന്നിധ്യം ആവശ്യമായി കരുതിപ്പോന്നിരുന്നു. ലോകചരിത്രത്തിൽ മറ്റൊരു വിശ്വാസപ്രമാണങ്ങളിലും ഇത്രയും ശക്തമായ ഒരു ദേവീസങ്കൽപം ഇല്ലായെന്നു തന്നെ പറയാം. ഈ ദേവീവിശ്വാസം പുരുഷ മേധാവിത്വത്തോടോ, പുരുഷദൈവികവിശ്വാസങ്ങളോടോ എതിരല്ല. ശ്രീമദ് ശങ്കരാചാര്യരുടെ വാക്കുകളിലൂടെ സഞ്ചരിക്കുമ്പോൾ മനസ്സിലാകുന്നത്, ശിവൻ ശക്തിയോടു ചേർന്നാൽ ഊർജ്ജത്തിന്റെ പ്രഭാവം ഉണ്ടാകും ആരാധിക്കുന്നത്. സരസ്വതിയായാലും ലക്ഷ്മിയായാലും കാളിയായാലും ദുർഗ്ഗയായാലും എല്ലാം ആ പരമസത്യത്തിലാണ് വസിക്കുന്നത്. വിദ്യയും അവിദ്യയും, സുഖവും ദുഃഖവും എല്ലാം ആ ശക്തിസ്വരൂപിണിയുടെ വിവിധ ഭാവങ്ങളാണ്. അജ്ഞാനാന്ധകാരത്തിൽ നിന്നും മുക്തിനേടി പരമാനന്ദം ലഭിക്കുവാൻ ദേവീപൂജ അത്യാവശ്യം തന്നെയാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും ആഫ്രിക്ക, ആസ്ത്രേലിയ, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ കാളീപൂജാ മന്ദിരങ്ങൾ ഉണ്ട്.

ജ്ഞാനദേവതയായ സരസ്വതി ബ്രഹ്മാവിനെ സൃഷ്ടികർമ്മത്തിലും. ഐശ്വര്യദേവതയായ ലക്ഷ്മി മഹാവിഷ്ണുവിനെ ലോകപരിപാലനത്തിനും, ദുർഗ്ഗാദേവിയായി മഹേശ്വരനെ ലോകശിക്ഷണത്തിനും സഹായിക്കുന്നതും ഒരേ ശക്തിയാണ്. പാലിന്റെ നിറം വെളുപ്പാണ്. ഒന്നിനെ മറ്റൊന്നിൽ നിന്നും വേർതിരിക്കാൻ കഴിയില്ല. ഒന്നിനെ സ്വീകരിച്ചാൽ മറ്റതിനേയും സ്വീകരിക്കണം. കാളി ബ്രഹ്മമാണ്, ബ്രഹ്മം കാളിയും. നിശ്ചലാവസ്ഥയിൽ ബ്രഹ്മം, ചലനാവസ്ഥയിൽ കാളി. അസുരന്മാരെ വിജയിച്ച ദേവന്മാരുടെ അഹങ്കാരം ശമിപ്പിക്കുന്നതിനായി ഇന്ദ്രന്റെ മുൻപിൽ ബ്രഹ്മം പ്രത്യക്ഷപ്പെടുന്നത് പരാശക്തി രൂപത്തിലാണ്. ഹൈമവതിയായ ഉമയുടെ രൂപത്തിൽ വന്നാണ് ഇന്ദ്രൻ തത്ത്വോപദേശം കൊടുക്കുന്നത്. ശാസ്ത്രം പറയുന്നത്, ദേവിയെ പുരുഷരൂപത്തിലോ സ്ത്രീരൂപത്തിലോ അല്ലെങ്കിൽ സച്ചിദാനന്ദരൂപമായ രൂപരഹിത ഭാവത്തിലോ ധ്യാനിക്കാം എന്നാണ്. സർവ്വേശ്വരനും സർവ്വേ ശ്വരിയും ഒന്നാകുന്നു.

ശിവനും ശക്തിയും. പ്രപഞ്ച രൂപത്തിൽ ശക്തി വ്യക്തമാക്കുന്നതു കൊണ്ട് അവ്യക്തരൂപമായ ശിവനെ നമുക്ക് അറിയാൻ കഴിയുന്നു. ഒ

രു പാമ്പ് ചുരുണ്ടുകൂടി ചലനമില്ലാതെ കിടന്നാലും പാമ്പ് പാമ്പുതന്നെയാണ്. ദേവി, വിഷ്ണു, ശിവൻ ഇവയെല്ലാം ഒന്നുതന്നെയാണ്. പരബ്രഹ്മോപാസന ദേവീപൂജയിൽകൂടി നിർവ്വഹിക്കണം.

മാതൃത്വം മനുഷ്യസമൂഹത്തിന്റെ ഉൽകൃഷ്ടവും ഉദാത്തവുമായ ഭാവമാണ്. മാതൃഭാവത്തിൽ സർവ്വേശ്വരനെ പൂജിക്കുക, നാമെല്ലാം ആ അമ്മയുടെ മക്കളാണെന്നു ധരിക്കുക. പിന്നെന്തു പേടിക്കാൻ. ഇതാണ് ദേവീപൂജയുടെ ലക്ഷ്യം. ദേവിയെ മാതൃഭാവത്തിൽ പൂജിച്ച് മാതാവിന്റെ സംരക്ഷണയിൽ ഒരു കുട്ടിയെപ്പോലെ ജീവിതം നയിക്കുവാൻ കഴിയുമെന്ന് പ്രത്യക്ഷത്തിൽ കാണിച്ചുതന്നത് ശ്രീരാമകൃഷ്ണപരമഹംസരാണ്. അമ്മയുടെ മുൻപിൽ നിരുപാധികം ആത്മസമർപ്പണം ചെയ്ത് ശാന്തി ലഭിച്ച മഹാത്മാവ് .

ദേവാസുരയുദ്ധം മനുഷ്യരുടെ മനസ്സിൽ നടക്കുന്ന ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടത്തിന്റെ പ്രതീകമാണ്. ഇതുതന്നെയാണ് ദാരികവധത്തിൽ കൂടി കാണുന്നതും. തമോഗുണങ്ങളെ നശിപ്പിച്ച് സത്വഗുണപ്രധാനമായ വിജ്ഞാനത്തെ പ്രദാനം ചെയ്ത് മനുഷ്യാത്മാവിനെ സ്വതന്ത്രമാക്കുന്നു. നന്മയുടെയും തിന്മയുടെയും പോരാട്ടം. വിജയം വരിക്കുന്നവർക്ക് അഹങ്കാരം വർദ്ധിക്കും. അവർ അധഃപതനത്തിലേക്കു നീങ്ങും. തമോഗുണപ്രധാനമായ അസുരന്റെ പ്രവർത്തികളെയാണ് ദാരികൻ പ്രതിനിധാനം ചെയ്യുന്നത്. ഈ തമോഗുണത്തെ നശിപ്പിച്ച് സത്വഗുണം പ്രതിനിധാനം ചെയ്യുന്ന ശക്തിസ്വരൂപിണിയാണ് ദേവി. ദാരികന്റെ ഓരോ തുള്ളി രക്തത്തിൽനിന്നും ആയിരം അസുരന്മാർ വീതം ഉണ്ടാകുന്നു എന്നത് മനുഷ്യന് ഒരാശയിൽനിന്ന് ആയിരം ആശകൾ ഉടലെടുക്കുന്നുവെന്നുള്ളതിന്റെ തെളിവാണ്. ഇങ്ങനെ നാം ദുരാഗ്രഹിയായി തീരുന്നു. സ്ത്രീകളിൽനിന്ന് തനിക്ക് മരണ മുണ്ടാകില്ലായെന്നു പുച്ഛിച്ചു പറഞ്ഞ ദാരികൻ അത്തരം വരം വാങ്ങിയില്ല. ഇത് ആദിശക്തിയോടുള്ള ഒരു വെല്ലുവിളിയായിരുന്നു. അതിന്റെ ഫലം അവൻ അനുഭവിക്കുകയും ചെയ്തു. അസുരശക്തികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ദേവീപൂജയുടെ പ്രസക്തിയാണ് ദാരിക വധത്തിലൂടെ ഭദ്രികാളിമാഹാത്മ്യത്തിൽ പ്രതിപാദിക്കുന്നത്.

ആദ്ധ്യാത്മികാന്വേഷിക്ക് ഈശ്വരൻ കാന്തം പോലെയാണ്. ഹൃദയശുദ്ധിക്കനുസരിച്ച് ആകർഷണം. ചിലർ പറയും ഞാനെന്തു പ്രാർത്ഥിക്കുന്നു. എല്ലാ വ്രതങ്ങളും അനുഷ്ഠിക്കുന്നു. പക്ഷേ വേദന മാത്രം. മലിനമായ വസ്ത്രം സോപ്പിട്ടു കഴുകുമ്പോൾ ആദ്യം പുറത്തുവരുന്നത് അഴുക്കാണ്. ക്രമേണ തുണി വൃത്തിയാകും. ഇതുപോലെ സത്കർമ്മങ്ങൾ ചെയ്തു തുടങ്ങുമ്പോൾ ദുഷ്ചിന്ത പുറത്തുപോകും. ക്രമേണ ദുരിതം വിട്ടുപിരിയും.

ഭഗവാന്റെ ഇച്ഛയാൽ അവരോധിച്ച സ്ത്രീശക്തിയാണ് മായ. മായാരൂപിണിയാണ് പരാശക്തി. അവൾ പുരുഷന്റെ വിശ്വസ്തസഖിയും വീട്ടിലെ വിളക്കുമാണ്. മോശമായ കുട്ടികൾ കാണും, അവർ അമ്മയെ സ്നേഹിച്ചില്ലായെന്നും വരാം. എന്നാൽ ഒരമ്മയ്ക്കതിനു കഴിയില്ല. അവർ പരാശക്തിയാണ്. ഉഗ്രരൂപിണിയുമാണ്. അതേസമയം ദയാലുവുമാണ്. അതാതു സന്ദർഭങ്ങളിൽ വേണ്ട രൂപങ്ങൾ ധരിക്കുന്നുവെന്നു മാത്രം. നാം ഒന്നിനേയും നന്മയുടെ രൂപത്തിൽ മാത്രം കാണരുത്. നന്മയുടേയും തിന്മയുടേയും ഉറവിടം ഒന്നുതന്നെയായിരിക്കണം.

സാഹിത്യസർവ്വസ്വത്തിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്:

ആർക്കൂററമുണ്ടിങ്ങു കഷ്ടപ്പെടാൻ, മൂർത്തമാം മൃത്യുവേ കെട്ടിപ്പുണരുവാൻ

സംഹാരനൃത്തത്തിൽ നൃത്തം ചവിട്ടുവാ, നമ്മട്ടുകാരങ്കലെത്തുന്നിതംബിക

യോഗമായാരൂപത്തിൽ വന്നു മധുകൈട ഭടന്മാരെ വധിക്കാൻ മഹാവിഷ്ണുവിനെ സഹായിച്ചു. ആ ദേവി പിന്നീട് മഹിഷാസുരനെ വധിച്ചു. ജഗന്മോഹിയായ ഈ ദേവിതന്നെയാണ് നിങ്ങളുടെ മനസിനെ വ്യാമോഹിപ്പിച്ച് സംസാരത്തിലേക്ക് വലിച്ചിഴക്കുന്നത്. ശോകമോഹങ്ങളിൽനിന്നും രക്ഷപ്പെടാൻ ദേവീപൂജ തന്നെ അഭികാമ്യം.

അന്നപൂർണ്ണയായി നമ്മിൽ പ്രത്യക്ഷപ്പെടുന്നതും ഈ പരാശക്തിതന്നെയാണ് - പാർവ്വതി ദേവിയുടെ വേറൊരു മൂർത്തിമദ്ഭാവം. പരമശിവനും ദേവിയുമായുള്ള സംഭാഷണത്തിൽ ശിവൻ പറഞ്ഞു, ഈ ലോകം ഒരു ഭ്രമം മാത്രമാണ്, അതിന്റെ ഒരു ഭാഗം മാത്രമാണ് വിശപ്പ്. ഇതു കേട്ടപ്പോൾ ദേവിക്കിഷ്ടമായില്ല. ദേവി അവിടെനിന്നും അപ്രത്യക്ഷയായി. ലോകത്തിൽ പ്രശ്നം കൂടി. വിശപ്പിനൊന്നും തന്നെയില്ല. ഇ

തു കണ്ട ദേവിക്കു സങ്കടമായി. ദേവി കാശിയിൽ പ്രത്യക്ഷപ്പെട്ട് ഒരു പുതിയ അടുക്കളയും സ്ഥാപിച്ചുവെന്നും പരമശിവൻ പ്രത്യക്ഷപ്പെട്ട് ഒരു പാത്രം നൽകുകയും ദേവിയെ അനുഗ്രഹിച്ച് അന്നപൂർണ്ണദേവിയായി തീരുകയും ചെയ്തു. ഏതു പ്രതികൂല സാഹചര്യങ്ങളിലും പ്രതികൂല വ്യക്തികളിലൂടെയും ഒത്തൊരുമയോടെ പ്രവർത്തിച്ച് ലോകത്തിനു കാണിച്ചുതരികയാണ് കൈലാസനാഥനും പരാശക്തിയും ചെയ്യുന്നത്. ദേവി സഞ്ചരിക്കുന്നത് സിംഹത്തിന്റെ പുറത്ത്, ഭഗവാനു കാള, സുബ്രഹ്മണ്യനു മയിൽ, ഗണപതിക്ക് എലി, ഭഗവാൻ കഴുത്തിലണിഞ്ഞിരിക്കുന്നതു സർപ്പം, ഇവർ സഞ്ചരിക്കുന്ന സ്ഥലം മഞ്ഞുറഞ്ഞ കൈലാസം. ഇത് മനുഷ്യന് ഒരു പാഠമായി കരുതേണ്ടതാണ്.

സരസ്വതിദേവി വിജ്ഞാനത്തിന്റെ നിറ കുടമാണ്. നവരാത്രി കഴിഞ്ഞ് ദശമിയോടു കൂടി അവസാനിക്കുന്ന ചടങ്ങിൽ ദേവിയെ സങ്കൽപ്പിച്ച് പ്രത്യേക പൂജകൾ നടത്തി വരുന്നു. ചില സ്ഥലങ്ങളിൽ ചെറിയ പെൺകുട്ടികളെ ദേവിയുടെ പ്രതിനിധിയായി സങ്കൽപിച്ച് പൂജിക്കുന്നു. ആദ്യത്തെ മൂന്നു ദിവസം ദുർഗ്ഗയായും ശക്തിയായും, പിന്നത്തെ മൂന്നു ദിവസം ലക്ഷ്മിയായും, അവസാന മൂന്നു ദിവസം സരസ്വതി ദേവിയായും സങ്കൽപ്പം. വിജയദശമി ദിവസം ഹരിയേയും ലക്ഷ്മിയേയും ഗണപതിയേയും സ്മരിച്ച് വിദ്യാരംഭം നടത്തുന്നു.

തിരുവാതിര യഥാർത്ഥ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ഒരാഘോഷമാണ്. ശിവനെ ഭർത്താവായി ലഭിക്കാൻ പാർവ്വതി തപസ്സനുഷ്ടിച്ചു. ധ്യാനത്തിലിരുന്ന ശിവനെ ആകർഷിക്കാൻ കാമദേവന്റെ സഹായം തേടി. ഇതു മനസ്സിലാക്കിയ ശിവൻ കാമദേവനെ നശിപ്പിച്ചു. കാമദേവന്റെ ഭാര്യയായ രതി ഭർത്താവിനെ വീണ്ടു കിട്ടാൻ പ്രർത്ഥിച്ചു. ശിവാനുഗ്രഹം നേടി ഭർത്താവിനെ വീണ്ടെടുത്തു. സ്നേഹം പ്രേമവും കരുണയും ആത്മാർപ്പണവും ത്യാഗവും ഒക്കെ കൂടി ചേർന്ന ഒരനുഭവമാണ്. അത് വെറും കാമമല്ല. തിരുവാതിര ഒരു ഉത്സവമാണ്. സൗന്ദര്യത്തിന്റെയും അർപ്പണബോധത്തിന്റെയും കൂടിചേരൽ. നല്ല ഭർത്താവിനെ ലഭിക്കുന്നതിനും സുഗമമായ ദാമ്പത്യബന്ധത്തിനും വേണ്ടി ആഘോഷിക്കുന്ന ഈ ഉത്സവം ഇന്നത്തെ തലമുറക്കറിയേണ്ട ഒന്നാണ്. മകയിരം നാളെട്ടങ്ങാടി കുളത്തിൽ തുടിച്ചുകുളി, നൂറ്റെട്ടു വെറ്റില വെച്ചു മുറുക്ക് തുടങ്ങിയ ചടങ്ങുകൾ ദീർഘമംഗല്യത്തിനും നല്ല ഭർത്താവിനെ ലഭിക്കുവാനും സഹായിക്കുമെന്നാണ് വിശ്വാസം. തിരുവാതിര ദിവസം ശിവന്റെ പിറന്നാളാണെന്നും ഒരഭിപ്രായമുണ്ട്.

ഇനി പുരാണത്തിലേക്കു കടന്നാലോ, രാമായണത്തിലെ സീത, ഊർമ്മിള തുടങ്ങിയ ദേവി പ്രാധാന്യമുള്ള കഥാപാത്രങ്ങൾ. സീതാദേവി ആർഷഭാരതത്തിന്റെ പ്രതീകമാണെന്നു പറയപ്പെടുന്നു. നാം സീതയെപ്പോലെയാകണം എന്നില്ല., രാജ്യാധികാരം ഒന്നുമില്ലാതെ വനവാസത്തിനു പോയ ശ്രീരാമനെ ശുശ്രൂഷിക്കുന്ന ഭാര്യ, രാവണന്റെ കൊട്ടാരത്തിൽ സുഖ സമൃദ്ധിയുടെ പ്രലോഭനങ്ങൾക്കടിമപ്പെടാത്ത വ്യക്തിത്വം, അതിനുശേഷം ഗർഭിണിയായ സീതാദേവിയെ ഉപേക്ഷിച്ചപ്പോൾ ഭാര്യയിൽ നിന്നും അമ്മയിലേക്കു വന്ന മാറ്റം, കുട്ടികളെ വളർത്താൻ വേണ്ടി അനുഭവിക്കേണ്ടിവന്ന കഷ്ടതകൾ, ഈ കഷ്ടതയിലും പിതാവിന്റെ ഗുണങ്ങൾ ലവനേയും കുശനേയും പഠിപ്പിച്ചതും തുടങ്ങിയ ചില ചിന്താശകലങ്ങൾ വരും തലമുറക്ക് അനുകരണീയങ്ങളാണ്. ശ്രീരാമന് കാട്ടിലേക്കു പോകേണ്ടി വന്നപ്പോൾ നിങ്ങൾ പോയി പതിന്നാലു വർഷം കഴിഞ്ഞു വരുന്നതുവരെ ഞാനെന്റെ അഛന്റെ അടുത്തു നിൽക്കാമെന്നു പറഞ്ഞില്ല. പണത്തിന്റെയും പ്രതാപത്തിന്റെയും പിറകേ പായുന്ന ഇന്നത്തെ തലമുറക്ക് അനുകരിക്കാൻ പറ്റുന്ന വ്യക്തിത്വമാണ് സീതാദേവിയെന്ന പുരാണ കഥാപാത്രം. അതുപോലെ തന്നെ സഹോദരനോടും സഹോദരപത്നിയോടും കൂടി പോകാൻ യാതൊരു മടിയും കൂടാതെ ലക്ഷ്മണനെ അനുവദിച്ച ഊർമ്മിള, മറ്റൊരു സ്ത്രിക്കുവേണ്ടി വാദിച്ച മണ്ഡോദരി ഇങ്ങനെ ഇന്നത്തെ തലമുറക്ക് അനുകരിക്കാനും ധാരാളം കഥാപാത്രങ്ങളെ രാമായണത്തിൽ കാണാം.

മഹാഭാരതത്തിലാണെങ്കിലോ, ധൃതരാഷ്ട്രരുടെ വിവാഹം നടന്നപ്പോൾ മുതൽ ഭർതൃസ്നേഹത്താൽ അന്ധയായിതീർന്ന ഗാന്ധാരി ഒരു കാര്യം മറന്നു. നൂറ്റൊന്നു മക്കളുടെ കാര്യം. മഹാഭാരതയുദ്ധത്തിന്റെ മൂലം ചൂതു സഭയിലല്ല തുടങ്ങിയത്. മറിച്ച്, ഗാന്ധാരി ശീലകൊണ്ടു കണ്ണുകെട്ടി തന്റെ കുഞ്ഞുങ്ങളെ നേർവഴിക്കു നടത്താതിരുന്നപ്പോഴാണ്. തിരക്കുപിടിച്ച ജീവിത

ത്തിൽ ഒന്നിനും സമയമില്ലയെന്നും വാ കീറിയവൻ ഇരയും തരും എന്നുള്ള പ്രമാണത്തിൽ മുന്നോട്ടു പോകുന്ന ഇന്നത്തെ ജനതക്ക് ഒരു പാഠം തന്നെയാണ്. പതിനേഴു ദിവസം യുദ്ധം പിന്നിട്ടപ്പോൾ ഗാന്ധാരിക്ക് ബോധോദയം ഉണ്ടായി. ഇതുവരെ ഉണ്ടാക്കിയെടുത്ത തപശക്തി ഒരു കുട്ടിയെ എങ്കിലും ജീവിപ്പിക്കുവാൻ സാധിക്കുമോ എന്ന്. പക്ഷേ, സ്വയം ചിന്തിക്കുവാനുള്ള കഴിവ് ആ കുട്ടിക്ക് ചെറുപ്പത്തിൽ കൊടുക്കുവാൻ കഴിഞ്ഞില്ല. ഫലമോ, പ്രലോഭനത്തിന് അടിമയായി ജീവിതം നരകതുല്യമാവുകയും ചെയ്തു.

ഇങ്ങനെ പട്ടികകൾ നീളുകയാണ്. മാർക്കണ്ഡേയ പുരാണവും ദേവീമാഹാത്മ്യവും ഉപനിഷാദി ചിന്തകളും ആചാര്യരുടെ സൗന്ദര്യലഹരിയും രാമായണം,മഹാഭാരതം, ഭാഗവതം തുട ങ്ങിയ എല്ലാ പുരാണഗ്രന്ഥങ്ങളും ദേവീസാന്നി ദ്ധ്യവും മാനുഷികമൂല്യങ്ങളും മനുഷ്യനു വേണ്ട പ്രായോഗിക ബുദ്ധിയും സവിസ്തരം പ്രതിപാദിക്കുന്നു. ●

# ഭൂമിക്കായി മരങ്ങൾ

**ഡോ. ജി. മധു**
പ്രിൻസിപ്പാൾ സ്കൂൾ ഓഫ് എഞ്ചിനിയറിംങ്
കൊച്ചിൻ യൂണിവേഴ്സിറ്റി

ഏപ്രിൽ 22 ലോകഭൗമദിനമാണ്. ഭൂമിക്കായി മരങ്ങൾ (Trees for the Earth) എന്നതാണ് ഇത്തവണത്തെ ഭൗമദിന സന്ദേശം. അനു ദിനം നശിച്ചു കൊണ്ടിരിക്കുന്ന ഭൂമിക്ക് പുതുജീവനേകാൻ മരങ്ങൾക്കേ കഴിയൂ എന്നതാണ് ഈ ദിനം നമ്മോട് പറയുന്നത്.

US സെനറ്റർ ആയിരുന്ന Gaylord Nelson ആണ് ഭൗമദിനാചരണത്തിന്റെ ഉപജ്ഞാതാവ്. കാലിഫോർണിയായിലെ സാന്റാ ബാർബറയിൽ 1969 ൽ ഉണ്ടായ എണ്ണ ചോർച്ച (Oil Spill) വരുത്തി വെച്ച ഭീകരമായ പ്രത്യാഘാതങ്ങൾ കണ്ട് മനം നൊന്താണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ഇത് 47-ാമത്തെ ഭൗമദിനമാണ്. 7.8 ബില്യൺ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന ബൃഹത്തായ ഒരു സംരംഭത്തിലാണ് ഭൗമദിന പ്രസ്ഥാനം ഏർപ്പെട്ടിരിക്കുന്നത്.

എന്താണ് മരങ്ങൾക്ക് പരിസ്ഥിതിയിലുള്ള പ്രാധാന്യം? എന്തെല്ലാം ധർമ്മങ്ങളാണ് മരങ്ങൾ അനുഷ്ഠിക്കുന്നത്. ?

ഒന്നാമതായി കാലാവസ്ഥാ (Climate Change) മാറ്റത്തെ പ്രതിരോധിക്കുന്നതിൽ വൃക്ഷങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ഒരു കാർ 26,000 മൈൽ ഓടുമ്പോൾ പുറത്തു വിടുന്ന $CO_2$ ആഗിരണം ചെയ്യാൻ ഒരു ഏക്കറിലുള്ള വളർച്ചയെത്തിയ മരങ്ങൾക്ക് ഒരു വർഷത്തിൽ കഴിയും.

കാലാവസ്ഥ വ്യതിയാനം നേരിടാനുള്ള COP-പാരീസ് ഉടമ്പടി ലോകരാഷ്ട്രത്തിൽ ഒപ്പു വെക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഈ ഭൗമദിനത്തിൽ തുടങ്ങുകയാണ്. $CO_2$ പോലെയുള്ള വാതകങ്ങളുടെ അന്തരീക്ഷത്തിലെ അളവ് കുറച്ചേ മതിയാകൂ.

പല തരത്തിലുള്ള ദുഷിച്ച ഗന്ധങ്ങളെയും മലിനീകരണമുണ്ടാക്കുന്ന നൈട്രജൻ ഓക്സൈഡ്, അമോണിയ, സൾഫർഡൈ ഓക്സൈഡ്, ഓസോൺ തുടങ്ങിയ വാതകങ്ങളെ ആഗിരണം ചെയ്യാൻ വൃക്ഷങ്ങൾ വളരെ ഫലപ്രദമാണ്. അങ്ങനെ അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ ഫിൽറ്റർ ചെയ്ത് നീക്കാൻ വൃക്ഷങ്ങളുടെ തായ്തടിക്കും ഇലകൾക്കും കഴിയും.

ഒരു പ്രദേശത്തെ ജനസഞ്ചയത്തിന് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരത (Sustainability) പ്രദാനം ദീർഘകാലാടിസ്ഥാനത്തിൽ മരങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ട്. അതുപോലെ തന്നെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷണവും, ഊർജ്ജവും, വരുമാനവും മരത്തിൽ നിന്ന് ലഭിക്കും. നമ്മുടെ കേരവൃക്ഷത്തെ കല്പവൃക്ഷമായി കണക്കാക്കുന്നത് അതുകൊണ്ടാണ്.

ഭൗമദിനത്തിന്റെ സന്ദേശം ഉൾക്കൊണ്ട് കഴിയുന്നത്ര മരങ്ങൾ വച്ചു പിടിപ്പിച്ച് പരിപാലിക്കാം.

# നാവാമുകുന്ദനും മാമാങ്കവും



ഇന്ദിരാഭായി



കേരളത്തിൽ നിളാ നദിയെന്നറിയപ്പെ ടുന്ന ഭാരതപ്പുഴയുടെ തീര ത്ത് പന്ത്രണ്ടു വർഷ ത്തിലൊരിക്കൽ നടത്ത പ്പെട്ടിരുന്ന ഒരു പ്രാചീ ന നദീതീര ഉത്സവമാ യിരുന്നു മാമാങ്കം. മാ ഘമാസത്തിലെ മകം നാളിലാണ് ഈ ഉത്സ വം അരങ്ങേറിയിരുന്ന ത്. മഹാമാഘം എന്ന പേരിലും മാമാങ്കം അറിയപ്പെട്ടിരുന്നു. കേരള ത്തിൽ നമ്പൂതിരി ബ്രാഹ്മണരുടെ ആധിപത്യം വളർന്നു വന്ന കാലഘട്ടങ്ങളിൽ നമ്പൂതിരി പ്ര മുഖൻമാർ പന്ത്രണ്ടു വർഷത്തിലൊരിക്കൽ യോ ഗം ചേർന്ന് മതപരവും സാമൂഹികവുമായ പല തീരുമാനങ്ങളും എടുക്കാറുണ്ടായിരുന്നു. പന്തീ രാണ്ടു സഭ എന്ന പേരിലറിയപ്പെട്ടിരുന്ന ഈ സമ്മേളനം കാലക്രമേണ രാഷ്ട്രീയ തീരുമാനങ്ങ ളെ സ്വാധിനിക്കുവാൻ തുടങ്ങി. പെരുമാൾ കാ ലഘട്ടത്തിൽ പന്തീരാണ്ടുസഭ അധികാരഘടന യുടെ ഭാഗമായി വികസിപ്പിക്കുകയും രാജാവി നോടു കൂറു പ്രഖ്യാപിക്കുകയും സഭയിൽ ബ്രാ ഹ്മണ മുഖ്യൻമാർക്കൊപ്പം നാടുവാഴികളും വാ ണിജ്യ പ്രതിനിധികളും പങ്കെടുക്കുകയും ചെയ് തു. ഭരണാധികാരികളുടെ നേതൃത്വത്തിൽ ഈ സഭായോഗം ഒരാഘോഷമായും ഭരണമേധാവി ത്വത്തിന്റെ പ്രകടനമായും പരിണമിച്ചതായി ക രുതുന്നു. മകരമാസത്തിലെ കറുത്തവാവിനും കും ഭമാസത്തിലെ കറുത്തവാവിനും ഇടയിലുള്ള മ കം നാളിലാണ് ഭാരതപ്പുഴയുടെതീരത്ത് തിരു നാവായിൽ വച്ച് മാമാങ്ക മഹോത്സവം അരങ്ങേ റിയിരുന്നത്. ആ ദിവസങ്ങളിൽ ഭാരതപ്പുഴയിൽ ഗംഗയിലെ വിശുദ്ധജലം വന്നെത്തുമെന്ന വിശ്വാ സവും ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു.

പെരുമാൾ ഭരണകാല ത്ത് മാമാങ്കാഘോഷ ത്തിന്റെ രക്ഷാപുരു ഷസ്ഥാനം മഹോദയ പുരത്തെ രാജാവും പെരുമാൾ

ഭരണത്തകർച്ചയ് ക്കുശേഷം വള്ളുവാ നാട്ടെ നാടുവാഴിയായ വള്ളുവക്കോനാതിരി യുമാണ് വഹിച്ചിരുന്ന ത്. മാമാങ്കോത്സവ ത്തിന്റെ രക്ഷാപുരുഷസ്ഥാനം വലിയ അംഗീകാ രവും ബഹുമതിയുമായിട്ടാണ് അക്കാലത്ത് കേ രളത്തിലെ നാടുവാഴികൾ കണ്ടിരുന്നത്. വിദേ ശവ്യാപാരത്തിലൂടെ സമ്പന്നനായ കോഴിക്കോ ടു സാമൂതിരി അധികാരമേധാവിത്വം അയൽ പ്ര ദേശങ്ങളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടിരുന്ന കാ ലമായിരുന്നു അത്. സാമൂതിരിയുടെ പടയാളി കൾ വള്ളുവക്കോനാതിരിയിൽ നിന്നും തിരിനാ വായ ആക്രമിച്ചു കീഴടക്കി, മാമാങ്കോത്സവത്തി ന്റെ രക്ഷാപുരുഷസ്ഥാനത്തു നില്ക്കുവാനുള്ള അവകാശം കൈപ്പിടിയിലാക്കി. കേരളത്തിലെ പ്രബലനായ ഭരണാധികാരി എന്ന ബഹുമതി യും സാമൂതിരിക്കു ലഭിച്ചു. സാമൂതിരി തിരുനാ വായ പിടിച്ചടക്കി മാമാങ്കോത്സവത്തിന്റെ രക്ഷാ പുരുഷസ്ഥാനം നേടിയതോടു കൂടി മാമാങ്കം അ ധികാരത്തിന്റെ മത്സരവേദിയായി മാറി. വള്ളുവ നാടു നാടുവാഴിയും അദ്ദേഹത്തിന്റെ പടയാളി കളും സാമൂതിരിയുടെ അതിക്രമത്തെ അംഗീക രിക്കാൻ തയ്യാറായില്ല. അങ്ങനെ മാമാങ്ക മഹോ ത്സവം ഭീകരമായ രക്തച്ചൊരിച്ചിലിന്റെ വേദിയാ യി മാറുകയും ചെയ്തു. മാമാങ്കത്തിന്റെ രക്ഷാ പുരുഷനായ രാജാവ് സൈന്യസമേതനായി നി ലപാടു തറയിൽ നില്ക്കുന്നതിനെ പെരുന്നില എന്നാണ് അറിയപ്പെട്ടിരുന്നത്. സാമൂതിരിയു

ടെ നേതൃത്വ ത്തിൽ നടന്ന മാമാങ്കോത്സവങ്ങളിൽ ശക്തമായ സൈന്യത്തിന്റെ അകമ്പടിയോടുകൂടി കേരള ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടുകൊണ്ട് മാമാങ്കത്തിന്റെ രക്ഷാപുരുഷനായ രാജാവ് നിലപാടുതറയെന്നറിയപ്പെടുന്ന തറയിൽ പെരുന്നില നില്ക്കുമ്പോൾ അദ്ദേഹത്തെ അംഗികരിക്കാത്ത വള്ളുവക്കോനാതിരിയുടെ ഒരു കൂട്ടം പടയാളികൾ സർവ്വശക്തിയോടും കൂടി യുദ്ധം ചെയ്ത് വീരചരമം പ്രാപിക്കുന്നു. മരണം നിശ്ചയമാണെന്നറിഞ്ഞിട്ടും ഒരനുഷ്ഠാനം പോലെ പോരാടിയിരുന്ന ചാവേർ പടയാളികൾ എന്നറിയപ്പെട്ടിരുന്ന പടയാളികൾ മാമാങ്കോത്സവത്തിന് പുതിയ മാനം നല്കി.  മാമാങ്കത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ചാവേർ പടയാളികളുടെ ആത്മഹത്യാപരമായ യുദ്ധങ്ങളായിരുന്നു. നാടുവാഴിയെ സഹായിക്കുന്ന ഒരു പ്രത്യേക സൈനിക വിഭാഗമാണ് ചാവേറ്റുപട എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. വിജയികളായി തിരിച്ചു വരുക അല്ലെങ്കിൽ പടക്കളത്തിൽ മരിച്ചു വീഴുക ഇതായിരുന്നു ചാവേറുകളുടെ പ്രത്യേകത. മാമാങ്കത്തിൽ പൊരുതി മരിക്കുന്ന വള്ളുവക്കോനാതിരിയുടെ ചാവേർ സംഘമായിരുന്നു ഏറ്റവും പ്രസിദ്ധമായ ചാവേർ പട. ഒരേറ്റുമുട്ടലിൽ ഒരാൾ മരിച്ചാൽ മരിച്ചയാളിന്റെ ബന്ധുക്കൾ കൊലചെയ്തവനോടും അവന്റെ ബന്ധുക്കളോടും കുടുംബാംഗങ്ങളോടും തലമുറകളോളം പുലർത്തുന്ന പകയാണ് കുടിപ്പക. കുടിപ്പക  നിലനിർത്തിയിരുന്ന കുടംബങ്ങളിൽ നിന്നുമാണ് ആദ്യത്തെ ചാവേർപട രൂപം കൊണ്ടത് എന്നു വിശ്വസിക്കുന്നു. മാമാങ്കത്തോടനുബന്ധിച്ച് ആയുധാഭ്യാസപ്രകടനങ്ങളും വ്യാപാരങ്ങളും നടന്നിട്ടുള്ളതായും മൈസൂർ ആക്രമണങ്ങളോടുകൂടി മാമാങ്കാഘോഷങ്ങൾ അവസാനിച്ചതായും ചരിത്രരേഖകളിൽ കാണുന്നു. മരണത്തെ പുച്ഛത്തോടെ നോക്കിയിരുന്ന മദ്ധ്യകേരളത്തിലെ ചാവേർ പടയാളികൾ സമൂഹത്തിലെ ധീരതയുടെ പ്രതീകങ്ങളായി മാറുകയാണുണ്ടായത്. മാമാങ്കമഹോത്സവം രാജാക്കന്മാർക്ക് വീക്ഷിക്കുവാനും വിജയികളായി തിരിച്ചെത്തുന്ന രാജാക്കൻമാർക്ക് ആയുധങ്ങൾ വെയ്ക്കാനുമായിട്ടാണ് പഴുക്കാമണ്ഡപം പണി കഴിച്ചത്. വിജയികൾ ആയുധങ്ങൾ പഴുക്കാമണ്ഡപത്തിൽ വച്ച ശേഷമാണ് നാവാമുകുന്ദനെ തൊഴുത് അനുഗ്രഹം വാങ്ങുന്നത്. മാമാങ്കത്തിൽ മുറിവേൽക്കുന്ന പടയാളികളെ ചികിത്സിക്കുവാൻ കർണ്ണാടകയിൽ നിന്നും കൊണ്ടു വന്ന ഗുരുക്കൻമാരെ കുടിയിരുത്തിയ ചങ്ങംപള്ളി കളരിയും ചികിത്സക്കായി പ്രത്യേകം മരുന്നറയും തിരുനാവായയിൽ ഉണ്ടായിരുന്നു. ഉറ്റവരുടെ ആശീർവാദവും വാങ്ങി ധീരതയോടെ മരണത്തിലേക്കു നടന്നുപോയ വീരയോദ്ധാക്കളുടെ മായാത്ത ഓർമ്മകളുമായി തിരുനാവായയിലെ ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്ത് പുഴയോടു ചേർന്ന് അതിമനോഹരമായി ചെങ്കല്ലിൽ പടുത്തുയർത്തിയ പഴുക്കാമണ്ഡപം ഇന്നും കാണാവുന്നതാണ്. എന്നാൽ നിലപാടു തറ ഇന്നു കാണാനില്ല. നമ്മുടെ പല ചരിത്രസ്മാരകങ്ങളും നഷ്ടപ്പെട്ടതുപോലെ ഇതും അന്യാധീനപ്പെട്ടു. ഇന്ന് നിലപാടു തറ ഏതോ സ്വകാര്യ വ്യവസായസ്ഥാപനവളപ്പിലാണെന്നു പറയപ്പെടുന്നു. ചരിത്രപ്രസിദ്ധമായ ഇത്രയും വലിയ സംഭവങ്ങൾ നടന്നിരുന്നത് ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിലെ നാവാമുകുന്ദക്ഷേത്ര  പരിസരങ്ങളിലായിരുന്നു.

പിതൃകർമ്മങ്ങൾക്ക് വളരെയേറെ പ്രാധാന്യമർഹിക്കുന്ന നാവാമുകുന്ദക്ഷേത്രത്തിന് അയ്യായിരത്തിലേറെ വർഷങ്ങളുടെ പഴക്കമുണ്ടെന്നു വിശ്വസിക്കുന്നു. തിരുനാവായിലെ നാവാമുകുന്ദക്ഷേത്രത്തിന്റെ പേരിനെപ്പറ്റിയും മുകുന്ദപ്രതിഷ്ഠയെപ്പറ്റിയും മഹാലക്ഷ്മി പ്രതിഷ്ഠയുടെ പ്രത്യേകതയെപ്പറ്റിയും പിതൃതർപ്പണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വഴിപാടുകളെക്കുറിച്ചും പല ഐതിഹ്യങ്ങളുണ്ട്. കിഴക്കോട്ടു ദർശനമായിട്ടാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചതുരുകൃതിയിലുള്ള ചെമ്പുമേഞ്ഞ ശ്രീകോവിലിൽ ശംഖ്ചക്ര പഗദാത്മ ധാരിയായ ലക്ഷ്മീസമേതനായ മഹാവിഷ്ണുവിനെയാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. മഹാലക്ഷ്മിയോടു കൂടിയുള്ള വിഷ്ണുക്ഷേത്രം കേരളത്തിൽ അപൂർവ്വമാണ്. ഗർഭഗൃഹത്തിനു ചുറ്റും ഒരു പ്രദക്ഷിണപഥവും മുഖമണ്ഡപത്തിനു പുറത്ത് സോപാനവും പ്രധാനവാതിലിനു പുറത്ത് ഇരുവശവും കരിങ്കല്ലിൽ തീർത്ത ദ്വാരപാലകരേയും കാണാം. രണ്ടു നിലകളിലായിട്ടാണ് ഇവിടുത്തെ ശ്രീകോവിൽ പണിതിരിക്കുന്നത്. ഒന്നാം നിലയിൽ പിൻവശത്തായി ഒരു അടഞ്ഞനടയും നടയ്ക്കു മുമ്പിൽ ഒരു നന്ദികേശവിഗ്രഹവുമുണ്ട്. ഈ നന്ദികേശവിഗ്രഹത്തിന്റെ കാതിൽ ഭക്തർ അവരുടെ ആഗ്രഹം പറഞ്ഞാൽ സഫലമാകുമെന്നു വിശ്വസി

ക്കുന്നു. നാവാമുകുന്ദവിഗ്രഹത്തിന് കരിനീലനിറമാണ്. ഉപദേവനായി ഗണപതിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഗണപതിക്ക് ഒറ്റയപ്പവും മഹാലക്ഷ്മിക്ക് കടുംപായസവും പാൽപായസവുമാണ് പ്രധാന വഴിപാട്. ഇവിടുത്തെ ലക്ഷ്മീനാരായണപൂജ വളരെ വിശേഷപ്പെട്ടതായി കരുതുന്നു. മഹാലക്ഷ്മി വിഗ്രഹം ഒരു കൈകൊണ്ടു കൊടുക്കുകയും മറുകൈകൊണ്ടു തടുക്കുകയും ചെയ്യുന്ന രൂപത്തിലാണ്. തിരുനാവായയിലെ ദേശവാസികൾക്ക് മഹാലക്ഷ്മി രണ്ടു കൈകൊണ്ടും അനുഗ്രഹം കൊടുത്തിരുന്ന കാലം ശങ്കരാചാര്യർ ദർശനത്തിനായി വന്നു. നവയോഗ്യവര്യൻമാരിൽ എട്ടുപേരാൽ പ്രതിഷ്ഠിച്ചതും ഭൂമിയിലേക്ക് താണു പോയതുമായ സാളഗ്രാമങ്ങൾ ഈ മണ്ണിലെവിടെയൊക്കെയെന്നറിയാത്തതിനാൽ അവയുടെ മുകളിൽ ചവിട്ടാതിരിക്കുവാൻ വേണ്ടി ശങ്കരാചാര്യർ മുട്ടിലിഴഞ്ഞാണ് വന്നത്. ഇതു കണ്ടുനിന്നവർ അദ്ദേഹത്തെ വാലില്ലാപശും എന്നു വിളിച്ചു പരിഹസിച്ചു. ഈ പരിഹാസം ദേവിക്ക് തീരെ ഇഷ്ടപ്പെട്ടില്ല. സർവ്വഐശ്വര്യവും ചൊരിഞ്ഞ് ദേവി രണ്ടു കൈകൊണ്ടും കൊടുത്തപ്പോൾ അവർക്കുണ്ടായ അഹങ്കാരം മൂലമല്ലേ അങ്ങനെ പ്രവർത്തിച്ചത്, അതുകൊണ്ട് അന്നു മുതൽ ഇരുകരങ്ങളാലും ഐശ്വര്യം നൽകിയിരുന്ന ദേവിയുടെ വലതുകരം താഴ്ത്തി ധനലക്ഷ്മി പ്രഭാവം കുറച്ച് ഒരു കൈകൊണ്ട് കൊടുക്കുകയും മറുകൈ കൊണ്ടു തടുക്കുകയും ചെയ്തു എന്നാണ് ഇവിടുത്തെ മഹാലക്ഷ്മി വിഗ്രഹത്തെപ്പറ്റിയുള്ള ഐതിഹ്യം

അയോദ്ധ്യാരാജ്യം ഭരിച്ചിരുന്ന ഋഷഭൻ എന്ന രാജാവിന്റെയും പത്നി ജയന്തിയുടെയും മക്കളായ കവി, ഹരി, അന്തരീക്ഷൻ, പ്രബുദ്ധൻ, പിപ്പിലായനൻ, ആവിർഹോത്രൻ, ഭൂവിളൻ, ചമസൻ, കരഭോജനൻ എന്നീ ഒമ്പതു പേർ വളരെയധികം അറിവും പാണ്ഡിത്യവുമുള്ളവരായിരുന്നു. നവയോഗികൾ എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. സഹോദരങ്ങളായ നവ യോഗിവര്യൻമാർക്ക് അവരുടെ തപസ്സിന്റെ ഫലമായി ലഭിച്ച സാളഗ്രാമങ്ങൾ പ്രതിഷ്ഠിക്കുവാൻ ഉത്തമമായ സ്ഥലം അന്വേഷിച്ചു നടന്നു. നിളാനദിക്കരയിൽ വിഷ്ണു സാന്നിദ്ധ്യം കണ്ട് സാളഗ്രാമം അവിടെ പ്രതിഷ്ഠിച്ചു. എന്നാൽ അവയൊന്നും അവിടെ ഉറച്ചില്ല. ഭൂമിയിലേക്ക് താഴ്ന്നു പോയി. ഏറ്റവും ഇളയ സഹോദരനും സാളഗ്രാമവുമായി നിളാ തീരത്തെത്തി. നിളയിൽ സ്നാനം ചെയ്ത് കരയിൽ വന്ന് ധ്യാനത്തിലായ അദ്ദേഹത്തിന് സഹോദരൻമാർ സാളഗ്രാമം പ്രതിഷ്ഠിച്ചതായും അവയെല്ലാം ഭൂമിയിലേക്ക് താഴ്ന്നു പോയതായും അങ്ങനെ താഴ്ന്നു പോയതിന്റെ കാരണവും മനസ്സിലായി. പിന്നീട് അദ്ദേഹം പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കവേ ഈ പ്രതിഷ്ഠ ഇവിടെ ഉറയ്ക്കുകയാണെങ്കിൽ നിത്യവും താമരപൂവുകൊണ്ട് അർച്ചനയും നെയ്വിളക്കുകൊണ്ട് ദീപവും പാൽപായസം കൊണ്ട് നിവേദ്യവും മുടങ്ങാതെ നടത്തിക്കൊള്ളാം എന്ന് ആ മുനിവര്യൻ പ്രാർത്ഥിച്ചു. പ്രതിഷ്ഠ അവിടെ ഉറച്ചു. അദ്ദേഹം നെയ്വിളക്കു തെളിയിച്ചു. താമരപ്പൂവുകൊണ്ട് അർച്ചനയും നടത്തി. പാൽപായസവും നിവേദിച്ചു. ഒമ്പതു യോഗിമാരാൽ പ്രതിഷ്ഠിച്ച ക്ഷേത്രത്തിന് തിരിനാവായ എന്ന പേരും കിട്ടി. മഹാവിഷ്ണു സാന്നിദ്ധ്യമുള്ള മണ്ണിലുറച്ച ഒമ്പതാമത്തെ മുകുന്ദ വിഗ്രഹമായതിനാൽ നവമുകുന്ദനായി പിന്നീട് നാവാമുകുന്ദനുമായി എന്നാണ് ഐതിഹ്യം.

പരശുരാമൻ സഹ്യാദ്രിയിൽ മുടങ്ങിപ്പോയ യാഗം വീണ്ടും നടത്തണമെന്നാഗ്രഹിക്കുകയും യാഗം നടത്തികൊടുക്കുവാൻ ബ്രഹ്മർഷികൾ ബ്രഹ്മാവിനോടപേക്ഷിക്കുകയും ചെയ്തു. അപേക്ഷ പ്രകാരം ശ്രീ പരമേശ്വരനും പരിവാരങ്ങളും ബ്രഹ്മദേവനൊപ്പം യാഗശാലയ്ക്കടുത്തും മഹാവിഷ്ണുവും പരിവാരങ്ങളും നിളയുടെ വടക്കേകരയിലും താമസിച്ചു യാഗം നടത്തി. യാഗഭൂമിയിൽ ദേവൻമാർ പണിത ക്ഷേത്രമാണ് നിളാ തീരത്തെ ബ്രഹ്മക്ഷേത്രം. അനേകം താപസൻമാർ തപസ്സനുഷ്ഠിച്ച ആ ദേശം തപസ്സന്നൂർ ആവുകയും പിന്നീട് തവനൂർ ആയി എന്നും വിശ്വസിക്കുന്നു. പരമശിവനും പരിവാരങ്ങളും തങ്ങിയ സ്ഥലത്ത് ശിവ ക്ഷേത്രവും മഹാവിഷ്ണുവും പരിവാരങ്ങളും തങ്ങിയ നിളയുടെ വടക്കേകരയിൽ നാവാമുകുന്ദക്ഷേത്രവും പണിതു. അങ്ങനെ ബ്രഹ്മവിഷ്ണു മഹേശ്വരസംഗമസ്ഥലം എന്ന പ്രത്യേകതയും തിരുനാവായ്ക്കുണ്ട്. തിരുനാവായയിലെ തൃമൂർത്തികൾക്കു ദർശിക്കാനായി സ്ഥാപിക്കപ്പെട്ടിരുന്ന ക്ഷേത്രവിളക്ക് കെട്ടുപോകാതിരിക്കാൻ ചെങ്കല്ലുവെട്ടി ഒന്നരയാൾ ഉയരത്തിൽ തച്ചുശാസ്ത്രവിധിപ്രകാരം പെരുന്തച്ചൻ സ്ഥാപിച്ച കുത്തു കല്ല് ഇന്നും കാണാവുന്നതാണ്.

ക്ഷത്രിയനിഗ്രഹം നടത്തിയ പരശുരാമൻ കാലാന്തരത്തിൽ പശ്ചാത്താപ വിവശനായി യാഗം നടത്താൻ തിരുമാനിച്ചു. യാഗത്തിൽ പങ്കെടുക്കുവാൻ ഗായത്രീദേവിയേയും സരസ്വതി ദേവിയേയും ക്ഷണിച്ചു. സരസ്വതി ദേവി വന്നില്ല. ബ്രഹ്മാവിന്റെ അടുത്തിരിക്കുന്ന ഗായത്രിദേവിയെ കണ്ട് സരസ്വതി ദേവിയ്ക്ക് കോപം വന്നു. കോപാകുലരായ ദേവിമാർ പരസ്പരം ശപിച്ച് നദിയായി മാറി സമുദ്രത്തിലേക്ക് ഒഴുകി. ഇതു കണ്ട് ലക്ഷ്മിയും പാർവ്വതിയും ശചിയും നദിയായി അവർക്കൊപ്പം ഒഴുകി. ഈ നദിയാണ് നിളാനദിയെന്നറിയപ്പെടുന്ന ഭാരതപ്പുഴ. തപശ്ശക്തി വീണ്ടെടുക്കുവാൻ വേണ്ടി പരശുരാമൻ വീണ്ടും തപസ്സു തുടങ്ങി. സ്വന്തം കൈകൊണ്ടു കൊലചെയ്യപ്പെട്ടവരുടെ ആത്മാക്കൾ കാരണം അദ്ദേഹത്തിന് ഏകാഗ്രത ലഭിച്ചില്ല. പരിഹാരമായി അദ്ദേഹം വ്രതശുദ്ധിയോടെ കർക്കിടകവാവു ദിവസം ആത്മാക്കൾക്കു വേണ്ടി ബലിതർപ്പണം നടത്തി. അന്നു മുതലാണ് നിളാനദിക്കരയിലെ ബലിതർപ്പണകർമ്മങ്ങൾക്ക് പ്രാധാന്യമുണ്ടായത് എന്നു വിശ്വസിക്കുന്നു. ബ്രഹ്മവിഷ്ണു മഹേശ്വരൻമാരുടെയും സംഗമസ്ഥലമായ നിളാനദീതീരത്ത് പിതൃകർമ്മങ്ങൾ ചെയ്യുന്നത് മോക്ഷദായകമാണെന്നും വിശ്വസിക്കുന്നു.

തിരുനാവായയിലെ പ്രതിഷ്ഠാദിനം മീനമാസത്തിലെ മകയിരം നാളിലാണ്. പ്രതിഷ്ഠാദിനം ഇവിടുത്തെ പ്രധാന വിശേഷ ദിവസമാണ്. നിറപുത്തിരി, ഏകാദശി, കുചേല ദിനം, തിരുവോണം, നവരാത്രി പൂജ എന്നിവയാണ് മറ്റു വിശേഷദിവസങ്ങൾ. മേടസംക്രമദിവസം ദീപാരാധനക്കുശേഷം കൊടിയേറി പത്താം ദിവസം ആറാട്ടോടെ സമാപിക്കുന്ന രിതിയിലാണ് ഇവിടുത്തെ ഉത്സവം. ആറാട്ടു ദിവസത്തെ പള്ളിക്കുറുപ്പുണർത്തൽ പ്രഭാതത്തിൽ പശുക്കുട്ടിയുടെ ദർശനത്തോടെയാണ് നടത്തുന്നത്. പള്ളിവേട്ട കഴിഞ്ഞ് രാത്രി വൈകിയെത്തുന്ന ഭഗവാനെ വാതിൽ മാടത്തിൽ എഴുന്നള്ളിക്കുന്നു. ഇവിടെ നവധാന്യങ്ങളുടെ മുളകൊണ്ടാണ് ഭഗവാന് ശയ്യ ഒരുക്കുന്നത്. പിറ്റേ ദിവസം രാവിലെ ഈ മുള പ്രസാദം ഭക്തർക്ക് വിതരണം ചെയ്യും. ഈ പ്രസാദം ഉദരരോഗങ്ങൾക്ക് സിദ്ധൗഷധമാണെന്നും രോഗശമനമുണ്ടാകുമെന്നും വിശ്വസിക്കുന്നു.

നിളാനദീ തീരത്തെ മണൽ തരികൾ ചാവേറുകളുടെ രക്തം കൊണ്ടു നനഞ്ഞതിന്റെയും നിളയിലൂടെ നിണമൊഴുകിയതിന്റെയും കഥകൾ മാറിമാറി വരുന്ന തലമുറകളെ ഓർമ്മപ്പെടുത്തുവാനായി ഇന്നും ഇവിടെ അവശേഷിക്കുന്നു. തിരുനാവായയിലെ നാവാമുകുന്ദക്ഷേത്ര സന്നിധിയിലെത്തിയാൽ മാമാങ്കവും നിലപാടുതറയും പഴുക്കാമണ്ഡപവും ചാവേറുകളും പിതൃക്കളുടെ ഓർമ്മയോടൊപ്പം മനസ്സിലെത്തുമ്പോൾ അറിയാതെ ഇവിടുത്തെ മണൽപ്പുറത്തേക്ക് ആരും ഒരു നിമിഷം നോക്കി നിന്നു പോകും.

നാവാമുകുന്ദാ ഭഗവാൻ ഹരെമുരുരേ
നവതൃപ്പാദങ്ങളഖിലം കൈതൊഴുന്നേൻ
തിരുന്നാവായവാഴും ശ്രീ നാനാമുകുന്ദാ
തിരുദർശനമേകണേ ഹരേമുരാരേ! ●

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2016 മെയ് ജൂൺ മാസങ്ങളിലെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 19.5.16 | | ജി.ആർ. നായർ | പുരാണങ്ങളിലെ നിഗൂഢ തത്വങ്ങൾ | 869 |
| 26.5.16 | ടി. ഗംഗാധരൻ | ടി.എൻ.ടി. നായർ | മലയാളഭാഷയുടെ അതിജീവന സാദ്ധ്യതകൾ | 870 |
| 2.6.16 | ശ്രീവല്ലഭൻ നായർ | പി. ജയരാമൻ | യാത്രാവിവരണം | 871 |
| 9.6.16 | | ഡോ. കെ. ഹരിഹരൻ | വിദ്യാഭ്യാസവും വിജ്ഞാനവും | 872 |

# സോറിയാസിസ്
# (PSORIASIS)



ഡോ. പാർവ്വതി കെ. എസ്

നമ്മുടെ നാട്ടിൽ സാധാരണ കണ്ടു വരുന്ന ഒരു അസുഖമാണ് സോറിയാസിസ്. കൈ മുട്ടുകൾ, കാൽമുട്ടുകൾ, മുതുകിന്റെ കീഴ്ഭാഗം, നാഭി എന്നിവിടങ്ങളിലാണ് രോഗ ലക്ഷണങ്ങൾ സാധാരണയായി കണ്ടു വരുന്നത്. ചിലരിൽ തലയിലും ലക്ഷണങ്ങൾ കണ്ടെന്നു വരാം.

വെളുത്ത ചെതുമ്പലോടു കൂടി വൃത്താകൃതിയിൽ ചെറിയ തടിപ്പോടു കൂടിയ അടയാളങ്ങളാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഈ ചെതുമ്പലുകൾ വലിയ ശ്രമം കൂടാതെ തന്നെ ഇളക്കാവുന്ന വിധത്തിലുള്ളതായിരിക്കും. അങ്ങനെ ഇളക്കുമ്പോൾ രക്തം വരികയാണെങ്കിൽ സോറിയാസിസായി തീർച്ചപ്പെടുത്താൻ കഴിയും. കൂടാതെ രോഗലക്ഷണങ്ങൾ വ്യക്തമായി കാണാനില്ലാത്ത തൊലിപ്പുറത്ത് പോറലോ മറ്റോ ഉണ്ടായാൽ ആ സ്ഥാനങ്ങളിലും ഈ രോഗത്തിന്റെ ലക്ഷണങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്.

ഈ രോഗത്തിന്റെ തുടക്കത്തിൽ മേൽ വിവരിച്ച രീതിയിലുള്ള പാടുകൾ വളരെ ചെറുതായിട്ടാണ് തുടങ്ങുന്നതെങ്കിലും ക്രമേണ ഓരോ പാടും വലുതാവുകയോ പല പാടുകൾ ഒരുമിച്ചു ചേർന്ന് വലിയ പാടുകൾ ഉണ്ടാവുകയോ ചെയ്യും. അങ്ങനെ ശരീരത്തിൽ ചില ഭാഗങ്ങളിൽ ഒതുങ്ങി നിൽക്കേണ്ട രോഗലക്ഷണങ്ങൾ ശരീരത്തിന്റെ പല ഭാഗങ്ങളിലും പ്രതിഫലിക്കുകയോ ചില അവസരങ്ങളിൽ ശരീരം മുഴുവനും ബാധിക്കുകയോ ചെയ്യാം. ചൊറിച്ചിലാണ് പ്രധാന ലക്ഷണം. ത്വക്കിൽ ചൊറിച്ചിലിനൊപ്പം ചെതുമ്പലു പോലെ പൊടി കാണപ്പെടുന്നു.

തൊലിപ്പുറത്തു കാണുന്ന ലക്ഷണങ്ങളെക്കൂടാതെ ചില പ്രത്യേകതകൾ സന്ധികളിലോ നഖങ്ങളിലോ കാണാറുണ്ട്. ഇങ്ങനെയുണ്ടാകുന്ന അവസരങ്ങളിൽ സന്ധികളിൽ വീക്കവും വേദനയും അനുഭവപ്പെടുന്നു. തൊലിപ്പുറത്തുണ്ടാകുന്ന പ്രത്യേകതകളോടനുബന്ധിച്ചാണ് സന്ധികളിലെ മാറ്റങ്ങൾ സംഭവിക്കുന്നതെങ്കിലും ചിലപ്പോൾ പ്രത്യേക ചികിത്സയൊന്നും കൂടാതെ തന്നെ സന്ധികളിലെ അസ്വസ്ഥത മാറിയെന്നു വരാം.

നഖങ്ങളെയും ഇത് ബാധിക്കാറുണ്ട്. നഖങ്ങളുടെ നിറംമാറ്റം നഖത്തിൽ കുത്തുകൾ വീഴുക, നഖം കട്ടിയാകുക, നഖങ്ങളുടെ അഗ്രഭാഗങ്ങളുടെ അടിവശം കട്ടിപിടിച്ച് സാധാരണ നിലയിൽ നിന്നും നഖം പൊങ്ങി വരികയും ചെയ്യാം. കൂടുതെ നഖം മുഴുവനും നഷ്ടപ്പെടുവാനും സാധ്യതയുണ്ട്.

ഹോമിയോപ്പതിയിൽ സോറിയാസിസിന് ഫലപ്രദമായ ചികിത്സ ലഭ്യമാണ്. തുടക്കത്തിൽ തന്നെ ചികിത്സ തുടങ്ങുന്നതാണ് ഉത്തമം.

## വിശേഷദിവസങ്ങൾ
### 2016 മെയ് 15 മുതൽ ജൂൺ 14 വരെ

| | | |
|---|---|---|
| മെയ് | 20 | നരസംഹ ജയന്തി |
| | 21 | ബുദ്ധ പൂർണിമ |
| ജൂൺ | 5 | ലോകപരിസ്ഥിതിദിനം, വൈശാഖമാസാവസാനം |
| | 14 | ശബരിമലപ്രതിഷ്ഠാദിനം, ലോക രക്തദാന ദിനം |

# തിരുവാതിരയും കളിയും

രാധാ ദമോദരൻ

ഇന്നലെകളിൽ, കേരളത്തിന്റെ വനിതാ ദിനമായിരുന്നു തിരുവാതിരനാൾ. ആർദ്രാവ്രതവും ആർദ്രാജാഗരണവുമൊക്കെയായി സ്ത്രീ ജനങ്ങൾക്ക് തിരക്കോടു തിരക്ക്. പുരുഷൻമാർ കാണികൾ മാത്രം. കുറച്ചു കാലം മുമ്പ് വരെ ആർദ്രാജാഗരണം ആചരിച്ചിരുന്ന രീതിയെക്കുറിച്ച് ചിന്തിക്കാം.

നൂറ്റാണ്ടുകൾക്ക് മുമ്പൊന്നുമല്ല ഇരുപതാം നൂറ്റാണ്ടിൽ തന്നെ ഏതു ഗ്രാമത്തിലായാലും പട്ടണത്തിലായാലും പ്രമാണപ്പെട്ട ചില ഭവനങ്ങളുണ്ടാകും. ചുറ്റുവട്ടത്തുള്ള ഗൃഹങ്ങളിലെ സ്ത്രീകൾ നാലുകെട്ടും എട്ടുകെട്ടും മറ്റുമുള്ള അത്തരം ഗൃഹങ്ങളിലായിരിക്കും ഉറക്കമിളക്കാൻ ചെല്ലുക. അവിടെ വരുന്നവരെയൊക്കെ കണക്കാക്കി എട്ടങ്ങാടി നിവേദ്യവും വെറ്റിലമുറുക്കാനും ഒരുക്കിയിട്ടുണ്ടാകും. സ്ത്രീജനങ്ങൾ എണ്ണത്തിൽ കൂടുതലാണെങ്കിൽ നാലുകെട്ടിൽ നിന്ന് കളിക്കാൻ ബുദ്ധിമുട്ടാകും. അപ്പോൾ മുറ്റത്തേക്കിറങ്ങും വായക്കുരവ ഇട്ടശേഷം കളിയാരംഭിക്കും. ചിട്ടവട്ടങ്ങൾ തിരുവാതിരക്കളിയെ ബന്ധിക്കുന്നില്ല. ഭക്തി, ആചാരങ്ങൾ പാലിക്കാനുള്ള നിഷ്ക്കർഷ ഇതൊക്കെയായിരുന്നു പ്രധാനം. നടന്ന് തുടങ്ങിയ പെൺകുട്ടി മുതൽ നടക്കാൻ വയ്യാതായിത്തുടങ്ങിയ മുത്തശ്ശി വരെ കളിയിൽ പങ്കെടുക്കും. ഒരേ പോലെയുള്ള വേഷവിധാനമൊന്നുമില്ല. അതു നടപ്പാകയുമില്ല. ഫ്രോക്കിട്ട കുട്ടികൾ, പാവാടക്കാർ, ബ്ലൗസും മുണ്ടും ധരിച്ചവർ മുണ്ടും ബ്ലൗസും പുറമെ ഒരു നേര്യത് കൂടി ചുറ്റിയവർ, തോർത്തോ മുണ്ടോ കൊണ്ട് മുലക്കച്ച കെട്ടിയ മുത്തശ്ശിമാർ, ഇവരൊക്കെ കളിക്കാനിറങ്ങും. വയ്യാത്തവർ കളി നിർത്തി കാണിയായിട്ട് കൂടും. എല്ലാവർക്കും പാട്ടും ചുവടും നല്ല നിശ്ചയമുണ്ടാകില്ല. നയിക്കുന്ന മിടുക്കികൾ പാടും, ചുവടു വയ്ക്കും. മറ്റുള്ളവർ ഏറ്റുപാടി, കൈകൊട്ടി താളം പിടിച്ചു കൊണ്ട് വട്ടത്തിൽ നടക്കും. അങ്ങനെയുള്ളവർ ബുദ്ധിമുട്ടാതിരിക്കാൻ ചില സൂത്രങ്ങളുണ്ട് ഒരേ വരി തന്നെ ചെറിയ മാറ്റത്തോടെ ആവർത്തിക്കും.

ഒന്നാം കുന്നിൻമേൽ,
ഓരടി മണ്ണിൻമേൽ ഒന്നല്ലോ കന്യക
പാല നട്ടു

ഇതേ വരി തന്നെ രണ്ടാം കുന്നിൻമേൽ രണ്ടടി മണ്ണിൻമേൽ, എന്നു തുടങ്ങി പത്തു വരെ ഒരേ വിധത്തിൽ എണ്ണം മാത്രം ഒന്നു മുതൽ പത്തുവരെയാക്കി പാടും. പിന്നീട്

ഒന്നാകും ചിത്രക്കൊമ്പിൽ
പൂത്തുതളിർത്തൊരു പൂമലരി
പൂ പറിക്കെടി, ചിന്തെടി പാടെടി
പൂ പറിക്കുന്ന നങ്ങപ്പെണ്ണേ

ഇതു പത്തു വരെ പോകുന്ന പാട്ടാണ്. സ്വയം വരം വരെ പാടാനറിയുന്ന മിടുക്കികളും ഉണ്ടായിരുന്നു. പഴയ കൊച്ചി രാജ്യക്കാരെക്കുറിച്ച് പറയുന്ന പക്ഷം അവർക്ക് വടക്കുന്നാഥനും ശ്രീ പാർവ്വതിയുമാണ് വണങ്ങേണ്ടുന്ന പ്രധാനപ്പെട്ട ആരാധനാമൂർത്തികൾ. പാതിരാപ്പൂ ചൂടുന്നതിന് മുമ്പായി രണ്ടു സെറ്റായി നിന്ന് തർക്കം തുടങ്ങും. ബാല്യകാലത്തെ രസകരമായ ഒരോർമ്മയാണിത്.

"തൃശ്ശൂർ മതിലകത്ത് ഒന്നല്ലോ പൂത്തിലഞ്ഞി ആയിലഞ്ഞിപ്പൂ പറിക്കാൻ പോരുന്നുണ്ടോ മങ്കമാരേ."

എന്ന് ഒരുകൂട്ടർ ചോദിക്കുന്നു

"ഞങ്ങൾ പോന്നാലോ മാതൃകുലം തീണ്ടുമല്ലോ" എന്ന് മറ്റവർ. ഇങ്ങനെ തർക്കം തുടർന്നു അവസാനം എല്ലാവരും യോജിച്ചു വായ്ക്കുരവയിട്ടുകൊണ്ട് പാതിരാപ്പൂ ചൂടുന്നു. പിന്നെ വെറ്റില മുറുക്കും. പിന്നേയും പാടും. അങ്ങനെ നേരം പുലർന്നാൽ തുടിച്ച് കുളിച്ച് ശിവക്ഷേത്രത്തിൽ പോയി ദർശനം ചെയ്ത ശേഷം കരിക്ക് തുളച്ച് കുടിച്ച് വ്രതം അവസാനിപ്പിക്കുന്നു.

തിരുവാതിരക്കളി ഒരു ക്ലാസിക്കൽ കലയല്ല. ക്ലാസ്സിക്കൽ കലകൾക്ക് നിയമങ്ങളുണ്ട്. മോഹിനിയാട്ടം, ഭരതനാട്യം തുടങ്ങിയ നൃത്ത രൂപങ്ങൾക്കും നിയമങ്ങളുണ്ട്, നൃത്തച്ചുവടുകൾക്കും ആടുന്ന രീതിക്കും പാട്ടിനും ചൊല്ലുകൾക്കും, ആഹാര്യത്തിന് പ്രത്യേകിച്ചും, കൃത്യമായ രീതികളുണ്ട്. അഭിവന്ദ്യകലാകാരിയായിരുന്ന കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ എഴുതിയ ഒരു ലേഖ

നം പണ്ടു വായിച്ച ഓർമ്മയുണ്ട്. ഭരതനാട്യ കലാകാരിയുടെ സീമന്ത രേഖയുടെ ഇരുവശത്തും പതിക്കുന്ന പതക്കങ്ങൾ സൂര്യനേയും, ചന്ദ്രനേയും ഉദ്ദേശിച്ചാണ്. ഇങ്ങനേയുള്ള യാതൊരു നിയമവും തിരുവാതിരകളിക്കില്ല. നല്ലപോലെ പാടിക്കളിക്കുന്ന ആരെങ്കിലുമൊക്കെ ഉണ്ടായിട്ടുണ്ടാവാം. ശക്തൻതമ്പുരാൻ തന്റെ നേത്യാരമ്മയെ കണ്ടത് ഇങ്ങനെയുള്ള ഒരു കളിയിൽ പങ്കെടുത്തിരിക്കുമ്പോഴാണെന്നു കേട്ടിട്ടുണ്ട്.

തിരുവാതിരപ്പാട്ട് പാടിക്കളിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ കയ്യിൽ നിന്നും എറണാകുളത്തിന് സമീപപ്രദേശത്ത് വസിച്ചിരുന്ന ഒരു മഹിള പട്ടും വളയും വാങ്ങിയിട്ടുണ്ടെന്നും കേട്ടിട്ടുണ്ട്. ഇതൊക്കെ ചില അപവാദങ്ങൾ മാത്രം.

തിരുവാതിരക്കളിയുടെ ശോഭ തീരെ മങ്ങിപ്പോയ കാലഘട്ടമുണ്ടായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നു പല കലാരൂപങ്ങളും വന്നു തുടങ്ങിയപ്പോൾ തിരുവാതിരനാളിൽ മാത്രമായി പാട്ടും കളിയും. ഇതിന് പ്രത്യേകിച്ചൊരു ആകർഷണം നാം GLAMOUR എന്നു പറയുമല്ലോ, ഉണ്ടായിരുന്നില്ല. ഇത് സത്യം മാത്രമാണ്.

യുവജനോത്സവങ്ങളാണ് ഈ കലയ്ക്ക് ഒരു പുതിയ ഉണർവ്വ് നല്കിയതെന്ന വാസ്തവം പറയാതെ വയ്യ. സ്കൂളിന് പോയിന്റ് നേടാനും പങ്കെടുത്ത കുട്ടികൾക്ക് ഗ്രേസ്മാർക്ക് തുടങ്ങിയ ആകർഷണങ്ങൾ നിമിത്തവും സ്കൂളധികൃതർ പഠിപ്പിക്കുവാൻ പറ്റിയ ഗുരുക്കൻമാരെ അന്വേഷിച്ചു നെട്ടോട്ടമായി. പത്തുമിനിറ്റ് നേരത്തേക്ക് ചിട്ടപ്പെടുത്തുന്ന ഈ കളിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഹൃദ്യമായ ചില സ്മരണകൾ ഉണ്ടാകുന്നു.

സ്വാതന്ത്രലബ്ധിക്കു മുമ്പുള്ള വിദ്യാഭ്യാസ സിലബസ്സിൽ, (പഴയ കൊച്ചി സംസ്ഥാനത്ത് പെൺപള്ളിക്കൂടങ്ങളിൽ ആഴ്ചയിൽ ഒരു പീരിയഡ് ഡ്രോയിങ്ങും ഒരു പീരിയഡ് പാട്ടും പതിവുണ്ടായിരുന്നു. എന്നാൽ ആഴ്ചയിൽ ഒരു പീരിയാഡ് കൈകൊട്ടിക്കളി പഠിപ്പിച്ചിരുന്ന ഒരു സ്കൂൾ തലസ്ഥാനനഗരിയിൽ ഉണ്ടായിരുന്നു. എറണാകുളം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളായിരുന്നു ആ സ്ഥാപനം. ഗവണ്മെന്റ് നിയമനത്തിൽ വന്ന അദ്ധ്യാപികയാണ് കൈകൊട്ടിക്കളി പഠിപ്പിച്ചിരുന്നത്. കൊച്ചു കുട്ടിയമ്മ എന്നായിരുന്നു പേര്. കലാമണ്ഡലത്തിൽ മുമ്പ് ജോലി ചെയ്തിരുന്ന ഒരു മാന്യദേഹമായിരുന്നു അവരുടെ ഭർത്താവ്. ടീച്ചർ അസ്സലായി പാടും. അതുവരെ ആരും കണ്ടിട്ടില്ലാത്ത ചടുലവും മനോഹരവുമായ ചുവടുകൾ. മൈക്കിന് ഇന്നത്തെ പോലെ ഉപയോഗം തുടങ്ങിയിട്ടില്ലാത്ത കാലം. താളത്തിന് ഹെഡ്മിസ്ട്രസ്സ് പ്യൂണിനേ വിളിക്കാനും മറ്റുമായി ഉപയോഗിക്കാറുള്ള ബെൽ. പാടിയിരുന്നത് നല്ല ഇമ്പമുള്ള പാട്ടുകൾ. സംഗീത നൈഷധം, നളചരിതം, ദക്ഷയാഗം, ദുര്യോധന വധം ഇവയിലെ പദങ്ങൾ. ദേവദൂത വിഫലം തേവൈം സേനേ സാമ്യമകന്നോരുദ്യാനം, യാമിയാമി ഭൈമീ, അംഗനേ, സന്താപമരുതരുതേ, തുടങ്ങിയ കൃതികൾ, വഞ്ചിപ്പാട്ടുകൾ ഇവയൊക്കെ ക്ലാസ്സുകളിൽ കേൾക്കാം. പതിഞ്ഞ വരികൾക്ക് വേഗത കുറഞ്ഞ ചുവടുകൾ, ദ്രുത ഗതിയിലുള്ള വരികൾക്ക് ചടുലമായ തകർപ്പൻ ചുവടുകൾ ഇവയൊക്കെ അവരുടെ വിദഗ്ധമായ ചിട്ടപ്പെടുത്തലുകളിൽ കാണാമായിരുന്നു. എറണാകുളം ഗേൾസ് ഹൈസ്കൂളിന്റെ കൈ കൊട്ടിക്കളി എന്നു പറയുന്നത് അന്നൊരു സംഭവം തന്നെയായിരുന്നു. അന്ന് പെൺപള്ളിക്കൂടങ്ങളിൽ മുന്തി നിന്നിരുന്നത് ഈ ഹൈസ്കൂൾ തന്നെയായിരുന്നു. ചില ഹിറ്റ് സിനിമകളിലെ പാട്ടുകൾക്ക് പെട്ടെന്ന് പ്രചാരം കിട്ടുന്നതുപോലെ കൊച്ചു കുട്ടിയമ്മ പാടുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന കൈകൊട്ടിക്കളിയുടെ രീതികൾക്ക് വലിയ പ്രചാരം കിട്ടിയതായിട്ടാണ് അറിവ്. ഇന്നത്തെ തിരുവാതിരക്കളി മത്സരങ്ങൾ കാണുമ്പോൾ ഇക്കാര്യങ്ങൾ ഓർമ്മയിൽ വന്നു. കൂടാതെ താഴ്ന്നു നിന്ന് കളിക്കാൻ പറയുമ്പോൾ ഇന്ന് മുട്ടുവളച്ച് കൂനി നില്ക്കുന്ന കാഴ്ചയും ടീച്ചറുടെ അദ്ധ്യാപനരീതിയിലെ കാർക്കശ്യത്തെ ഓർമ്മയിൽ കൊണ്ടുവരുന്നു. അരമണ്ഡലം നിർബന്ധമായിരുന്നു.

ഇതിനൊക്കെ കാരണക്കാരിയായ മഹതിയെ എങ്ങനെയാണ് മറക്കുക. ആ പഴയ കാലത്ത് ആദ്യനിയമനം തന്നെ ഹെഡ്മിസ്ട്രസ്സായി ലഭിക്കാൻ സാധിച്ച മൂന്ന് ഭാഗ്യവതികൾ പഴയ കൊച്ചിയിലുണ്ടായിരുന്നു. അതിലൊരാളായിരുന്നു ഈ ഹൈസ്കൂളിന്റെ തലപ്പത്തുണ്ടായിരുന്നത്. അഡ്വക്കേറ്റ് അരിയമ്പറമ്പത്ത് വേലായുധ മേനോന്റെ സഹധർമ്മിണി അമ്പാടി കാർത്ത്യായനിയമ്മയായിരുന്നു ആ മഹിള. സാഹിത്യം, സംഗീതം, നൃത്തം തുടങ്ങിയവയിൽ തൽപരയായിരുന്ന അവർക്ക് ഭരണതലത്തിലും ചില പിടിപാടു

കളുണ്ടായിരുന്നു എന്നൊക്കെ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് കൈകൊട്ടിക്കളിക്ക് ഒരദ്ധ്യാപികയുണ്ടായത്. കൈകൊട്ടിക്കളി പീരിയഡുകളിൽ ഹെഡ്മിസ്ട്രസ് റൗണ്ടിനു വന്ന് മിടുക്കുള്ള കളിക്കാരെ കണ്ടുവയ്ക്കും. എന്നിട്ട് കൊച്ചു കുട്ടിയമ്മയുമായി ആലോചിച്ച് പല ക്ലാസ്സുകളിൽ നിന്നുമായി നല്ലൊരു ടീമിനെ വാർത്തെടുക്കും. എന്തിനെന്നറിയണ്ടേ? യുവജനോത്സവം എന്നൊരു സങ്കൽപമേ ഇല്ലായിരുന്ന ആ പഴയ കാലത്ത് കൈകൊട്ടിക്കളിക്കും കോലാട്ടത്തിനുമായി ഒരു മിനി യുവജനോത്സവം എല്ലാക്കൊല്ലവും നടത്തിയിരുന്നു എന്ന് ഇന്ന് എത്ര പേർക്കറിയാം? കാർത്ത്യായിനിയമ്മയുടെ സ്വാധീനം കൊണ്ടും മറ്റു ചില സ്ഥലങ്ങളിലുള്ള പെൺപള്ളിക്കൂടങ്ങളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് എല്ലാക്കൊല്ലവും മത്സരങ്ങൾ നടത്തിയിരുന്നു. മാർക്കിടാൻ പുറമെ നിന്ന് ആൾക്കാർ വരും. കോലാട്ടം കലാവാസനയുള്ള അദ്ധ്യാപികമാരൊക്കെ കൂടിയാണ് പഠിപ്പിക്കാറുള്ളത്. ഏതെങ്കിലും ഹിറ്റ് സിനിമാപ്പാട്ടെടുക്കും. മുകളിൽ മേൽക്കട്ടിയുണ്ടാക്കി ചരടുകൾ പിടിച്ച് മാറിക്കളിക്കുന്ന രീതി ഗേൾസ് ഹൈസ്കൂളുകൾക്ക് പൂത്തരിയൊന്നുമായിരുന്നില്ല. അത് മത്സരത്തിന് എടുക്കാറില്ല എന്നു മാത്രം. ശ്രീരാമ രാമഹരേ, ജയസീതാഭി രാമാഹരേ എന്നായിരുന്നു കോലാട്ടത്തിന്റെ പാട്ടിന്റെ ആദ്യ വരി. എന്നും എറണാകുളം ഗേൾസിന് സമ്മാനം ലഭിക്കുന്നത് കണ്ട് വാശി തോന്നിയ ഒരു സ്കൂളിൽ ഒരു കൊല്ലം പ്രശസ്ത ഡാൻസറായിരുന്ന തൃപ്പൂണിത്തുറ മാധവ മേനോനെകൊണ്ട് ഒരു കോലാട്ടം നൃത്ത മാതൃകയിൽ പഠിപ്പിക്കയുണ്ടായി. മത്സരത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോറമുണ്ടായിരുന്നു. പന്ത്രണ്ടും പതിമൂന്നും വയസ്സായ കുട്ടികളെ മുണ്ടും സെറ്റ് ഉടുപ്പിച്ചു വിഷമിപ്പിച്ചിരുന്നില്ല. ഒരേ നിറവും ഡിസൈനുമുള്ള പാവാട ഒരേ നിറത്തിലുള്ള ബ്ലൗസ് ഇത്രയേ പതിവുള്ളു. ഇന്നത്തെ മത്സരങ്ങൾ കാണുമ്പോൾ കൊച്ചുകുട്ടിയമ്മ തുടങ്ങി വച്ച സമ്പ്രദായങ്ങൾ ഓർമ്മ വരുന്നു. ചില സമ്മർദ്ദങ്ങൾ കൊണ്ട് മട്ടാഞ്ചേരി ഗേൾസിലും ആഴ്ചയിലൊരുദിവസം കൊച്ചുകുട്ടിയമ്മ പോയിരുന്നു. അവർ പഠിപ്പിച്ചിരുന്ന ഒരു പാട്ടും മത്സരവേദികളിൽ സാധാരണ കളിച്ചു കാണാറില്ല. സുഭദ്രയുടേയും അർജ്ജുനന്റേയും സൽക്കഥ പറയുവാൻ കളമൊഴിമാർ മൗലിയായ ശുകതരുണിയോട് അപേക്ഷിക്കുന്ന പദം.

തിരുവാതിരയെക്കുറിച്ച് തുടക്കത്തിൽ എഴുതിയത് യുവജനോത്സവ വേദികളിൽ വരുന്ന മത്സരയിനമായ കളിയുടെ വ്യത്യസ്ത സ്വഭാവം എടുത്ത് കാണിക്കാനാണ്. തിരുവാതിരക്കളി എന്ന പേർ മത്സരങ്ങൾക്ക് ഉപയോഗിക്കുന്നത് അനുചിതമല്ലേ? കൈകൊട്ടിക്കളി എന്ന പേരല്ലേ ഉചിതം? ഗവൺമെന്റ് നിയമിച്ച അദ്ധ്യാപിക കൈകൊട്ടിക്കളി ടീച്ചർ എന്ന തസ്തികയിലാണ് ജോലിക്ക് വന്നത്, ആ പേരല്ലേ ഉചിതം. സ്കൂൾ വാർഷികങ്ങൾക്ക് നോട്ടീസുകളിൽ Malabar Folk Dance (കൈകൊട്ടിക്കളി) എന്നാണെഴുതാറ്. ആചാരാനുഷ്ഠാനങ്ങളോടെ ഉറക്കമിളക്കാൻ ആതിരരാത്രിയിൽ കളിക്കുന്ന കലാരൂപമാണ് തിരുവാതിരക്കളി. പത്തു മിനിറ്റ് നേരത്തേക്ക് ചിട്ടപ്പെടുത്തിയെടുക്കുന്ന കളി കൈകൊട്ടിക്കളിതന്നെ ആ പേരാണ് അനുയോജ്യം. ●

# അറിയിപ്പ്

## എറണാകുളം കരയോഗം 91-ാം വാർഷിക പൊതുയോഗം

എറണാകുളം കരയോഗത്തിന്റെ 91-ാമതു വാർഷിക പൊതുയോഗം കരയോഗം നിയമാവലി 35 (ii), (iii), (iv), (v), 36 (i ) എന്നീ വകുപ്പുകൾ പ്രകാരം **2016 ജൂൺ 26–ാം** തീയതി **(ഞായറാഴ്ച)** രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് നടത്തപ്പെടുന്നു. നിയമാവലി 15 ഉം അതിന്റെ ഉപവകുപ്പുകളും അനുസരിച്ച് ഈ വർഷം ജനറൽ സെക്രട്ടറി, ഒരു വൈസ് പ്രസിഡന്റ്, ഒരു സെക്രട്ടറി, ട്രഷറർ, രണ്ട് വനിതാ സംവരണം, നാല് ഭരണസമിതി അംഗങ്ങൾ ഉൾപ്പടെ പത്തു സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് വരണാധികാരിയുടെ ഔദ്യോഗിക അറിയിപ്പ് ജൂൺ മാസത്തിലെ സൗഹൃദത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കരയോഗത്തിലേയ്ക്ക് നിയമാവലി പ്രകാരം ജീവകാരുണ്യസ്ഥിരം ഫണ്ട് ഉൾപ്പടെ ഏതെങ്കിലും ഇനത്തിൽ കുടിശ്ശികകൾ വരുത്തിയിട്ടുള്ളവർ അവ യഥാസമയം അടയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

# ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും



ഡോ.എൻ. ഗോപിനാഥൻ നായർ

ക്ഷേത്രങ്ങൾഃ ക്ഷേത്രം എന്ന വാക്കിന് ക്ഷയത്തിൽ നിന്നും ത്രാണം ചെയ്യുന്നത് (നാശത്തിൽ നിന്നും രക്ഷിക്കുന്നത്) എന്ന അർത്ഥമാണ് ശ്രീ ശങ്കരൻ ഭഗവദ്ഗീതക്ക് എഴുതിയ ഭാഷ്യത്തിൽ പറയുന്നത്. കൂടാതെ വിളഭൂമിയിൽ നിന്നും വിളവെന്നപോലെ, ശരീരം മൂലം കർമ്മ ഫലങ്ങൾ ലഭിക്കുന്നതിനാൽ ശരീരവും ക്ഷേത്രമെന്ന പേരിൽ അറിയപ്പെടുന്നു എന്നും അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. ഈശ്വരനെ മൂർത്തി രൂപത്തിൽ ആരാധിക്കുന്ന ആലയങ്ങൾക്കാണ് (ദേവാലയങ്ങൾ) സാധാരണമായി ക്ഷേത്രം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

കുരു എന്ന രാജാവ് തപസ്സ് (കൃഷി) ചെയ്ത് പരശുരാമനാൽ രക്തപങ്കിലമാക്കപ്പെട്ട സമന്ത പഞ്ചകം (അഞ്ചു തടാകങ്ങൾ) എന്ന സ്ഥലം പരിശുദ്ധമാക്കിത്തീർത്തതിനാൽ ആ സ്ഥലത്തിന് കുരുക്ഷേത്രമെന്ന പേരുണ്ടായി. സ്ഥാനേശ്വരം (സ്ഥാണു തീർത്ഥം), ശ്രീകണ്ഠം, ബ്രഹ്മതീർത്ഥം, എന്നീ പേരുകളും കുരുക്ഷേത്രത്തിനുണ്ട്.

ക്ഷേത്ര നിർമ്മാണത്തിന് സ്ഥലം കണ്ടെത്തി ശിലാന്യാസം (ആദ്യത്തെ കല്ലിടുന്ന കർമ്മം) മുതൽ കുംഭാഭിഷേകം വരെയുള്ള കാര്യങ്ങൾക്ക് വളരെയധികം ആചാരാനുഷ്ഠാനങ്ങൾ വിധിച്ചിട്ടുണ്ട്. വൈദികകാലത്ത് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളില്ല. അക്കാലത്ത് വിഗ്രഹാരാധനയെക്കുറിച്ചും പരാമർശങ്ങളില്ലെന്നാണ് പണ്ഡിതൻമാർ അവകാശപ്പെടുന്നത്. എന്നാൽ യാഗങ്ങളും യജ്ഞങ്ങളും നടന്നതായി പറയുന്നുണ്ട്.

മനുഷ്യ ശരീരത്തിന്റെ പ്രതിരൂപമായാണ് ക്ഷേത്രത്തെ താന്ത്രിക മതം വിഭാവനം ചെയ്യുന്നത്. മനുഷ്യ ശരീരത്തിലെ ഷഡാധാരത്തിന്റെ പ്രതീകമായാണ് ക്ഷേത്രത്തിലെ ഷഡാധാര പ്രതിഷ്ഠ. പീഠത്തിന് മുകളിൽ ഉറപ്പിച്ചിരിക്കുന്ന വിഗ്രഹത്തെ സൂക്ഷ്മശരീരമായും ബാക്കിയുള്ള ക്ഷേത്രഭാഗങ്ങളെ സ്ഥൂല ശരീരമായും സങ്കൽപ്പിച്ചിരിക്കുന്നു.

ഭൗതീകവും മനഃശാസ്ത്രപരവുമായ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചെടുത്ത മനഃശാസ്ത്ര യന്ത്രങ്ങൾ തന്നെയാണ് ക്ഷേത്രങ്ങൾ. മറ്റ് മതങ്ങളുടെ ആരാധനാലയങ്ങൾക്ക് ഇത്തരത്തിലൊരു ശാസ്ത്രീയാടിസ്ഥാനമില്ലാത്തതിനാൽ തന്നെ അവ ദേവലായങ്ങളല്ല വെറും ഭജനാലയങ്ങൾ മാത്രമാണ്. ഹിന്ദുക്ഷേത്രങ്ങൾക്കും ഒരുപക്ഷേ ബൗദ്ധസ്തൂപങ്ങൾക്കും മാത്രമാണ് ഇത്തരത്തിലുള്ള പൂർണമായ ഒരു ശാസ്ത്രീയാടിസ്ഥാനമുള്ളത്. ക്ഷേത്രത്തിന്റെ ഹൃദയമെന്ന് വിശേഷിപ്പിക്കാവുന്ന ശ്രീകോവിലിലാണ് വിഗ്രഹപ്രതിഷ്ഠ.

വിഗ്രഹങ്ങൾ നിർമിക്കുന്നത് കല്ലിൽ കൊത്തിയെടുത്തോ, ലോഹങ്ങൾ ഉപയോഗപ്പെടുത്തിയോ ആണ്. സാധാരണയായി പഞ്ചലോഹമാണ് വിഗ്രഹ നിർമാണത്തിനുപയോഗിക്കുന്നത്. സ്വർണ്ണം, വെള്ളി, ചെമ്പ്, പിച്ചള, അൽപ്പം ഇരുമ്പ് എന്നിവ ചേർത്താണ് ലോഹക്കൂട്ട് ഉണ്ടാക്കുന്നത്.

ക്ഷേത്രബിംബങ്ങളുടെ കാര്യത്തിൽ ശിവലിംഗത്തിന് ഒരു പ്രത്യേകതയുള്ളതായി കാണാം. ശിവലിംഗമെന്നത് അരൂപിയായ ശിവന്റെ അടയാളമാണ്. അണ്ഡാകാരമായ ബ്രഹ്മാണ്ഡം തന്നെയാണ് ശിവന്റെ രൂപം. അതിനാലാണ് ശിവലിംഗം അണ്ഡാകാരത്തിൽ നിർമിച്ചത് ആരാധിക്കുന്നത്.

**ക്ഷേത്രാചാരങ്ങൾ**

ക്ഷേത്രാരാധനയുടെ അടിസ്ഥാന തത്ത്വം എന്താണെന്ന് ഓരോ ഭക്തനും അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ക്ഷേത്രനിർമാണവും വിഗ്രഹപ്രതിഷ്ഠയും കഴിഞ്ഞാൽ തന്ത്ര മന്ത്ര വിധികളിലൂടെ ദേവ ചൈതന്യം വിഗ്രഹത്തിലേക്ക് ആവാഹിക്കേണ്ടിയിരിക്കുന്നു. അപ്പോഴാണ് വിഗ്രഹത്തിൽ ദേവ ചൈതന്യം സ്ഫുരിക്കുന്നതും ദേവന്റെ സൂക്ഷ്മശരീരമായി വിഗ്രഹം മാറുന്നതും. ഭക്തർ ക്ഷേത്രത്തിലെത്തി വികാരതരളിതങ്ങളായ ഹൃദങ്ങളോടെ ദേവനെ ആരാധിക്കുമ്പോൾ (നാമജപം, ഭജനം, പ്രാർത്ഥന, സൂക്തങ്ങളുടെ ആലാപനം) അവിടെ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ദേവചൈതന്യം, ആരാധകരുടെ ദേഹങ്ങളിലേക്ക് അനുരഞ്ജനം ചെയ്യുക

യും അവരിലെ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനീ ശക്തി ഈശ്വരശക്തിയുടെ ലേശാംശത്തെ ഉണർത്തുകയും ചെയ്യുന്നു. കുണ്ഡലിനീശക്തിയാണ് ഭക്തന്റെ പ്രാർത്ഥനകൾക്ക് ഫലം നൽകുന്നത് എന്ന ശാസ്ത്രീയ സത്യം മനസ്സിലാക്കിയാൽ ക്ഷേത്രാരാധനയുടെ പൊരുൾ ഗ്രഹിക്കുവാൻ സാധിക്കും.

ക്ഷേത്രാരാധനയ്ക്ക് തയ്യാറാകുന്ന ഭക്തൻ ശരീരശുദ്ധിയും മനഃശുദ്ധിയും വരുത്തണം. ശുദ്ധിയുള്ള (ശുഭ്രവസ്ത്രം) വസ്ത്രങ്ങൾ ധരിച്ച് വേണം ക്ഷേത്രതിനകത്ത് പ്രവേശിക്കുവാൻ. വസ്ത്രധാരണത്തിൽ നിലവിലുള്ള ആചാരങ്ങൾ പാലിക്കേണ്ടത് ആവശ്യമാണ്. ശരീരശുദ്ധിക്ക് കുളിക്കുന്നതാണ് ഏറ്റവും ഉത്തമം. സാധാരണയായി ക്ഷേത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത് ജലസ്രോതസ്സുകൾക്ക് സാമീപമുള്ള സ്ഥലങ്ങളിലാണ്. (നദികൾ, ജലാശയങ്ങൾ, കുളങ്ങൾ). ഉത്സവസമയത്ത് നടത്തുന്ന ആറാട്ടിന് ജലാശയങ്ങൾ സമീപത്ത് ഉണ്ടായിരിക്കണം.

ഗംഗേ ച യമുനേ ചൈവ ഗോദാവരി
സരസ്വതി
നർമദേ സിന്ധു കാവേരി ജലേസ്മിൻ
സന്നിധിം കുരു

എന്ന തീർത്ഥ വാഹന മന്ത്രം ഇവിടെ വളരെ പ്രസക്തമാണ്.

**ക്ഷേത്രദർശനം**

ദിവസേന ഒരു നേരമെങ്കിലും ക്ഷേത്രത്തിലെത്തി പ്രതിഷ്ഠാമൂർത്തിയെ ദർശിച്ച് പ്രാർത്ഥിക്കുന്നത് മോക്ഷപ്രാപ്തിക്ക് അർഹത ഉളവാക്കുന്നു. ആചാരമനുസരിച്ച് കുളിച്ച് ശരീരശുദ്ധി വരുത്തി വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ച് വേണം ക്ഷേത്രത്തിൽ പ്രവേശിക്കാൻ.

ക്ഷേത്രങ്ങൾ വെറും ആരാധനാലയങ്ങൾ മാത്രമായിട്ടല്ല പുരാതന കാലം മുതൽക്കേ ജനങ്ങൾ കണ്ടിരുന്നത്. ഹൈന്ദവ സംസ്കാരത്തിന്റെ അഭിവാജ്യഘടകമായ സുന്ദര കലകൾ (സംഗീതം, നൃത്തം, പ്രഭാഷണങ്ങൾ, ക്ഷേത്രകലകൾ, അനുഷ്ഠാന കലകൾ തുടങ്ങിയവ) വളർന്ന് വികസിച്ചത് ക്ഷേത്രാങ്കണങ്ങളിലാണ്.

**പ്രദക്ഷിണം (വലം വയ്ക്കൽ)**

പ്രദക്ഷിണം എന്ന വാക്കിന് 4 അക്ഷരങ്ങളാണുള്ളത്.

പ്ര സർവ ഭയങ്ങളേയും നീക്കുന്നത്
ദ മോക്ഷദായകം
ക്ഷി രോഗനാശകം
ണ ഐശ്വര്യ ദായകം

ഈ നാലു കാര്യങ്ങൾ നേടാൻ പ്രദക്ഷിണം സഹായിക്കുന്നു. സാധാരണയായി പ്രദക്ഷിണം നടത്തുന്നത് ആൽമരത്തിനും, ക്ഷേത്രത്തിന് പുറത്ത് ചുറ്റമ്പലത്തിനും, അകത്ത് ശ്രീകോവിലിനും ചുറ്റിയാണ്. പുറത്ത് പ്രദക്ഷിണം നടത്തിയതിനുശേഷം അകത്ത് ശ്രീകോവിലിന് മുമ്പിലേക്ക് പ്രവേശിക്കണമെന്നാണ് ആചാരം അനുശാസിക്കുന്നത്.

ഗണപതിക്ക് 2, സൂര്യന് 3, ശിവന് 3, ദേവിക്ക് വിഷ്ണുവിനും 4, ശാസ്താവിന് 5, സുബ്രഹ്മണ്യന് 6, ആൽമരത്തിന് 7, ഈ ക്രമത്തിൽ പ്രദക്ഷിണം നടത്തണമെന്നതാണ് പ്രമാണം. ആൽമരത്തിന് പ്രദക്ഷിണം വയ്ക്കുമ്പോൾ ചുവട്ടിൽ ബ്രഹ്മാവിനേയും മദ്ധ്യ ഭാഗത്ത് മഹാവിഷ്ണുവിനേയും അഗ്രഭാഗത്ത് പരമശിവനേയും ധ്യാനിക്കേണ്ടതാണ്.

ധ്യാന മന്ത്രം
മൂലതോ ബ്രഹ്മരൂപായ
മദ്ധ്യതോ വിഷ്ണുരൂപിണേ
അഗ്രതോ ശിവരൂപായ
വൃക്ഷരാജായ തേ നമഃ

ക്ഷേത്രത്തിനും ശ്രീകോവിലിനും പ്രദക്ഷിണം നടത്തുമ്പോൾ 3 കാര്യങ്ങൾ ശ്രദ്ധിക്കണം. ക്ഷേത്രത്തിലെ വിഗ്രഹ രൂപത്തിലുള്ള ദേവനെ/ദേവിയെ മനസ്സിൽ ധ്യാനിക്കുക. സ്തോത്രങ്ങൾ/സൂക്തങ്ങൾ/മന്ത്രങ്ങൾ ഉരുവിടുക. പാദങ്ങളെ നിലത്തുറപ്പിച്ച് മെല്ലെ നടന്ന് നീങ്ങുക. ശയന പ്രദക്ഷിണം ക്ഷേത്രാരാധനയുടെ ഭാഗമാണ്. ചലനത്തോടെയുള്ള ഒരു ധ്യാനമാണ് പ്രദിക്ഷണം. ഈശ്വരത്വത്തിലേക്ക് ഉയരുവാൻ പ്രദക്ഷിണം സഹായിക്കുമെന്ന് യോഗശാസ്ത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇടതുഭാഗത്തുനിന്നും തുടങ്ങി വലുതു ഭാഗത്ത് വന്ന് പ്രദക്ഷിണം പൂർത്തിയാക്കണം. ബലിക്കല്ലിൽ കാൽ സ്പർശിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

സാധാരണയായി ദേവീദേവൻമാർക്ക് മൂന്ന് പ്രദക്ഷിണം എന്ന തത്വം നിലവിലുണ്ട്. ഒന്നാമത്തെ പ്രദക്ഷിണം പാപമോചനത്തിന്, രണ്ടാമത്തെ ദേവദർശനാനുമതിക്ക്, മൂന്നാമത്തേത് ഐശ്വര്യം നേടുന്നതിനായി എന്നാണ് സങ്കൽപ്പം.

**ശിവക്ഷേത്രത്തിലെ പ്രദക്ഷിണം**

ശിവക്ഷേത്രത്തിലെ പ്രദക്ഷിണത്തിന്റെ പ്രത്യേകത അറിഞ്ഞിരിക്കേണ്ടതാണ്. ശ്രീകോവിലിൽ നിന്നും ഉള്ള ഓവുചാൽ മുറിച്ച് കടക്കരുത്. ഇവിടെ എത്തുമ്പോൾ തിരിച്ച് നടന്ന് മറുഭാഗത്തെത്തി താഴികക്കുടം വന്ദിച്ച ശേഷം

പ്രദക്ഷിണം പൂർത്തിയാക്കാം. പ്രദക്ഷിണം ബലിക്കല്ലുകൾക്ക് പുറത്തുകൂടിയും അപ്രദക്ഷിണം (മടക്കം) ബലിക്കല്ലുകൾക്ക് അകത്തുകൂടിയും ആയിരിക്കണം. ഇതിനുകാരണം യോഗശാസ്ത്രവും മനശാസ്ത്രവും തമ്മിൽ ബന്ധമുള്ളതുകൊണ്ടാണ്. മറ്റ് ദേവീദേവൻമാരെ അപേക്ഷിച്ച് ശിവന്റെ സ്ഥാനം ശരീരത്തിന്റെ ഏറ്റവും ഉപരിഭാഗത്തുള്ള സഹസ്രാരപത്മത്തിലുള്ള ബ്രഹ്മരന്ധ്രത്തിലാണ്. അതിനുപരിയായി ഒന്നും ഇല്ലാത്തതിനാൽ ഭക്തൻ ബ്രഹ്മരന്ധ്രം കടന്നുപോകാതെ മടങ്ങി മറുവശത്ത് എത്തുന്നു. അതിനുശേഷം ബ്രഹ്മരന്ധ്രത്തിന്റെ സാക്ഷാൽ സ്ഥാനമായ താഴികക്കുടത്തെ നോക്കി തൊഴുത് പ്രാർത്ഥിക്കുന്നു.

പ്രദക്ഷിണം കഴിഞ്ഞ് ശ്രീകോവിലിന്റെ നടയ്ക്കൽ എത്തുന്ന ആരാധകൻ കൈകൂപ്പി തൊഴുതുകൊണ്ട് ദേവനോട് ദേവിയോട് പ്രാർത്ഥിക്കുന്നു. കൈകൂപ്പുമ്പോൾ കൈപ്പത്തികൾ താമരപ്പൂമൊട്ടിന്റെ ആകൃതിയിലായിക്കണം. ഇത് ഹൃദയത്തിന്റെ പ്രതീകം കൂടിയാണ്. കൈകൂപ്പി വന്ദിക്കുമ്പോൾ ഞാനും നീയും ഒന്ന് എന്ന ഭാവമാണ് സ്ഫുരിക്കുന്നത്.

**നമസ്കാരം**

ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയെ നമസ്കരിക്കുകയെന്നത് ആരാധനയുടെ ഒരു പ്രധാന ഭാഗമാണ്. പുരുഷൻമാർ സാഷ്ടാംഗ നമസ്കാരവും പഞ്ചാംഗ നമസ്കാരവുമാണ് നടത്തേണ്ടത്. മാറിടം, നെറ്റി, വാക്ക്, മനസ്സ്, അഞ്ജലി, കണ്ണ്, കാൽമുട്ടുകൾ, കാലടികൾ, എന്നീ എട്ട് അംഗങ്ങൾ ചേർത്തുള്ള നമസ്കാരമാണ് സാഷ്ടാംഗ നമസ്കാരം. പുരുഷൻമാർക്ക് പറഞ്ഞിട്ടുള്ളതാണ് ദണ്ഡ നമസ്കാരം. ദണ്ഡി(വടി)ന്റെ രൂപത്തിൽ തറയിൽ കമഴ്ന്ന് കിടന്ന് ചെയ്യുന്നതാണ് ദണ്ഡനമസ്കാരം.

സ്ത്രീകൾക്ക് ദണ്ഡനമസ്കാരവും സാഷ്ടാംഗ നമസ്കാരവും വിധിച്ചിട്ടില്ല. കാൽമുട്ടുകൾ കുത്തിച്ചിരുന്നുകൊണ്ടുള്ള പഞ്ചാംഗ നമസ്കാരമാണ് വിധിച്ചിട്ടുള്ളത്. അവർക്ക് ശയനപ്രദക്ഷിണവും വിധിച്ചിട്ടില്ല. ശരീരത്തിലെ ആന്തരാവയവങ്ങളുടെ സുരക്ഷയെ ഉദ്ദേശിച്ചാണ് ഇങ്ങനെ പറയുവാൻ കാരണം. പകരമായി മുൻ–പിൻ പാദങ്ങളിലെ വിരലുകൾ തൊടുവിച്ച് അടിവച്ചടിവച്ച് പ്രദക്ഷിണം നടത്താം.

ഏത്തമിടൽ ഗണപതി വന്ദനത്തിന്റെ ഭാഗമാണ്. ഭക്തൻ ഇടതുകാൽ ഊന്നി നിന്നിട്ട് വലതുകാൽ ഇടതുകാലിന്റെ മുമ്പിലൂടെ ഇടതു വശത്ത് കൊണ്ടുവന്ന് പെരുവിരൽ നിലത്തൂന്നി നിൽക്കണം. അതിനുശേഷം ഇടതുകൈയ്യുടെ ചൂണ്ടാണി വിരലും നടുവിരലും കൊണ്ട് വലത്തേ ചെവിയിലും അതേപോലെ വലതു കൈ കൊണ്ട് ഇടതുചെവിയിലും പിടിക്കണം. ശരീരത്തിന്റെ നടുഭാഗം വളച്ച് കുനിഞ്ഞ് ഇരുകൈമുട്ടുകളും താഴേക്ക് കൊണ്ടുവരുകയും ചെയ്ത ശേഷം നിവർന്ന് പൂർവ്വസ്ഥിതി പ്രാപിക്കണം. മൂന്നു പ്രാവശ്യമെങ്കിലും ഇത് ആവർത്തിക്കണം. ഗണപതി ഭഗവാനെ മുന്നിൽ ദർശിച്ചുകൊണ്ട് വേണം ഏത്തമിടൽ. പാപപരിഹാരത്തിനുള്ള പ്രായശ്ചിത്തമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശരീരശാസ്ത്രമനുസരിച്ചും ഏത്തമിടൽ കൊണ്ട് വളരെ പ്രയോജനമുണ്ട്. 5,7,12 എന്നിങ്ങനെ ഏത്തമിടലിന്റെ സംഖ്യ വർധിപ്പിക്കാവുന്നതുമാണ്.

പ്രാർത്ഥിക്കുമ്പോൾ ശ്രീകോവിലിന്റെ മുന്നിലുള്ള മണിയടിക്കുന്നതിന്റെ തത്വം പ്രകാശദർശനാനുഭവത്തോടൊപ്പം നാദാനുഭൂതി കൂടി ലഭിക്കുമെന്നതാണ്.

**നാമജപം**

സത്യയുഗത്തിൽ ധ്യാനം ഏറ്റവും പ്രധാനപ്പെട്ട ഉപാസനമാർഗമായിരുന്നു. ത്രേതായുഗത്തിൽ യാഗവും ദ്വാപരയുഗത്തിൽ പൂജയും ആയിരുന്നു. കലിയുഗത്തിൽ മനുഷ്യ മനസ്സ് കൂടുതൽ മലിനവും ഏകാഗ്രത നഷ്ടപ്പെട്ടതുമായതിനാൽ നാമസങ്കീർത്തനം ഏറ്റവും ഉത്തമമായ ഉപാസനാ മാർഗമായി നിർദ്ദേശിക്കപ്പെട്ടു.

നാരദന് ബ്രഹ്മാവ് ഉപദേശിച്ച പ്രസിദ്ധമായ ആ ഷോഡശ മഹാമന്ത്രം ഇതാണ്.

ഹരേ രാമ ഹരേ രാമ... രാമ രാമ
ഹരേ ഹരേ
ഹരേ കൃഷ്ണാ ഹരേ കൃഷ്ണാ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ....

നിരന്തരം നാമജപം നടത്തുന്ന ഭക്തൻമാർക്ക് സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നീ ചതുർമുക്തികൾ സിദ്ധിക്കുന്നു.

മുജ്ജൻമപാപങ്ങളാണ് ഗ്രഹപ്പിഴകളുടെ രൂപത്തിൽ നമ്മെ ബാധിക്കുന്നത്. നിത്യവുമുള്ള നാമജപം ഗ്രഹപ്പിഴകളെ ഒഴിവാക്കുന്നു. എഴുത്തച്ഛൻ രചിച്ച ഹരിനാമകീർത്തനം ജപയജ്ഞത്തെ വളരെയധികം പുകഴ്ത്തിപ്പറയുന്നു. അജാമിളൻ, ധ്രുവൻ, പാഞ്ചാലി തുടങ്ങിയവരുടെ അനുഭവങ്ങൾ പുരാണങ്ങളിൽ വിവരിക്കുന്നത് നാമജപ മാഹാത്മ്യത്തെ വെളിവാക്കുന്നു. സാധാരണ മനുഷ്യന് അനുഷ്ഠിക്കാവുന്ന ഏറ്റവും സുഗമമായ ഭക്തിമാർഗമാണ് നാമജപം.

(തുടരും)

# ഈണം



പറവൂർ രാജഗോപാൽ

നീയാ പുഴയോരം
തന്നിലന്നു നിന്നു,
ഞാനാ പുഴ തന്നാ
ഴങ്ങളിൽ ഒളിച്ചു.
നീ കൈക്കുമ്പിൾ ജല
വർഷമായണഞ്ഞു
ഞാനാ കുളിർ
സ്രോതസ്സിൽ തുടിച്ചു.
നീ അലയായുലഞ്ഞു
പുഴയിലന്നൊപ്പം ചേർന്നു
ഞാനാ തടതീര ഭൂമിയിൽ
അലമുറപോലെ നിന്നാർത്തു.
മുകിലായ് നീ പുതു
മഴവില്ലുമെനയും മാനത്തു നിന്നു
മനമുരുകും പ്രിയ
തേങ്ങലായ് ഞാനുണർന്നു.
കുളിരിറ്റുന്നൊ
രോർമ്മപോൽ നീ വന്നു തഴുകി,
താഴെ പൊഴിഞ്ഞുതിർന്ന
മഴനൂൽ വിശേഷങ്ങളായ് ഞാൻ.
താരാകാന്തികൾ
നിൻ മുഖത്തു കണ്ടു കരളിൻ
പ്രിയമാം പ്രാണന്റെ
യാവേശമായ് ഞാൻ.
നൂലറ്റങ്ങളിലുയർന്നു പാറിയകലെ
കാറ്റിൻ കുറുമ്പൊത്തു നീ
ഞാനോ, കാവ്യഹൃദയം മൂളുന്ന
കാറ്റിൻ സ്വരം തന്നെയായ്.!

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 ഏപ്രിൽ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. എ. രാജഗോപാൽ & ഉഷ.ബി. നായർ,ഗോകുലം, രവിപുരം റോഡ് കൊച്ചി 682016 | 1,00,000 |
| 2. ശ്രീമതി. ജയശ്രീ അജിത്കുമാർ, 1156 സി, മഞ്ജു ടൗവ്വേഴ്സ്, ടി.ഡി. റോഡ് കൊച്ചി 682011 | 15,921.00 |
| 3. ശ്രീ. ജി. വേലായുധൻ നായർ, വിജി, കെ.എൻ 39, ക്രോസ് റോഡ് 3 എ കീർത്തി നഗർ, എളമക്കര 682026 | 10,001.00 |
| 4. ശ്രീമതി. ചന്ദ്രിക മേനോൻ (ഭർത്താവ് ടി. അരവിന്ദാക്ഷമേനോന്റെ ഓർമ്മയ്ക്കായ്) | 10,000 |
| 5. ശ്രീ. എസ്. മധുമോഹനൻ പിള്ള, വൃന്ദാവൻ, പ്രസ്ക്ലബ്ബ് കോളനി 36, ഇടപ്പള്ളി | 10,000 |
| 6. ശ്രീ. ചന്ദ്രശേഖര മേനോൻ. എൻ, ശ്രീലക്ഷ്മി, 27 /215, ഗിരിനഗർ ക്രോസ് റോഡ് കെ.പി. വള്ളോൻ റോഡ്, കൊച്ചി 682020 | 5,000 |
| 7. ഡോ. ചന്ദ്രിക, ടി. എൻ. 32/ 1977 എ, ചാരുത, നേതാജി റോഡ്, | 5,000 |
| **എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കായി അന്നദാനത്തിനു സംഭാവന നല്കിയവർ** | |
| 1. ശ്രീ. സുരേഷ്. എൻ, അക്ഷതം, Opp. കൊച്ചിൻ പബ്ലിക് സ്കൂൾ, തൃക്കാക്കര | 5,000 |
| 2; ശ്രീ.എം. ആർ. ജി. മേനോൻ, 5 എ, സിൽവർ ക്രസ്റ്റ്, എസ്. സി. ബോസ് റോഡ്, ജവഹർ നഗർ, കടവന്ത്ര | 5,000 |
| 3. ശ്രീ. ബി. ശ്രീകുമാർ, 706, ട്രാവൻകൂർ ടൗവ്വേഴ്സ്, കത്രിക്കടവ്, കൊച്ചി 682017 | 5,000 |
| **പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സംഭാവന നല്കിയവർ** | |
| 1. ശ്രീ. സജിത് ഇന്ദുചൂഢൻ, വിമലേന്ദു, ചിറ്റൂർ റോഡ് കൊച്ചി | 10,000 |

# വിജയം അഹങ്കാര രഹിത കർമ്മത്തിൽ



ഡോ. കെ. ഹരിഹരൻ

കഴിഞ്ഞ ദിവസം ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങിയാണ് അമ്പലമൈതാനത്ത് ഗീതാപ്രഭാഷണം കേൾക്കാൻ പോയത്. അവിടെ ഒരു സംപൂജ്യസ്വാമികൾ ഗീതയിലെ മൂന്നാം അദ്ധ്യായത്തിലെ കർമ്മയോഗം ഭക്തർക്ക് വിശദീകരിച്ചു കൊടുക്കുകയാണ്. ഇരുപത്തിയേഴാമതുശ്ലോകം സ്വാമികളും ഭക്തരുകൂടി ഈണത്തിൽ ചൊല്ലി തുടങ്ങിയപ്പോഴാണ് ഞാനും ഭാര്യയും പ്രഭാഷണ വേദിയിലെത്തിയത്.

പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമാണി സർവശഃ

അഹങ്കാര വിമൂഢാത്മ കർതാഹമിതി മന്യതേ

മിഥ്യാഹങ്കാരത്തിന്റെ പ്രഭാവത്താൽ മോഹിതനായ ജീവാത്മാവ് താനാണ് കർമ്മങ്ങൾ ചെയ്യുന്നതെന്ന് ചിന്തിക്കുന്നു. വാസ്തവത്തിൽ പ്രകൃതിയുടെ മൂന്നു ഗുണങ്ങളാണവ നിർവഹിക്കുന്നത്. ശ്ലോകത്തിന്റെ ഈ ചെറുവിവർത്തനത്തെ തുടർന്ന് അദ്ദേഹം അഹന്തയെക്കുറിച്ച് ഭക്തർക്ക് വിശദീകരിച്ചു കൊടുക്കുവാൻ തുടങ്ങി. പുരോഗതി കൊതിക്കുന്ന മനസ്സും അധോഗതിയിലേക്ക് വലിക്കുന്ന മനസ്സും എന്നും ആവേശം കൊള്ളിക്കുകയും അസ്വാസ്ഥ്യപ്പെടുത്തുകയും ചെയ്യുന്ന രണ്ടു മനസ്സുകളാണ്. പുരോഗതിക്കു വേണ്ടിയുള്ള മോഹവും എന്നാൽ പെട്ടെന്നു മാറ്റാൻ പറ്റാത്ത സ്വഭാവവും മനസ്സിന്റെ എക്കാലത്തെയും സമസ്യകളാണ്. പുരോഗതി മോഹിക്കുക, അധോഗതിയിൽ ജീവിക്കുക എന്തൊരു വിരോധാഭാസമാണ്, ഒടുവിൽ അധോഗതിയിൽ മാത്രമായി ജിവിതം അവസാനിപ്പിക്കുക. ഇതാണ് ഇന്ന് ഭൂരിപക്ഷം ആളുകളിലും കണ്ടു വരുന്നത്. എപ്പോൾ വേണമെങ്കിലും ആർക്കും നമ്മെ അസ്വസ്ഥരും അശാന്തരും അക്രമകാരികളും ആക്കാൻ സാധിക്കും. നാം അശാന്തരും പ്രക്ഷുബ്ധരുമായാൽ അനാദരവും അവഗണനയും ആയിരിക്കും കിട്ടുന്നത്. ക്രൂരമനസ്സുകളെ ആരും പരിഗണിക്കാറില്ലല്ലോ. അതുകൊണ്ട് ആദരണീയമായൊരു വ്യക്തിത്വം നേടിയെടുക്കാനുള്ള കഴിവിനെ നാം നഷ്ടപ്പെടുത്തരുത്. മനസ്സിലും ഹൃദയത്തിലും ജീവിക്കാൻ കഴിവുള്ള ഭൂമിയിലെ ഏക ജീവിയാണു മനുഷ്യൻ. പലപ്പോഴും നാം എവിടെയാണെന്നോ എന്തൊക്കെയാണ് നമ്മുടെ കഴിവുകളെന്നോ ശക്തിയെന്നോ തിരിച്ചറിയാറില്ല. ചുരുക്കത്തിൽ നമ്മെ അറിയാതെ ജീവിക്കുന്നവരാണ് നാം. എന്നാൽ ഇതും നാം അറിയുന്നില്ല എന്നതാണ് നമ്മുടെ ദുരന്തം. എല്ലാം അറിയാമെന്ന അഹന്ത ഒന്നുമറിയാതെ എല്ലാമറിയുമെന്നു ചിന്തിക്കുന്നതിന്റെ ഫലമാണ്. അറിയാത്തതെല്ലാം അറിയും എന്ന തോന്നൽ. പിന്നീട് തിരിച്ചടി കിട്ടുമ്പോൾ ദൈവത്തെപോലും കുറ്റം പറഞ്ഞാണ് തന്നെ ന്യായീകരിക്കാൻ അഹന്ത ശ്രമിക്കുന്നത്. നാം ഇന്ന് ജീവിക്കുന്നത് നമ്മുടെ കൊച്ച് കൊച്ച് അഹങ്കാരത്തിലാണെന്ന് നാം അറിയുന്നില്ല. മനസ്സിൽ നിന്ന് രൂപാന്തരപ്പെട്ട ഈ അഹങ്കാരമാകട്ടെ നമ്മുടെ വ്യക്തിത്വത്തെ പലതലത്തിൽ കൊണ്ടു ചെന്നു നിറുത്തി പല തരത്തിലുള്ള അനുഭവങ്ങളെ തരികയാണു ചെയ്യുക. നമ്മെ ലോകത്തിലേക്കു കൂട്ടികൊണ്ടു പോയി മിത്രങ്ങളുടേയും ശത്രുക്കളുടേയും തലങ്ങളിൽ നിന്നു നോക്കിക്കൊണ്ട് നമ്മെ ചെറുതാക്കാനും വലുതാക്കാനും അതിനു സാധിക്കും. അഹങ്കാരം ഒരു കുട്ടിയെപ്പോലെയാണ്. ഒരാളിൽ നിന്ന് മറ്റൊരാളിലേയ്ക്ക്. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് ഓടിക്കളിക്കുന്നതു പോലെ ബുദ്ധിയിൽ നിന്ന് മനസ്സിലേക്കും മനസ്സിൽ നിന്നും ഇന്ദ്രിയങ്ങളിലേക്കും ചാടിക്കളിക്കുന്ന കുട്ടിക്കുരങ്ങനെപ്പോലെയാണ് ഈ അഹന്ത നമ്മെ പിടിച്ചുകുലുക്കുന്നത്. അവനു പിടിച്ചു കുലുക്കാനുള്ളതാണ് നമ്മുടെ മനസ്സ്. ബുദ്ധി, ആളുകൾ, വസ്തുക്കൾ തുടങ്ങിയവ. നാം എന്നും ഈ കുരങ്ങന്റെ അടിമകളാണ്. സ്വന്തം അഹന്തയെ അറിയാതെ പോയാൽ നമ്മൾക്ക് നഷ്ടപ്പെടുന്നത് സ്വന്തം ജീവിതമായിരിക്കും. അഹന്തയുടെ മാസ്മരിക വലയത്തിൽപെട്ട് അതിന്റെ മോഹനവാഗ്ദാനങ്ങളിൽ മയങ്ങികിടക്കുന്ന അഹന്ത തരുന്ന അല്പ സുഖങ്ങളിൽ ലഹരി പിടിപ്പിച്ച് നാം ജീവിക്കുന്നു. അതുകൊണ്ടാണ് ഇതിനപ്പുറം ഒന്നുമില്ലെന്ന് നമ്മൾക്കു തോന്നു

ന്നത്.

ഈ പ്രപഞ്ചത്തിൽ ജനിച്ചു വീഴുന്ന ഓരോ വ്യക്തിയും വളർന്നു വരുന്തോറും അവനിൽ അഹങ്കാരവും വളരുന്നു. അവന്റെ മനസ്സിൽ വളർന്നു വരുന്ന അഹങ്കാരം തനിക്കു കിട്ടേണ്ട സുരക്ഷയുടേയും സംരക്ഷണത്തിന്റേയും സൗകര്യങ്ങളുടേയും കാര്യങ്ങളെക്കുറിച്ച് അവനെ കൂടുതൽ ബോധവാനാക്കി തീർക്കും. അവനിൽ വളർന്നു വരുന്ന സ്നേഹം വാസ്തവത്തിൽ അവന്റെ അഹങ്കാരവും ആഗ്രഹങ്ങളും പൂർത്തികരിക്കുന്നതാണ്. വാസ്തവത്തിൽ അവൻ സ്നേഹിക്കുന്നത് അവനു കിട്ടേണ്ടതിനെയാണ്. താൻ പ്രതീക്ഷിക്കുന്നത് കിട്ടാതെ വന്നാൽ അവന്റെ സ്നേഹം നേരെ താഴോട്ടാകും. യഥാർത്ഥത്തിൽ അഹങ്കാരം ആരെയും സ്നേഹിക്കുന്നില്ല എന്നതാണ് സത്യം. യഥാർത്ഥസ്നേഹം ഹൃദയത്തിന്റെ ഭാഷയാണ്. അഹങ്കാരത്തിന് പിടിച്ചു പറിക്കാ നാണ് ഇഷ്ടം. അറിവും കഴിവും എന്നും തന്റേതാകണം എന്ന സ്വാർത്ഥതയാണ് അഹങ്കാരത്തിനുള്ളത്. ഇന്നത്തെ വിദ്യാഭ്യാസം മനുഷ്യനു സമ്മാനിച്ച വലിയ ശത്രുവാണ് അഹന്ത. മനുഷ്യന് ഹൃദയം നഷ്ടമായി തീർന്നു. എല്ലാവരും പിടിച്ചുപറിക്കാരായി മാറുന്നു. അഹന്ത അഗ്നിയിലേക്കു ഒഴുകുന്ന നെയ്പോലെയാണ് . അത് അഗ്നിയിലെത്തുമ്പോൾ അപ്രത്യക്ഷമാകുന്നു. പ്രപഞ്ചതാളം തെറ്റിക്കാൻ പോന്നതാണ് അഹന്ത. മനുഷ്യനെ നിസ്സാരനാക്കുന്നത് മറ്റാരുമല്ല, മറിച്ച് അവന്റെ അഹന്തയാണ്.

ഈ ലോകത്തിൽ പ്രവർത്തിക്കാൻ നമുക്ക് ഞാനെന്ന അഹന്ത വേണം. പക്ഷെ അത് ഏതു തരത്തിലുള്ള മനസ്സോടെ പ്രവർത്തിക്കണമെന്ന തീരുമാനം അഹങ്കാരത്തിന്റേതാകരുത്. അഹങ്കാരം അത് തീരുമാനിച്ചാൽ അതിന്റെ സ്വാർത്ഥതയ്ക്കും അസൂയക്കും മാത്സര്യത്തിനും വിധേയരായി നാം പ്രവർത്തിക്കേണ്ടി വരും. എന്നാൽ വിവേകവും ചൈതന്യവും നിറഞ്ഞ മനസ്സുകൊണ്ട് നാം സ്വസ്ഥതയിലും സന്തോഷത്തിലും താല്പര്യത്തോടുകൂടി ഒരു കാര്യം ചെയ്യുമ്പോൾ അഹന്ത അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ ഭംഗിയായി കാര്യം നിറവേറ്റും. പക്ഷെ അഹന്തയുടെ വശീകരണശക്തിയിൽ നിന്നും പെട്ടെന്നു പുറത്തു കടക്കാൻ എല്ലാവർക്കും സാധിക്കില്ല. അത് മോഹിനിയുടെ മോഹനവലയത്തിൽ പെട്ട ശിവന്റെ അവസ്ഥപോലെയാകും. എന്നാൽ നിരന്തരമായ ധ്യാനസാധനകളെ കൊണ്ട് അഹന്തയിൽ നിന്ന് ഒരു പടി ഇറങ്ങി വരാൻ നമുക്ക് സാധിക്കും.

ഇതെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരുന്ന ഞാൻ പെട്ടെന്ന് വേറെ ഏതോ ലോകത്തിലേയ്ക്ക് ഒഴുകി പോയി, എവിടെയോ പോയി മറഞ്ഞ എന്റെ പൂർവ്വകാലത്തിലേയ്ക്ക്. ചെറുപ്പം മുതലെ അഹങ്കാരമെന്ന മാറാരോഗത്തിന് ഞാൻ അടിമയാണ്. അത് എന്റെ കൂടെപ്പിറപ്പായിരുന്നു. എല്ലാ ക്ലാസ്സിലും മിടുക്കനായ ഒരു കുട്ടി. പഠിത്തത്തിൽ എപ്പോഴും മുൻപിൽ, ടീച്ചർമാരുടെ മുക്തകണ്ഠമായ പ്രശംസ വീട്ടിൽ എത്തിയാൽ അച്ഛനമ്മമാരുടെ പുകഴ്ത്തൽ, പുറത്ത് കൂട്ടുകാരുടെ സന്തോഷം ഇതെല്ലാം എന്നെ ക്രമേണ ഒരു അഹങ്കാരിയാക്കി മാറ്റി. പത്താം ക്ലാസ്സിലെ ബോർഡ് പരീക്ഷയ്ക്ക് മുമ്പ് എന്റെ ക്ലാസ്സ് ടീച്ചർ വീട്ടിൽ വന്നിരുന്നു. എന്നിട്ട് അമ്മയോടു പറഞ്ഞു. രവീന്ദ്രനാഥ് നല്ല മിടുക്കനായ കുട്ടിയാണ് പക്ഷെ അവനൊരു അഹങ്കാരിയാണ്. അതുകൊണ്ട് അവനോട് നന്നായി പഠിക്കാൻ പറയണം. എനിക്ക് അന്ന് ഒന്നും മനസ്സിലായില്ല. അമ്മ ഒന്നും പറഞ്ഞുമില്ല. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ എൻജിനീയറിംങ്ങും എം.ബി.എയും റാങ്കോടെ പാസായി. നാട്ടിലും വീട്ടിലും ഉള്ളവർക്കൊക്കെ അതൊരു സന്തോഷമായിരുന്നു. അധികം കാത്തിരിക്കേണ്ടി വന്നില്ല കേരളത്തിലെ പ്രശസ്തമായ ഒരു സെൻട്രൽ ഗവൺമെന്റ് സ്ഥാപനത്തിൽ ഡെപ്യൂട്ടി മാനേജരായി ജോലി കിട്ടി. തപാലിൽ അപ്പോയിൻമെന്റ് ഓർഡർ കിട്ടിയപ്പോൾ ജീവിതം എന്റെ കാൽകീഴിൽ ഒതുങ്ങുന്നതായി എനിക്കു തോന്നി. വളരെ ആത്മവിശ്വാസത്തോടെയാണ് ഞാനവിടെ ജോലിയിൽ പ്രവേശിച്ചത്. ആ ദിവസം ഫാക്ടറിയുടെ ജനറൽമാനേജരും (ജി. എം.) പേഴ്സണൽ മാനേജരുമൊക്കെ വളരെ ഊഷ്മളമായാണ് വരവേറ്റത്. അതു കഴിഞ്ഞ് ഒരാഴ്ചക്കാലം ഓറിയന്റേഷൻ ട്രേനിംങ്. അതോടെ ആ സ്ഥാപനത്തിലെ ഒട്ടുമിക്ക മേലുദ്യോഗസ്ഥരേയും, കീഴ്ജീവനക്കാരേയും അടുത്തറിഞ്ഞു. എല്ലാവരും എന്നെ സ്നേഹബഹുമാനങ്ങളോടെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നതായി തോന്നി. അതുകഴിഞ്ഞ് മെറ്റീരിയൽസ് മാനേജരുടെ കീഴിൽ സ്റ്റോർസ് ഡിപ്പാർട്ടുമെന്റിന്റെ പൂർണ്ണ ഉത്തരവാദിത്തം ഞാൻ ഏറ്റെടുത്തു. എനിക്ക് കീഴ്ജീവനക്കാരായി ഇരുപത്തിനാലു പേരുണ്ടായിരുന്നു. അവരെല്ലാവരും പൂർണ്ണമനസ്സോടെ പ്രതീക്ഷയോടെ സ്നേഹത്തോടെ എന്നെ അംഗീകരിച്ചു. ഇത്രയും വിദ്യാഭ്യാസയോഗ്യതയുള്ള ഒരാൾ അവരുടെ അവരു

ടെ തലവനായി വന്നതിൽ ഒരു പാട് അഭിമാനിക്കുന്നതായി തോന്നി.

ഉത്തരവാദിത്തമുള്ള സത്യസന്ധനായ ചിട്ടയും ഒതുക്കവുമുള്ള ആത്മാർത്ഥതയും തന്റേടവുമുള്ള ഒരു ഉദ്യോഗസ്ഥനായി തീരാനാണ് എന്നും ഞാനാഗ്രഹിച്ചത്. അതുകൊണ്ട് മറ്റാരേയും ആശ്രയിക്കാതെ തന്റേതായ ശൈലിയിൽ തന്റെ അറിവിനനുസൃതമായ തിരുമാനങ്ങൾ എന്റെ എല്ലാ പ്രവർത്തനമേഖലകളിലും നടപ്പാക്കി തുടങ്ങി. സ്റ്റോറിൽ മറ്റു ഡിപ്പാർട്ട്മെന്റ് ജീവനക്കാർ അനുവാദമില്ലാതെ കയറുന്നതും സാധനങ്ങൾ എടുത്തു കൊണ്ടു പോകുന്നതുമൊക്കെ വിലക്കി. അങ്ങനെ തുടക്കത്തിൽ തന്നെ വളരെ നിഷ്കർഷത്തോടെ ഉള്ള ഒരന്തരീക്ഷം സ്റ്റോറിൽ ഉണ്ടാക്കി എടുത്തു. അതു പലർക്കും അലോസരം ഉണ്ടാക്കുന്നതായിരുന്നു.

എടുത്തു ചാട്ടങ്ങൾ ഒഴിവാക്കി മറ്റുള്ളവരെ അംഗീകരിച്ചുകൊണ്ട് അവരുമായി അഭിപ്രായങ്ങൾ പങ്കുവെച്ചു കൊണ്ട് കാര്യങ്ങൾ നടപ്പിലാക്കുന്നതാകും നല്ലതെന്ന് ചില മേലുദ്യോഗസ്ഥർ എന്നെ ഉപദേശിച്ചു. പക്ഷെ അവരുടെ ഉപദേശങ്ങൾ അതേപടി സ്വീകരിക്കാൻ എന്നിലെ ചെറുപ്പത്തിന്റെ ഹുങ്ക് അനുവദിച്ചില്ല. ഞാൻ എന്നും എന്റെ മനസ്സ് പറയുന്നതു മാത്രം അനുസരിച്ചു. എന്റെ ഈ പ്രകൃതം കമ്പിനിയിലെ പലർക്കും തലവേദനയായി. പല കുറ്റങ്ങളും കുറവുകളും അവർ എന്നിൽ കാണാൻ തുടങ്ങി. അങ്ങനെ കാലക്രമേണ ഞാൻ ഒറ്റയാനായി. മുഖാമുഖം കാണുമ്പോൾ ചിരിക്കുകയും, കുശലം പറയുകയും ചെയ്യുമെങ്കിലും അവരിൽ ചിലരെങ്കിലും എന്നെ കുറ്റപ്പെടുത്താൻ തുടങ്ങി. എന്നെ പൊതുവിൽ വിസ്തരിക്കാനും മടി കാണിച്ചില്ല. ഇതൊന്നു കൊണ്ടും ഞാൻ തളർന്നില്ല, ഞാൻ എന്റെ ശൈലിയിൽ തന്നെ മുൻപോട്ടു പോയി.

സംഭവബഹുലമായ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും മാഞ്ഞു മറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം മാനേജർ വിളിപ്പിച്ച് ഒരു പ്രത്യേകതരം ബേയറിംഗിന്റെ ഫിസിക്കൽ സ്റ്റോക്ക് തരാൻ പറഞ്ഞു. ഞാൻ സ്റ്റോറിൽ ചെന്നു നോക്കിയപ്പോൾ അമ്പരന്നു പോയി. ആ ബേയറിംഗ് വെച്ചിരുന്ന സ്ഥലം തികച്ചും ശൂന്യം. സ്റ്റോക്കു കാർഡു നോക്കിയപ്പോൾ 2200 എണ്ണം ഉണ്ട്. അതായത് 2200 ബേയറിംഗ് നഷ്ടപ്പെട്ടിരിക്കുന്നു. ഞാനും മറ്റുള്ളവരും കൂടി എല്ലാ സ്ഥലവും അരിച്ചു പെറുക്കി പരിശോധിച്ചു, ഒരു തുമ്പും കിട്ടിയില്ല. നഷ്ടപ്പെട്ട മുതൽ ഏകദേശം ഒന്നര ലക്ഷം രൂപാ വിലമതിക്കുന്നതായിരുന്നു. ഞാൻ ഉടൻ തന്നെ ജനറൽ മാനേജർക്ക് ഒരു റിപ്പോർട്ടു എഴുതി സമർപ്പിച്ചു. പക്ഷെ കളവിന്റെ ഉത്തരവാദിത്വം എന്റെ തലയിൽ കെട്ടിവയ്ക്കാനാണ് മേലുദ്യോഗസ്ഥൻ ശ്രമിച്ചത്. ഇതിന്റെ പേരിൽ എന്നെ സസ്പെന്റു ചെയ്യാൻ ഒരുങ്ങുന്നു എന്ന വിവരം ഞാൻ മനസ്സിലാക്കി. ഞാൻ മാനേജരെക്കണ്ട് എന്റെ നിരപരാധിത്വം ബോധിപ്പിച്ചു. പക്ഷെ അദ്ദേഹമെന്നെ കൈവെടിയുകയാണ് ചെയ്തത്. ധൈര്യം ഒട്ടും കൈവിടാതെ ഞാൻ അദ്ദേഹത്തോടു പറഞ്ഞു നമ്മൾക്ക് ബേയറിംഗ് കളവുപോയതായി കാണിച്ച് പോലീസിൽ പരാതി കൊടുക്കാം. അവർ അന്വേഷിച്ചു ഉത്തരവാദികളെ കണ്ടെത്തട്ടെ.

അദ്ദേഹം ഉടൻ തന്നെ ജീയമ്മിനെ വിവരം അറിയിച്ചു. ഒട്ടും താമസിയാതെ ജി.എം. എന്നെ ഓഫീസിൽ വിളിപ്പിച്ചു. അദ്ദേഹം വളരെ ക്രൂദ്ധനായിരുന്നു. ദേഷ്യത്തിൽ എന്നെ ഒരു പാടു കുറ്റപ്പെടുത്തി ശാസിച്ചു.

ബേയറിംഗ് നഷ്ടപ്പെട്ടത് നിങ്ങളുടെ കൺമുൻപിൽ നിന്നുമാണ്. അത് നഷ്ടപ്പെട്ടുവെങ്കിൽ അതിന്റെ ഉത്തരവാദിയും നിങ്ങൾക്ക് തന്നെയാണ്. ഈ ഫാക്ടറിയിൽ ആദ്യമായാണ് ഇങ്ങനെ ഒരു സംഭവം നടക്കുന്നത്. ഇവിടുത്തെ മറ്റു ജോലിക്കാരെല്ലാം സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമാണ്. അവരെ പോലീസുകാർ ചോദ്യം ചെയ്യുന്നതോ അവരെ കുറ്റപ്പെടുത്തുന്നതോ ഒന്നും എനിക്കു സഹിക്കില്ല. നിങ്ങളുടെ തെറ്റുകൾ മറ്റുള്ളവരുടെ തലയിൽ കെട്ടിവച്ചു രക്ഷപ്പെടാൻ ഞാൻ നിങ്ങളെ അനുവദിക്കില്ല. പോലിസുകാർ ഇവിടെ വന്നാൽ ആദ്യം ചോദ്യം ചെയ്യുന്നത് നിങ്ങളെ തന്നെ ആയിരിക്കും. മറ്റുള്ള ജോലിക്കാരെല്ലാം നിങ്ങൾക്ക് എതിരെ മൊഴികൊടുക്കുകയും ചെയ്യും. അങ്ങനെ നിങ്ങൾ തന്നെ ഈ നഷ്ടത്തിന് ഉത്തരവാദിത്തം എടുക്കേണ്ടതായും വരും. അദ്ദേഹത്തിന്റെ വാക്കുകൾ എന്നിൽ ഒരു ചലനവും ഉണ്ടാക്കിയില്ല. ഞാൻ സധൈര്യം അദ്ദേഹത്തോടു പ്രതികരിച്ചു.

എന്നെ പോലീസുകാർ ചോദ്യം ചെയ്താലും, ശിക്ഷിച്ചാലും, തൂക്കിലേറ്റിയാലും എനിക്ക് ഒരു വിഷമവുമില്ല. സത്യം എന്താണെന്നറിയണം. ഈ കളവു നടത്തിയ യഥാർത്ഥപ്രതികളെ തിരിച്ചറിയുക എങ്കിലും വേണം. ഒരു പക്ഷെ അവർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെട്ടേക്കാം. ഇവിടെ ഞാൻ ക്രൂശിക്കപ്പെടുകയാണന്ന് നന്നായറിയാം. എന്തായാലും ഈ കളവ് പോലീസിൽ പരാതിപ്പെടാൻ

സർ അനുമതി തരണം.

ഞാനെന്റെ തീരുമാനത്തിൽ ഉറച്ചു നിന്നതോടെ ജീയമ്മിന്റെ നാവടഞ്ഞു. പിന്നെ ആ കാര്യത്തിൽ ഒന്നും സംഭവിച്ചില്ല. ഒരു ഡിപ്പാർട്ടുമെന്റൽ അന്വേഷണം പോലും നടന്നില്ല. നഷ്ടം എഴുതി തള്ളപ്പെട്ടു. എന്റെ അന്വേഷണത്തിൽ ഇതിനു മുമ്പും പല പ്രാവശ്യം ഇങ്ങനെയുള്ള കളവുകൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമായി. കാട്ടിലെ തടി തേവരുടെ ആന എന്നു പറഞ്ഞതുപോലെ കാര്യങ്ങൾ നടന്നു പോകുന്നു.

ഞാൻ ജീയമ്മുമായി നടത്തിയ വാക്കുതർക്കങ്ങളും പ്രതികരണങ്ങളുമൊക്കെ കമ്പിനിയിൽ വാർത്തയായി. അത് ശരിയായില്ല എന്നും, ഇങ്ങനെ മേലുദ്യോഗസ്ഥരോടുള്ള പെരുമാറ്റം നല്ല കീഴ്വഴക്കമല്ല എന്നും ഒക്കെ പലരും എനിക്ക് താക്കീതു തന്നു. പക്ഷെ ആരുടെ മുമ്പിലും തല കുനിക്കാൻ ഞാൻ ഒരുക്കമായിരുന്നില്ല. എല്ലാവരേക്കാളും ഞാനൊരു മിടുക്കനാണെന്നും, ആർക്കും എന്നെ തോല്പിക്കാൻ പറ്റില്ല എന്നും എന്റെ അത്ര കഴിവും ബുദ്ധിയും മറ്റാർക്കും ഇല്ല എന്നും ഒക്കെയുള്ള ഒരു തരം മായയിൽ ഞാനിതിനോടകം ലയിച്ചു പോയിരുന്നു.

നാളുകൾ വീണ്ടും പലതും കഴിഞ്ഞു. സ്വസ്ഥമായി ജീവിക്കാൻ മറ്റുള്ളവരെന്നെ വിടില്ല എന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ മറ്റൊരു സംഭവമുണ്ടായി. ഒരു ദിവസം ഞാൻ ഇംപ്രസ്റ്റ് അക്കൗണ്ടു പരിശോധിച്ചിരിക്കുന്നതിനിടയിൽ ഒരു ലോറി രശിതിയിലെ തുകയിൽ സംശയം തോന്നി. അത് ശരിക്കും പരിശോധിച്ചുനോക്കിയപ്പോൾ അക്കത്തിലെഴുതിയ തുകയും അക്ഷരത്തിലെഴുതിയ തുകയും വ്യത്യസ്തമായി കണ്ടു. 158 രൂപ എന്ന അക്ഷരത്തിൽ എഴുതിയ രസിതി അക്കത്തിൽ 1158 രൂപാ എന്ന് കണ്ടു. LR തുകയിൽ 1000 രൂപയുടെ വ്യത്യാസം. സംശയം തോന്നിയ ഞാൻ കഴിഞ്ഞ ഒരു വർഷത്തെ LR തുകകൾ ലോറി ഓഫീസിൽ പോയി ഒത്തു നോക്കി. ഏതാണ്ട് കഴിഞ്ഞ എട്ടു മാസമായി ഇതേ രീതിയിൽ LRൽ മാറ്റംവരുത്തി തുക അപഹരിച്ചിട്ടുള്ളതായി കണ്ടു. എല്ലാം കൂടി ഏകദേശം രണ്ടു ലക്ഷം രൂപ ഇതിനോടകം ബുദ്ധിപരമായി ഏതോ ക്ലാർക്ക് കൈവശപ്പെടുത്തിയിരിക്കുന്നു. വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കാതെ റെക്കോർഡുകളെല്ലാം ഞാൻ കസ്റ്റഡിയിൽ വാങ്ങി വിശദമായ ഒരു റിപ്പോർട്ട് എഴുതി തയ്യാറാക്കി ഒറിജനൽ ലോറി റെസീപ്റ്റും, തിരുത്തപ്പെട്ട LR കോപ്പികളും സഹിതം മാനേജർ മുഖാന്തിരം ജീയമ്മിന് സമർപ്പിച്ചു. പക്ഷെ ആഴ്ചകൾ കഴിഞ്ഞിട്ടും ആ റിപ്പോർട്ട് ജനറൽ മാനേജരുടെ കൈവശം എത്തിയിട്ടില്ല എന്നു മനസ്സിലാക്കി. ഞാൻ ജീയമ്മിനെ നേരിൽ കണ്ടു വിവരം ധരിപ്പിച്ചു. അദ്ദേഹത്തിന് എല്ലാം അറിയാമായിരുന്നു. അദ്ദേഹം എന്നോട് പേഴ്സണൽ മാനേജരോട് സംസാരിക്കുവാൻ പറഞ്ഞു. അതനുസരിച്ച് പേഴ്സണൽ മാനേജരുമായി സംസാരിച്ചു. എല്ലാം ശ്രവിച്ചിട്ട് അദ്ദേഹം പറഞ്ഞു.

നിങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ മാത്രമെ ഇത്തരം ക്രമക്കേടുകൾ പലപ്പോഴായി നടക്കുന്നുള്ളു. അങ്ങനെ നടക്കുന്നത് നിങ്ങളുടെ കഴിവുകേടു കൊണ്ടാണ്. നിങ്ങൾ പരാതിപ്പെടുമ്പോഴൊക്കെ അതിനു പിറകേ പോകുകയല്ല ഞങ്ങളുടെ ഒക്കെ ജോലി. ഉപ്പു തിന്നാൽ തിന്നുന്നവൻ വെള്ളം കുടിക്കണം. അതുകൊണ്ട് ഈ നഷ്ടത്തിന് നിങ്ങൾ തന്നെയാണ് ഉത്തരവാദി. എങ്കിലും ഞങ്ങളുടെ കടമയെന്ന രീതിയിൽ വിശദമായ ഒരന്വേഷണം ഈ വിഷയത്തിൽ നമ്മൾക്ക് നടത്താം.

പക്ഷെ ദിവസങ്ങൾ കഴിഞ്ഞിട്ടും ഒരന്വേഷണവും നടന്നതായോ നടക്കുന്നതായോ ഞാനറിഞ്ഞില്ല. ഒന്ന് എനിക്കു മനസ്സിലായി, ഈ തിരിമറി എന്റെ കണ്ണിൽപെട്ടില്ലായിരുന്നു എങ്കിൽ ഒരു ദിവസം ഞാനീ തിരിമറിക്കു ഉത്തരവാദിത്തം ഏല്ക്കേണ്ടിവരുമായിരുന്നു. എന്തായാലും ഞാൻ ഇവിടെയും മറ്റുള്ളവർ സൃഷ്ടിച്ച കുടുക്കിൽ വീഴാതെ രക്ഷപ്പെട്ടു. എന്നിരുന്നാലും എന്നോടുള്ള വൈരാഗ്യം പല രൂപത്തിലും ഭാവത്തിലും എന്നെ തേടി എത്തിക്കൊണ്ടിരുന്നു. കമ്പിനിയിൽ പല പ്രാവശ്യം പ്രൊമോഷൻ ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിട്ടും എനിക്ക് ഒരു പ്രെമോഷനോ ഒരു അഡീഷണൽ ഇൻക്രിമെന്റോ ഈ കാലത്തിനിടയിൽ കിട്ടിയില്ല. എങ്കിലും ഒരു പരാതിയും പരിഭവവും ആരോടും പറയാതെ ഞാനെന്റെ കർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ എന്നെ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും മാറ്റി ഇൻസ്പെക്ഷൻ ഡിപ്പാർട്ടുമെന്റിലാക്കി. അങ്ങനെ കാലക്രമേണ പല ഡിപ്പാർട്ടുമെന്റിലും മാറി മാറി ജോലി ചെയ്യാൻ ഞാൻ നിർബന്ധിതനായി. എന്റെ ജോലിയിൽ എന്നെ പരാജയപ്പെടുത്താൻ ആർക്കും കഴിഞ്ഞില്ല. അതനുസരിച്ച് എന്റെ തലക്കനവും കൂടിക്കൊണ്ടിരുന്നു. ഏതാണ്ട് ഇരുപത്തിഎട്ടു വർഷക്കാലം ഞാനങ്ങനെ വഴക്കടി

ച്ചും വീർപ്പുമുട്ടിയും ശ്വാസമടക്കിയും ഒക്കെ അവിടെ കഴിച്ചു കൂട്ടി. കഴിഞ്ഞ വർഷം അറുപതു വയസ്സു തികഞ്ഞപ്പോൾ ഞാൻ ആ ഫാക്ടറിയുടെ പടിയിറങ്ങി. സംഭവബഹുലമായ എന്റെ ഔദ്യോഗിക ജീവിതം അവസാനിച്ചു. എല്ലാവരോടും കലഹിച്ച്, എല്ലാവരേയും വെറുപ്പിച്ച്, ആരുടേയും സപ്പോർട്ടില്ലാതെ ഒരു പ്രമോഷൻ പോലും കിട്ടാതെ മരവിച്ച മനസ്സുമായി ഞാനാ ഗേറ്റു കടക്കുമ്പോൾ ഒന്നു തേങ്ങിയോ? ഇല്ല. അതിനും എനിക്കു മനസ്സു വന്നില്ല. കാരണം ഞാനെന്റെ അഹങ്കാരം തിരിച്ചറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ തന്നെയും അതുതിരുത്തി ഒരു വ്യത്യസ്ത വ്യക്തി ആകണമെന്ന് ഞാനാഗ്രഹിച്ചിരുന്നുമില്ല. അതായിരുന്നു അപ്പോഴത്തെ എന്റെ മനോഭാവം അഥവാ വ്യക്തിത്വം.

ഓഫീസിൽ ഇങ്ങനെ ഒക്കെ ആയിരുന്നെങ്കിലും വീട്ടിൽ എന്നും ഞാനൊരു നല്ല ഭർത്താവും അച്ഛനുമായിരുന്നു. എന്റെ ഭാര്യയോടും കുട്ടികളോടും ഞാൻ ഒരിക്കലും കലഹിച്ചിട്ടില്ല. അവർക്കു വേദന തോന്നുന്ന ഒരു പ്രവർത്തിയും എന്നിൽ നിന്നും ഉണ്ടായിട്ടില്ല. എന്റെ കുട്ടികളെ നല്ല രീതിയിൽ പഠിപ്പിച്ച് അവർക്ക് നല്ല ഭാവി ഉണ്ടാക്കി കൊടുക്കാൻ എനിക്കു സാധിച്ചു. അവർ ഇന്ന് സംതൃപ്തരായി ജീവിക്കുന്നു. ഞാനൊരിക്കലും ഔദ്യോഗികകാര്യങ്ങൾ വീട്ടിൽ ചർച്ച ചെയ്തിരുന്നില്ല. അതുകൊണ്ട് എന്റെ ഭാര്യക്കും കുട്ടികൾക്കും എന്റെ അനുഭവങ്ങൾ മുഴുവനും അറിയില്ല. എന്റെ ദുഃഖങ്ങൾ എന്നിൽ തന്നെ മൂടി വെയ്ക്കുകയാണ് പതിവ്. എനിക്കു വീട്ടിലും നാട്ടിലും വലിയ സുഹൃദ്ബന്ധങ്ങളില്ല. അതുകൊണ്ട് അധികം സന്ദർശകരും വീട്ടിൽ ഉണ്ടാകാറില്ല.

ഒരു തരം ഒറ്റപ്പെട്ട ജീവിതം അതാണെനിക്കിഷ്ടം. ഒരു പരിധി വരെ എനിക്ക് മറ്റുള്ളവരെ പുച്ഛമായിരുന്നു. എന്നേക്കാൾ വിദ്യാഭ്യാസം കുറഞ്ഞവരുടെ കീഴിൽ ജോലി ചെയ്യാനും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും തികച്ചും മടി ആയിരുന്നു. ഒരു തരം അപകർഷതാബോധം.

ഇന്നു വീട്ടിൽ വെറുതെ ഇരിക്കുമ്പോൾ ഞാൻ പഴയ കാര്യങ്ങളൊക്കെ ഓർക്കും. എന്റെ ഔദ്യോഗിക ജീവിതം തികച്ചും ഒരു പരാജയമായിരുന്നു എന്ന തിരിച്ചറിവ് ഇന്നെനിക്കുണ്ട്. ജീവിതത്തിൽ കുറെ ശത്രുക്കളെ സൃഷ്ടിച്ചെടുത്തതല്ലാതെ മറ്റൊന്നും ഈ കാലയളവിൽ ഞാൻ നേടിയില്ല.

എന്റെ പരാജയത്തിനുത്തരവാദി ആരാണ്? എന്റെ മേലുദ്യോഗസ്ഥരോ അതോ കീഴ്ജീവനക്കാരോ? അതോ എന്റെ സ്വഭാവമോ, പെരുമാറ്റമോ?

അതിന് ഉത്തരവാദി ഞാൻ എന്റെ എന്ന അഹന്ത. എല്ലാം തികഞ്ഞവനാണ് ഞാൻ എന്ന മിഥ്യാധാരണ.

ഈ തിരിച്ചറിവ് ഉണ്ടാകാൻ ഞാൻ അറുപതു വർഷം കാത്തിരുന്നു. അതും എന്റെ ഔദ്യോഗിക ജീവിതം തകർന്നു മണ്ണടിഞ്ഞു ഒരു വർഷം കഴിഞ്ഞ് എനിക്കുണ്ടായ ഒരു ഭൂതോദയം.

എനിക്ക് ഇന്ന് എല്ലാം വ്യക്തമാണ്. ഉയർന്ന വിദ്യാഭ്യാസമോ, റാങ്കോ ഒന്നുമല്ല ഔദ്യോഗിക ജീവിതം മികച്ചത് ആക്കാനുള്ള ഉപാധികൾ. നല്ല സ്വഭാവം, മറ്റുള്ളവരുമായി നല്ല രീതിയിൽ ആശയ വിനിമയം ചെയ്യാനുള്ള കഴിവ്, മറ്റുള്ളവരോടൊത്ത് ജോലി ചെയ്യാനുള്ള സൻമനസ്സ്, മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും അംഗീകരിക്കുവാനും ഉള്ള കഴിവ്, നല്ല പെരുമാറ്റം, ബുദ്ധിശക്തി ഇവയൊക്കെയാണ് നാം വിദ്യാഭ്യാസത്തിലൂടെ നേടി എടുക്കേണ്ടത്. അല്ലാതെ കുറെ ഡിഗ്രികൾ വാരിവലിച്ച് തലയിൽ വച്ച് ആ ഭാരവുമായി നടന്നതുകൊണ്ടു മാത്രം ജീവിതത്തിൽ നമ്മൾക്കു വിജയം കൈവരിക്കാൻ സാധിക്കില്ല.

എനിക്ക് ഒരു നല്ല വ്യക്തിത്വം ഇല്ലാതായിപ്പോയി. മറ്റുള്ളവരുമായി നന്നായി പെരുമാറാൻ എനിക്കു സാധിച്ചില്ല. എന്റെ അഹങ്കാരം എന്നെ മദോന്മത്തനാക്കി എടുത്തു, ഞാനതിന് അടിമപ്പെട്ടുപോയി. എന്റെ ഉപബോധമനസ്സ് എപ്പോഴും എന്നെ കീഴടക്കിക്കൊണ്ടിരുന്നു. മനസ്സുനിറയെ വിദ്വേഷമായിരുന്നു എനിക്ക് എപ്പോഴും. ഈ അഹന്തയും തലയിൽ പേറി എത്ര നാൾ ഞാൻ നടന്നു? ഔദ്യോഗിക ജീവിതത്തിൽ തിരിച്ചടികൾ വന്നു കൊണ്ടിരുന്നപ്പോഴെങ്കിലും എന്റെ പരാജയം ഞാൻ തിരിച്ചറിഞ്ഞിരുന്നു എങ്കിൽ ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു? എനിക്ക് എത്രമാത്രം ഉയരത്തിൽ എത്താൻ സാധിക്കുമായിരുന്നു?

അതൊക്കെ ഇന്നു വെറും ആഗ്രഹങ്ങളായി മാത്രം അവശേഷിക്കുന്നു.

പുനർജന്മത്തിൽ എനിക്കു വിശ്വാസമില്ല. എങ്കിലും ഞാനൊന്ന് ആശിച്ചുപോകുന്നു.

എന്റെ അഹങ്കാരമൊക്കെ അകറ്റി. എല്ലാവരാലും അംഗീകരിക്കപ്പെടുന്ന, എല്ലാവരും സ്നേഹിക്കുന്ന ഒരു നല്ല സ്വഭാവത്തിനുടമ ആയ ഒരു

നല്ല സഹപ്രവർത്തകനായി ജീവിക്കാൻ ഒരവസരം കൂടി എനിക്ക് തിരികെ കിട്ടിയിരുന്നെങ്കിൽ!

അല്ലെങ്കിൽ വേണ്ട

എന്റെ ജീവിതത്തിലെ നന്മകളും, തിന്മ കളും, നഷ്ടങ്ങളും, കോട്ടങ്ങളും, കുറവുകളും എന്റെ അഹങ്കാരത്തിനു ലഭിച്ച തിരിച്ചടികളും ഒക്കെ മറ്റുള്ളവർക്ക് ഒരു പാഠമായി തീർന്നിരുന്നെങ്കിൽ ഞാൻ കൃതാർത്ഥനാകുമായിരുന്നു. ●

(കവിത)

# ഏട്ടൻ



**ടി.എൻ. രാജലക്ഷ്മി**

കണ്ടോ ഇവനെന്റെ കൈവിടുന്നില്ലമ്മേ
എന്നെയിവനത്രയിഷ്ടമെന്നോ
അമ്മതൻ ചാരത്തുറങ്ങുന്ന പൈതലിൽ
പിഞ്ചു കൈയിൽ വിരൽ വെച്ചു കണ്ണൻ

എത്ര ദിവസം കഴിഞ്ഞാൽ വരുമിവൻ
എന്നുടെ കൂടെ കളിച്ചിടാനായ്
മുറ്റത്തു കൂടെയൊന്നോടി കളിക്കാനും
പന്തു തട്ടാനും തിടുക്കമായി

എന്നുടെ നൽക്കളിപ്പാട്ടങ്ങളൊക്കവെ
ഏകിടാം ഞാനെന്നനുജനായി
ബാറ്റുചെയ്യാൻ പഠിപ്പിച്ചിടാം പിന്നെയെൻ
സൈക്കിളിലേറ്റി സവാരി ചെയ്യാം.

ക്ലാസ്സിലെ പാഠങ്ങളൊക്കെ പഠിപ്പിക്കാം
നല്ല കഥകളുമേറെ പറഞ്ഞിടാം ഞാൻ
കുഞ്ഞിക്കവിതകൾ ചൊല്ലിക്കൊടുത്തിടാം
കുഞ്ഞുകവിളിലൊരുമ്മ നൽകാം.

കൂട്ടുകാരൊടൊക്കെ വീമ്പുപറഞ്ഞവൻ
വീട്ടിലെനിക്കുണ്ടൊരു കൊച്ചനുജൻ
നാളേറെച്ചെന്നാൽ വരുമവനുമെൻ
നാട്ടിലെ സ്കൂളിൽ പഠിപ്പതിന്നായ്.

ചൈത്രം

● മാനസിക സംഘർഷമനുഭവിക്കുന്നവർ
● ഏകാന്തതയനുഭവിക്കുന്നവർ ● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ ● നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ
നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# താന്ത്രികാരാധന



നന്ദകുമാർ മേനോൻ

നിഗമങ്ങൾ വേദങ്ങളും ആഗമങ്ങൾ തന്ത്രങ്ങളുമാണ്. നിഗമം എന്ന വാക്കിന് അംഗലത്തിൽ കൺക്ലൂഷൻ എന്ന അർത്ഥം ചേരും. അത് അറിവാണ്. ആഗമം എന്ന വാക്കിന് ആംഗലത്തിൽ അക്വിസിഷൻ, എന്നർത്ഥമുള്ള വരുത്തൽ, കൈക്കലാക്കൽ എന്നും മറ്റും അർത്ഥം പറയാം. അതു കൊണ്ടു തന്നെ എന്റെ സ്വകാര്യ അഭിപ്രായത്തിൽ ആഗമങ്ങൾക്ക് നിഗമങ്ങളെക്കാൾ പഴക്കമുണ്ട്. ആഗമസംഭൂതങ്ങളായ ആമ്നായങ്ങളാണ് താന്ത്രികാരാധനയുടെ അടിസ്ഥാനം. അത്തരം ആമ്നായനിയമങ്ങൾ വഴി കൈക്കലാക്കിയ, വശത്താക്കിയ ജ്ഞാനമാണ് നിഗമങ്ങൾ, അഥവാ വേദങ്ങൾ, വേദം എന്ന വാക്കിനും അറിവ് എന്നാണർത്ഥം. അറിവു സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ എന്നല്ല.

ഈശാവാസ്യോപനിഷത്തിൽ ഇങ്ങിനെ പറയുന്നു ഃ

തദേജതി തന്നൈജതി തദ്ദൂരേ തദന്തികേ

തദരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യതേ. (അർത്ഥം ഃ അത് ചലിക്കുന്നു. അത് ചലിക്കുന്നില്ല. അതകലെയാണ്. അതടു ത്താണ്. അതെല്ലാത്തിന്റെയും അകത്താണ്. അത് എല്ലാത്തിന്റെയും പുറത്താണ്. )

ജ്ഞാന സമ്പാദനത്തിന് യൂറോപ്യൻ ശാസ്ത്രങ്ങൾ മാത്രം സ്വായത്തമായ ഇന്നത്തെ ഭാരതീയന് പതിനായിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ള ഈ വാക്യം ഒരു ഭ്രാന്തൻ പ്രലപനമായി മാത്രമേ വിളങ്ങൂ. എന്നാൽ, ഈ അടുത്ത കാലത്തു മാത്രം അതായത് നാമൊക്കെ ജനിക്കുന്നതിന് ചില വർഷങ്ങൾക്കു മുൻപ് ജീവിച്ച ആൽബർട് ഐൻസ്റ്റെൻ ഇങ്ങിനെ പറഞ്ഞു വച്ചു.

ദേർ ഈസ് നൊ അപ് ഓർ ഡൗൺ. ദേ ആർ റിലേറ്റീവ്.

ദേർ ഈസ് നൊ അബ്സെല്യൂട് ഈസ്റ്റ് ഓർ നോരത്ത്. ദേ ആർ റിലേറ്റീവ്.

എ ലബോറട്ടെറി മൂവിംഗ് അറ്റ് യൂണിഫോം വെലോസിറ്റി ഈസ് ലൈക് എ സ്റ്റേഷനറി ലാബ്.

ഈഫ് യു മൂവ് ഫാസ്റ്റർ ദാൻ ലൈറ്റ്, ദെൻ ടൈം വീൽ ഫ്ളോ ബാക്വേഡ്സ്. (മുകളിൽ താഴെ എന്നിവ കേവലമായ സത്യങ്ങളല്ല. അവ ആപേക്ഷികമാണ്. കിഴക്കും വടക്കും സുനിശ്ചിതങ്ങളല്ല. അവ ആപേക്ഷികമാണ്. നിശ്ചിതമായി മാറ്റമില്ലാത്ത വേഗതയിൽ സഞ്ചരിക്കുന്ന ഒരു പരിക്ഷണശാല, നിശ്ചലമായ ഒരു പരീക്ഷണശാലക്കു സമം.

(നിങ്ങൾ പ്രകാശത്തെക്കാൾ വേഗതയിൽ സഞ്ചരിച്ചാൽ സമയം പിന്നോട്ടോടും.)

പതിനായിരക്കണക്കിനു വർഷങ്ങൾക്ക് മുൻപ് ഭാരതീയ ഋഷിമാർക്കറിയാമായിരുന്ന കാര്യങ്ങൾ പുതുതായി കണ്ടുപിടിച്ചതുപോലെ ഒരു യൂറോപ്യൻ പറഞ്ഞപ്പോൾ, ഇന്നത്തെ ബൗദ്ധികാടിമകളായ ഭാരതീയർക്ക് അത് ഭ്രാന്തന്റെ പ്രലോപനങ്ങളല്ല, മറിച്ച് സയന്റിഫിക് ഡിസ്കവറിയായി.

യസ്യാമതം തസ്യ മതം മതം യസ്യ ന വേദ സഃ

അവിജ്ഞാതം വിജാനതാം വിജ്ഞാതമ വിജാനതാം (കേനോപനിഷത്)

(അർത്ഥം ഃ അറിയാത്തവൻ അറിയുന്നു. അറിയിന്നു എന്നു കരുതുന്നവൻ അറിയുന്നില്ലാ അറിയുന്നവനറിയാത്തതും അറിഞ്ഞവനറിയാത്തതും)

മേൽ പറഞ്ഞതും അറിവാണ്. ചിലവയെ ലൗകിക ന്യായമനുസരിച്ച് അറിയാൻ കഴിയില്ല എന്നറിയുന്നവൻ അത്രയെങ്കിലും അറിയുന്നു. എന്നാൽ, ലൗകിക ന്യായമനുസരിച്ചറിയാൻ കഴിയാത്ത ഒന്നിനെ അറിയുന്നു എന്നു വിചാരിക്കുന്നവൻ ഒരു പ്രകാരത്തിലും അതിനെ അറിയുന്നില്ല. ഇത്തരം അറിവുകൾ മനുഷ്യനെങ്ങനെ ഉണ്ടായി? സ്വായംഭുവ മനു

(ഏറ്റവും ആദ്യമായുണ്ടായ മനുഷ്യൻ) വാഗ്ഭവ ബീജത്തെ ആരാധിച്ച് ജ്ഞാനിയായി എന്ന് ദേവീ ഭാഗവതം പറയുന്നു. വാഗ്ഭവ ബീജമായ ഐം ആഗമ സംബന്ധിയാണ്. സാഗരസമീപം, ദേവീ വിഗ്രഹം നിർമ്മിച്ച്, ഈ വാഗ്ഭവ ബീജത്തെ ആരാധിച്ച്, ജ്ഞാനിയായവനാണ് സ്വായംഭുവ മനു. തുടർന്നുണ്ടായ എല്ലാ മനുക്കളും ദേവീ സപര്യ (പൂജ)യിലൂടെയാണ് പ്രജ്ഞാനം സമ്പാദിച്ചത്. ആഗമ സംബന്ധികളായ ഉപാസനാവിധികളിലൂടെയാണ് ഇവരെല്ലാം നിഗമജ്ഞാ

നം ആർജ്ജിച്ചത്.

**തന്ത്രശാസ്ത്രം**

അടുത്ത കാലത്തായി, നമ്മുടെ ഇടയിൽ താന്ത്രികാരാധനക്ക് വലുതായ പ്രാമാണ്യം സിദ്ധിച്ചു വരുന്നുണ്ട്. വളരെക്കാലം മുമ്പു മുതൽ തന്നെ ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട് തന്ത്ര, യന്ത്ര, മന്ത്രാദികൾക്ക് പ്രാമാണ്യമുണ്ടായിരുന്നെങ്കിലും, മന്ത്രോപാസന, ക്ഷേത്രവുമായി ബന്ധപ്പെട്ട തന്ത്രിയും ശാന്തിക്കാരനും മാത്രം ചെയ്തിരുന്നതായിരുന്നു. അടുത്തകാലത്തായി ആർക്കും ചെയ്യാവുന്നതാണ് മന്ത്രോപാസന എന്ന ഒരു തെറ്റിദ്ധാരണ പ്രബലമായിട്ടുണ്ട്. ഇതിൽ നായർ സമുദായാംഗങ്ങളും ഈഴവ സമുദായാംഗങ്ങളുമാണ് അപകടത്തിൽ പെട്ടിട്ടുള്ളത്.

പണ്ടുകാലം മുതൽ നമ്മുടെ സമുദായത്തിൽ നിലവിലുള്ള ഒരാചാരമാണ് സന്ധ്യക്ക് വിളക്കു കത്തിക്കലും ചമ്രം പടിഞ്ഞിരുന്ന് നാമം ചൊല്ലുന്നതും. നാരായണ, നമശ്ശിവായ മുതലായ നാമങ്ങൾ 108 ഉരു ജപിച്ചാണ് നാം സന്ധ്യ കഴിച്ചിരുന്നത്. ഇവിടെയാണ് നാമജപവും താന്ത്രിക സമബന്ധിയായ മന്ത്രജപവും തമ്മിലുള്ള വ്യത്യാസം അറിയേണ്ടത്. നമശ്ശിവായ എന്നത് നമാജപമാണെങ്കിൽ, ഓം നമശ്ശി വായ എന്നത് പഞ്ചാക്ഷരി എന്ന മന്ത്രമാണ്. നാരായണ എന്നത് നാമജപമാണെങ്കിൽ, ഓം നമോ നാരായണായ എന്നത് അഷ്ടാക്ഷരിമന്ത്രമാണ്. മന്ത്രം ജപിക്കാൻ അവകാശവും തജ്ജന്യമായ ഗുരുപദേശവും വേണം.

ഓരോ വ്യക്തിയുടെയും ജന്മനക്ഷത്രവും ജന്മകുണ്ഡലിയും നിർദ്ദേശിക്കുന്ന തരത്തിൽ ഓരോരുത്തർക്കും ഏതു മന്ത്രം ഉപാസിക്കാം എന്നതിനും നിയമമുണ്ട്. കാളി, ദുർഗ്ഗ, ഷണ്മുഖൻ, നാരായണൻ, ശിവൻ, സുന്ദരി, എന്നിങ്ങനെ ഏതു മൂർത്തിയെ ഒരാൾക്കാരാധിക്കാം എന്നത് അയാളുടെ ജന്മകുണ്ഡലി തീരുമാനിക്കും. അത്, ഒരു ഗുരുനാഥനു മാത്രമേ അറിയാവൂ. അങ്ങിനെ സ്വന്തം മന്ത്രാധികാരം അറിഞ്ഞ് യോഗ്യനായ ഒരു ഗുരുനാഥനിൽ നിന്നും യഥാവിധി മന്ത്രദീക്ഷ സ്വീകരിച്ചവനു മാത്രമേ മന്ത്രോപാസന വിധിച്ചിട്ടുള്ളു.

***ഗുരുവും ശിഷ്യനും***

മുന്നേ സൂചിപ്പിച്ചതുപോലെ, താന്ത്രികാരാധനാസമ്പ്രദായത്തിൽ, ഏറ്റവും പ്രധാനമായത് ഗുരുവരണമാണ്. നൂറു കണക്കിനു ഗ്രന്ഥങ്ങൾ താന്ത്രികസംബന്ധികളായുണ്ട്. കുളാർണ്ണവതന്ത്രം, പരശുരാമ കല്പസൂത്രം, പരമാനന്ദതന്ത്രം, ശാരദാതിലകം, മഹാനിർവാണ തന്ത്രം, തന്ത്രരാജ തന്ത്രം എന്നിവ അവയിൽ ചില പ്രധാനികൾ മാത്രം. താന്ത്രിക വിഷയകമായ ഏതൊരു തരക്കത്തിലും ഗ്രന്ഥങ്ങളെ ഉദ്ധരിക്കേണ്ടിവരുമ്പോൾ ഇവയിൽ പലതിനെയും ഉദ്ധരിക്കും. ഗുരുവിന്റെയും ശിഷ്യന്റെയും ലക്ഷണങ്ങൾ ഇവയിൽ പലതിലും പറയുന്നുണ്ട്.

ഗുരുവില്ലാതെ പുസ്തകങ്ങൾ നോക്കി മന്ത്രങ്ങൾ ജപിക്കുന്നത് വിലക്കിക്കൊണ്ട് (നാമ ജപവും, സ്തോത്രജപവുമല്ല, മന്ത്രജപം) കുളാർണവ തന്ത്രം ഇങ്ങിനെ പറയുന്നു.

പുസ്തകെ ലിഖിതാൻ മന്ത്രാൻ വിലോക്യ പ്രജപന്തി യേ

ബ്രഹ്മഹത്യാ സമം തേഷാം പാതകം വ്യാധി ദുഃഖദം (കുളാർണവം.15.21)

(അർത്ഥം ഃ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ള മന്ത്രങ്ങൾ നോക്കി ആർ ജപിക്കുന്നുവോ അവർ വ്യാധികൾക്കും ദുഃഖങ്ങൾക്കും കാരണമായ ബ്രഹ്മഹത്യക്കു സമമായ പാതം ചെയ്യുന്നു.)

ബ്രഹ്മഹത്യാ എന്നാൽ ബ്രഹ്മണനെ കൊല്ലുക എന്നർത്ഥം. പക്ഷെ ഇന്ന് പലരും തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ ബ്രാഹ്മണൻ എന്നാൽ നമ്പൂരി, പട്ടേരി, അയ്യർ, അയ്യങ്കാർ മുതലായ ജാതികളല്ല, മറിച്ച് അതൊരു ജീവിതരീതിയും തജ്ജന്യമായ ആത്മീയാവസ്ഥയുമാണ്. ഒരു നായർക്കും ബ്രഹ്മണനാവാം. ഏവം ഉക്തലക്ഷണോ യ ഃ സ ഏവ ബ്രാഹ്മണ ഃ ഇതി ശ്രുതി സ്മൃതി പുരാണാനാമഭിപ്രായ. എന്നവസാനിക്കുന്ന വജ്രസൂചികോപനിഷത്തിലെ പത്താമത്തെ ശ്ലോകത്തിനു മുൻപ് ബ്രാഹ്മണനാരാണെന്ന് വിവരിക്കുന്നുണ്ട്. അവിടെ നോക്കുക. അങ്ങിനെയെല്ലാമിരിക്കുന്ന ബ്രാഹ്മണനെ കൊല്ലുന്നതുകൊണ്ടുള്ള പാപം ഏറ്റവും വലിയ മഹാപാപമായാണ് ഗണിച്ചിരിക്കുന്നത്. അതിനു തുല്യമാണ് പുസ്തകങ്ങളിൽ കൊടുത്തിട്ടുള്ള മന്ത്രങ്ങൾ നോക്കി ജപിക്കുന്നത്. അതിനു കാരണങ്ങൾ പലതാണ്. മുകളിൽ പറഞ്ഞതുപോലെ, ഓരോ നക്ഷത്രക്കാർക്കും ചേരുന്ന മന്ത്രങ്ങളുണ്ട്. അത് ഗുരുവിനറിയാം. രണ്ട്, മന്ത്രം ഉപദേശിക്കുന്നതോടൊപ്പം, ഗുരു ശിഷ്യന്റെ തലയിൽ ജപിച്ച ജലകുംഭം കൊണ്ടഭിഷേകം ചെയ്യുക, കാൽ വിരൽ ശിഷ്യന്റെ നിറുകയിൽ വക്കുക, കൈകൊണ്ട് ശിഷ്യന്റെ ശരീരത്തിൽ മന്ത്രപ്രവാഹം നടത്തുക എന്നിങ്ങിനെ ഒന്നോ അതിലധികമോ കാര്യങ്ങൾ ശിഷ്യലക്ഷണ, മന്ത്രസ്വഭാവങ്ങൾക്കനുസരിച്ച് ചെയ്യും. അങ്ങിനെ ചെയ്യുന്നതിലൂടെ ലഭിക്കുന്ന ചില ശാരീരിക, മാനസിക, ആത്മീയ പരിവർത്തനങ്ങൾക്കു ശേഷമേ മന്ത്രോപാസന ചെയ്യാൻ ശിഷ്യൻ ശക്തനാകൂ എന്നതാണ്.

എന്നാൽ ആരായിരിക്കണം ഗുരു? ഗുരു ലക്ഷണം വിസ്തരിച്ച് കുളാർണവത്തിൽ പറഞ്ഞി

ട്ടുണ്ട്. ചുരുക്കി ഞാനിവിടെ പറയാം.

“സുന്ദര ഃ സുമുഖസ്വച്ഛ ഃ സുലഭൊ ബഹു ത ന്ത്രവിദ്

അസംശയ ഃ സംശയിച്ഛിദ് നിരപേക്ഷോ ഗു രുർമ്മത ഃ

സൗന്ദര്യമനവദ്യത്വം രൂപേ സുമുഖതാ പുന ഃ

സ്മേരപൂർവാഭിഭാഷിത്വം സ്വച്ഛതാ ജിഹ്മവൃ ത്തിതാ

സൗലഭ്യമപ്യഗർവിത്വം സന്തോഷോ ബഹു തന്ത്രതാ അസംശയസ്തത്വബോധ ഃ തച്ഛിത്ത ത്പത്രിപാദനം

നൈരപേക്ഷ്യമവിത്തേച്ഛാ ഗുരുത്വം ഹിത വേ ദിതാം ഏവം വിധോ ഗുരുർജ്ഞേയസ്കിതര ഃ ശിഷ്യദുഃഖദ”

അർത്ഥം വ്യക്തമാണ്. ഇതിൽ ധനത്തിൽ ആ ഗഹമില്ലായ്മ, സൗലഭ്യം അതായത് എപ്പോൾ വേണമെങ്കിലും ശിഷ്യന് സമീപിച്ച് സംശയ നി വാരണം നടത്താനുള്ള ഗുരുവിന്റെ ലഭ്യത ഇവ ശ്രദ്ധിക്കുക. ഇതിൽ നിന്നും ഒരുയർന്ന സ്റ്റേ ജിൽ ഇരുന്നുള്ള ഗുരുവിന്റെ പ്രസംഗം കേൾ ക്കാൻ മാത്രമേ ശിഷ്യനു കഴിയുന്നുള്ളുവെങ്കിൽ, അത് യഥാർത്ഥ ഗുരുവല്ല എന്നും വന്നു ചേർ ന്നു.

ഇതുപോലെ തന്നെ ശിഷ്യലക്ഷണവും അ വിടെത്തന്നെ പ്രതിപാദിക്കുന്നുണ്ട്. അത് സ്വയം അറിഞ്ഞിരിക്കണം. ഗുരു മനസ്സിലാക്കി ഒന്നോ, രണ്ടോ, മൂന്നോ വർഷത്തെ പരസ്പരപരീക്ഷ ണം നടത്തിയതിനുശേഷം ഇരുവരും യോഗ്യ തകൾ മനസ്സിലാക്കിയതിനുശേഷമാണ് പൂർണ്ണ മായ മന്ത്രദീക്ഷ നൽകപ്പെടുന്നത്. അങ്ങിനെ ചെ യ്യുന്നയാൾക്കു മാത്രമേ യഥാർത്ഥ മന്ത്രസിദ്ധി ലഭിക്കൂ.

**ഇന്നത്തെ അനാചാരങ്ങൾ**

ആർക്കും പുസ്തകം നോക്കി മന്ത്രങ്ങൾ സാ ധിക്കാം എന്ന തെറ്റിദ്ധാരണയിൽ നിന്നുടലെടു ക്കുന്ന അനാചാരം.

ലളിതാ സഹസ്രനാമത്തിന്റെ തെറ്റായ ജപം. ലളിതാ സഹസ്രനാമം മറ്റു സഹസ്രനാമങ്ങൾ പോലെയല്ല. അതിന് മന്ത്രസ്വഭാവമാണ് സ്തോ ത്ര സ്വഭാവത്തിനെക്കാൾ കൂടുതൽ. അതുകൊ ണ്ടു തന്നെ ശ്രീവിദ്യാ (ത്രിപുര സുന്ദരി, ശ്രീച ക്രം) ഉപാസനാദീക്ഷ ലഭിക്കാത്തവർ അത് ചൊ ല്ലിക്കൂടാ. ഇത്, ബ്രഹ്മാണ്ഡപുരാണത്തിൽ ഹയ ഗ്രീവൻ അഗസ്ത്യന് ഉപദേശിക്കുന്ന അവസര ത്തിൽ പറഞ്ഞിട്ടുള്ളതാണ്. എങ്കിലും എന്റെ അ നുഭവത്തിൽ, തെറ്റുകൂടാതെ കൃത്യമായി നിത്യം പാരായണം ചെയ്യുന്നവന് ശ്രീവിദ്യാമന്ത്രദീക്ഷ വന്നുചേരും. നല്ല വ്യാഖ്യാനങ്ങൾ വാങ്ങി മന സ്സിലാക്കി, ചതുർത്ഥ്യന്തമായ, നാമാവലിയും സ്വാ യത്തമാക്കി ജപിക്കുന്നത് ശ്രേയസ്കരമാണ്. അ ല്ലാത്തത് ഒഴിവാക്കുക.

എല്ലാ മൂർത്തികളും ഒന്നാണെന്ന ധാരണ പ ല അബദ്ധങ്ങളിലേക്കും വഴിവക്കുന്നുണ്ട്. ഉദാ ഹരണമായി, ഭദ്രകാളി ക്ഷേത്രത്തിനു മുമ്പിൽ കൂട്ടമായിരുന്ന് വിഷ്ണു സഹസ്രനാമം ജപിക്കു ന്നത്. വിഷ്ണുക്ഷേത്രത്തിൽ ദേവീ ഭാഗവത പാ രായണം നടത്തുന്നത്. സന്നിഹിതമായിരിക്കു ന്ന ഒരു ദേവതയെ മറ്റൊരു മന്ത്രം കൊണ്ടുപാ സിച്ചാൽ, പ്രത്യക്ഷദേവതയുടെയും, മന്ത്രദേവ തയുടെയും ശാപം കൈവരുമെന്നത് താന്ത്രിക നിയമം. അതുകൊണ്ട് ക്ഷേത്രങ്ങളിൽ അതതു ദേവതകളുടെ സ്തോത്രങ്ങളും പുരാണങ്ങളും പാരായണം ചെയ്യുക.

അക്ഷരവ്യക്തതയില്ലാത്തതുകൊണ്ട് വരുന്ന അപകടങ്ങൾ. കുറച്ചു വർഷം മുൻപ് ഒരാൾ എ ന്നെ സമീപിച്ച് മന്ത്രോപദേശം ചോദിച്ചു. ഞാൻ നിരസിച്ചപ്പോൾ അയാൾ പത്രത്തിൽ കണ്ട ഏ തോ പരസ്യത്തിന് അപേക്ഷിച്ച് മന്ത്ര സ്കൂളിൽ അഡ്മിഷൻ വാങ്ങി. അന്നെന്തോ ഒരു ഫെസ്റ്റി വൽ ഓഫറും ഉണ്ടായിരുന്നു. രണ്ടു മന്ത്രമെടു ത്താൽ ഒരെണ്ണം ഫ്രീ എന്നോ, ഉത്സവകാല കി ഴിവ് എന്നോ മറ്റോ. ഓർമ്മയില്ല, കുറച്ചു നാൾ കഴിഞ്ഞ് അയാൾ, സപരിവാരം പൂജകൾ എന്ന ഗ്രന്ഥവും കൊണ്ടെന്റെ അടുത്ത് വന്നു ഒരു പൂ ജ പറഞ്ഞു കൊടുക്കാൻ ആവശ്യപ്പെട്ടു. ഞാൻ അതുച്ചരിച്ച് അയാളെക്കൊണ്ടാവർത്തിപ്പിച്ചു. ഹ്രീം എന്ന സ്ഥാനത്ത് അയാൾക്ക് ക്രീം എന്നു മാത്രമേ ഉച്ചരിക്കാൻ കഴിഞ്ഞുള്ളു. ഹ എന്ന അ ക്ഷരം അയാൾക്ക് വ്യക്തമായി ഉച്ചരിക്കാൻ ക ഴിയുന്നുണ്ടായിരുന്നില്ല. അത് വിശദീകരിച്ച് ഞാ നയാളെ അയച്ചു. അതുപോലെ തന്നെ ഖരം അതിഖരം, മൃദു, ഘോഷം എന്നീ അക്ഷരങ്ങൾ തമ്മിലുള്ള വ്യത്യാസം. ഖ യും ഘ യും ഉച്ചരി ക്കുന്നത് വ്യത്യസ്തമാണ്. അങ്ങിനെ, ഛ/ഝ ഠ/ഢ ഥ /ധ ഫ/ ഭ എന്നി വയും ഇവ കൃത്യമാ യി ഉച്ചരിക്കാൻ കഴിയാത്തവൻ മന്ത്രോപാസന ക്കിറങ്ങിത്തിരിക്കാതിരിക്കുകയാണ് ഭേദം.

ഭക്തിയോടുകൂടി എന്തും ജപിക്കാം വിപത്തി ല്ല എന്ന തെറ്റിദ്ധാരണ, ഭക്തിയോടുകൂടി തോ ക്കിന്റെ കുഴൽ സ്വന്തം നെഞ്ചിലേക്ക് ചൂണ്ടി കാ ഞ്ചി വലിച്ചാൽ അവനവനാണ് മരിക്കുക. മന്ത്രോ പാസനയിലും ഭക്തി വേണം. എങ്കിലും ഭക്തി മാത്രം മതിയെങ്കിൽ, ഭക്തി യോഗം അനുഷ്ഠി ക്കുകയാവും നന്ന്. തന്ത്രമല്ല. ●

# നിദ്രാവത്വം



യു.എസ്. രവീന്ദ്രൻ

രാമായണത്തിലെ ഒരു കഥാപാത്രമാണ് കുംഭകർണ്ണൻ. സ്ഥിരം ഉറക്കമാണ് ജോലി. ബ്രഹ്മാവിൽ നിന്നും ചോദിച്ചു വാങ്ങിയതാണത്രേ ഉറക്കം. നിർദേവത്വം എന്ന ദേവൻമാർ ഇല്ലാത്ത അവസ്ഥയാണ് ചോദിക്കാൻ ആഗ്രഹിച്ചത്. ഒന്നു വിലസാമല്ലോ. അങ്ങിനെയുള്ള ഒരു അവസ്ഥ വന്നാലുള്ള സ്ഥിതിവിശേഷം മുൻകൂട്ടി കണ്ടുകൊണ്ട് സാക്ഷാൽ വാക്ദേവത പറ്റിച്ച പണിയാണ് നിർദേവത്വം നിദ്രാവത്വമായി തെറ്റിച്ച് പറയാൻ കുംഭകർണ്ണനെ ഇടയാക്കിയത്. നീ ചോദിച്ചത് തന്നെ നിനക്ക് ലഭിച്ചിരിക്കുന്നു എന്ന് ബ്രഹ്മാവ് അനുഗ്രഹിച്ചപ്പോൾ സ്ഥിരം ഉറക്കക്കാരനായി മാറി കുംഭകർണ്ണൻ. കുംഭകർണ്ണസേവ എന്ന പ്രയോഗം പലപ്പോഴും നിഷേധാർത്ഥത്തിലാണ് ഉപയോഗിക്കാറുള്ളതെങ്കിലും നല്ല ഒരു ഉറക്കംകിട്ടുക എന്നത് ഇന്നത്തെ ലോകത്ത് ഒരനുഗ്രഹം തന്നെയല്ലേ?

2013 മാർച്ചിലെ ഒരു തിങ്കളാഴ്ച രാത്രിയുടെ അന്തിമയാമങ്ങളിൽ ബോംബെ പൂനാ എക്സ്പ്രസ് ഹൈവേയിൽ ഒരപകടം ഉണ്ടായി. ഒരു വാഹനത്തിൽ സഞ്ചരിച്ചിരുന്ന പത്തുപേരിൽ ആറുപേരും അവരുടെ വാഹനം ഒരു ട്രക്കുമായി ഉണ്ടായ കൂട്ടിയിടിയിൽ മരിച്ചു. മൂന്നുപേർ ഗുരുതരമായ പരിക്കുകളോടെ രക്ഷപ്പെട്ടു. വാഹനം ഓടിച്ചിരുന്ന ഡ്രൈവറും കഷ്ടിച്ച് രക്ഷപ്പെട്ടു. അന്വേഷണത്തിനിടയിൽ ഡ്രൈവർ കുറ്റം സമ്മതിച്ചു. വാഹനം ഓടിച്ചുകൊണ്ടിരുന്നപ്പോൾ താൻ ഉറങ്ങിപ്പോയെന്ന്. ഇത് ഒരൊറ്റപ്പെട്ട സംഭവമല്ല. സേവ്ലൈഫ് ഫൗണ്ടേഷൻ എന്ന ഗവൺമെന്റിതര സംഘടന നടത്തിയ പഠനത്തിൽ ബോംബെ പൂന ഹൈവേയിൽ മാത്രം ഒരു കൊല്ലത്തിൽ ഉണ്ടായ 364 അപകടങ്ങളിൽ നൂറ്റിപത്തോളം അപകടങ്ങൾ ഡ്രൈവർ ക്ഷീണിച്ചുറങ്ങിപോയത് കൊണ്ടുണ്ടായിട്ടുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

2009 ൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) നടത്തിയ ഒരു പഠനത്തിൽ 380 അപകടങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗവും ഡ്രൈവർ ജോലി തൊഴിലാക്കി സ്വീകരിച്ചവർ ഉറക്കക്കുറവുമൂലം വരുത്തി വച്ചത് ആണെന്ന് കാണാൻ കഴിഞ്ഞു. അതിൽ 60% പേരും രാത്രി ഉറക്കമിളച്ചവർ ആണ്. 15% പേരും പ്രത്യേക ഉറക്കസ്വഭാവമുള്ളവർ ആണ്. ഉറക്കകുറവ് ഒരാളുടെ മനസാന്നിദ്ധ്യം നഷ്ടപ്പെടുത്തുകയും ഗ്രാഹ്യക്ഷമത കുറക്കുകയും കൃത്യസമയത്ത് ബ്രേക്ക് ചവിട്ടുവാനും, ഇടത്തോട്ടോ, വലത്തോട്ടോ തിരിക്കുവാനുള്ള കഴിവ് കുറക്കുകയും ചെയ്യുന്നു. ഡൽഹി അപ്പോളോ ഹോസ്പിറ്റലിലെ അത്യാഹിത വിഭാഗവും നിദ്രാവിഭാഗവും കൈകാര്യം ചെയ്യുന്ന ഡോക്ടർ കൻവാറിന്റെ അഭിപ്രായമാണിത്. വാഹനം ഓടിക്കുമ്പോൾ ഒരു നിമിഷം കണ്ണൊന്നു പൂട്ടിയാൽ പോലും ഗുരുതരമായ ഭവിഷത്തുകൾ ഉണ്ടായേക്കാം.

ഉറക്കമില്ലാത്തവരുടെ എണ്ണത്തിൽ ഇന്ത്യ മുൻപന്തിയിലാണ്. 2009ലെ ഫിലിപ്സ് നെൽസൺ സർവേയിൽ 93% ഇന്ത്യാക്കാരും വേണ്ടത്ര ഉറങ്ങാത്തവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 11% പേരും ജോലിസ്ഥലത്ത് ഉറക്കം തൂങ്ങികളാണെന്ന് സമ്മതിച്ചിട്ടുണ്ട്. 11 % പേർ ഒന്നുറങ്ങുവാൻ വേണ്ടി മാത്രം ലീവ് എടുക്കുന്നവരാണത്രേ. ഉറക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പാശ്ചാത്യർ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഉറക്കമില്ലായ്മ എന്ന രോഗത്തെ എങ്ങിനെ നേരിടാം എന്ന് ആലോചിക്കാൻ തുടങ്ങിയിരിക്കുന്നു. 2011ൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ (CDC) ഉറക്കമില്ലായ്മ ഈ കാലഘട്ടത്തിന്റെ ഒരു രോഗമാണെന്ന് കണ്ടെത്തിയിരിക്കുന്നു. പഴയ കാലഘട്ടത്തിലെ പുകയില ജന്യരോഗങ്ങളെപ്പറ്റിയുണ്ടായിരുന്ന ആശങ്കപോലെ. നിദ്രാഹീനത ഒരു രോഗമായി മാറിയിട്ടുണ്ട് ഇപ്പോൾ. 1950കളിൽ പുകവലിയോട് ബന്ധപ്പെട്ടുകിടക്കുന്ന രോഗങ്ങളായിരുന്നു സാധാരണയായി കണ്ടുവന്നിരുന്നത്. ഹാർവാഡ് യൂണിവേഴ്സിറ്റിയിലെ സ്ലീപ് മെഡിസിൻ വിഭാഗത്തിന്റെ എക്സിക്യൂട്ടിവ് ഡയറക്ടറായിരുന്ന ഡോക്ടർ റസ്സൽ സന്നയുടെ അഭിപ്രായമാണിത്. അൻപതു കൊല്ലം മുൻ

പുവരെ ഡോക്ടർമാരും പുകവലിച്ചിരുന്നു. എന്നാൽ പുകവലിയുടെ അനന്തരഫലങ്ങൾ മാരകങ്ങളാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കുവാൻ നന്നേ പാടുപെടേണ്ടി വന്നു. ഇന്ത്യയിലെ ജനങ്ങളുടെ ഉറക്കമില്ലായ്മ ഒരു പ്രശ്നമാണെന്ന് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് തോന്നുന്നില്ല. അത് അർഹിക്കുന്ന ഗൗരവത്തോടെ ആരോഗ്യമന്ത്രാലയം എടുത്തു കാണുന്നില്ല. കഴിഞ്ഞ ദശകങ്ങളിൽ ചില സ്ഥാപനങ്ങളിൽ മാത്രം ഉറക്കമില്ലായ്മയെപ്പറ്റി മുൻപത്തേക്കാൾ പ്രാധാന്യത്തോടെ പഠിക്കാൻ തുടങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ വർദ്ധിച്ചു വരുന്ന കോൾ സെന്ററുകളും നൈറ്റ്ഷിഫ്റ്റ് പാറ്റേണുകളും വച്ച് നോക്കുമ്പോൾ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ നമ്മൾ വളരെ പിറകിലാണ്. പഞ്ചാബിലെ ഫോർട്ടിസ് ഹോസ്പിറ്റലിലെ ഡോക്ടർ അമിത്മണ്ഡലിന്റെ അഭിപ്രായമാണിത്. ഗവൺമെന്റ് പ്രശ്നം കൈകാര്യം ചെയ്യുന്നതുവരെ കാത്തിരിക്കാതെ ഓരോരുത്തരും അവരവരുടെ ഉറക്കമില്ലായ്മ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് തുടങ്ങേണ്ടിയിരിക്കുന്നു.

ഉറക്കക്കുറവ് ഒരു വ്യക്തിയെ പല വിധത്തിൽ ബാധിക്കുന്നു. അമേരിക്കയിലെ നാഷണൽ സ്ലീപ് ഫൗണ്ടേഷന്റെ കണ്ടെത്തൽ പ്രകാരം ശരീരവും മനസ്സും നന്നായി പ്രവർത്തിക്കണമെങ്കിൽ ശരാശരി മനുഷ്യൻ ഒരു ദിവസം ഏഴു മുതൽ ഒമ്പത് മണിക്കൂർ ഉറങ്ങിയിരിക്കണം. പക്ഷേ ഉറക്കത്തെ പറ്റിയുള്ള ഒരു പഠനപ്രകാരം (AC സെന്റർ സ്റ്റഡി)

ലോകത്തിലുള്ള 61% പേരും ഏഴുമണിക്കൂറിനു താഴെയും അതിൽ 46% പേർ ആറുമണിക്കൂറിനു താഴെയും മാത്രം ഉറങ്ങുന്നവരാണ്. 40% പേരും രാത്രി പതിനൊന്നു മണിക്കും പന്ത്രണ്ടു മണിക്കും ഇടയിൽ ഉറങ്ങാൻ പോകുന്നവരാണ്. ഇന്ത്യയിലെ 64% പേരും രാവിലെ ഏഴുമണിക്ക് മുൻപ് എണീക്കുന്നവരാണ്. ഒരാളുടെ ആരോഗ്യം, ബന്ധങ്ങൾ, ജോലിക്ഷമത തുടങ്ങിയ ഓരോ കാര്യങ്ങളും അയാളുടെ ഉറക്കസ്വഭാവവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഡോക്ടർ റസ്സൽ സന്ന പറയുന്നു ഉറക്കക്കുറവ് ഒരാളെ രോഗിയും, തടിയനും, വിവേകം നഷ്ടപ്പെട്ടവനൊക്കെയാക്കുന്നു. ഉറക്കക്കുറവ് ഹൈപർ ടെൻഷൻ, പ്രമേഹം, ഉന്മാദം(Depression) എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അകാലമരണത്തിനും കാരണമാക്കുന്നു. ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ ഒരു പഠനത്തിൽ ഉറക്കക്കുറവ് എലികളിൽ കാൻസർ സെല്ലുകളെ വേഗത്തിൽ വളരുന്നതിനും ശരീരത്തിന്റെ രോഗപ്രതിരോധശക്തിയെ പ്രതികൂലമായി ബാധിക്കുന്നുവെന്നും അസാധാരണമായ സെൽ വളർച്ചയെ തടയാനുള്ള കഴിവ് നഷ്ടപ്പെടുത്തുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. ഉറക്ക പ്രശ്നങ്ങളും പ്രമേഹവും വളരെ ബന്ധപ്പെട്ടു കിടക്കുന്നു. ആറു മണിക്കൂറിൽ താഴെ ഉറങ്ങുന്നവർക്ക് രക്തത്തിൽ പഞ്ചസാരയുടെ അളവ് വർദ്ധിക്കാനുള്ള മൂന്നു മടങ്ങ് സാധ്യതകളാണുള്ളത്. ഹരിയാനയിലെ മേദന്ത മെഡിസിറ്റിയിലെ പ്രമേഹരോഗ വിദഗ്ദ്ധൻ ഡോക്ടർ അംബരീഷ് മിത്തലിന്റെ അഭിപ്രായമാണിത്. കാരണം ഉറക്കക്കുറവ് ശരീരത്തിന്റെ അവധാരണനിയന്ത്രണ കേന്ദ്രത്തെ (Stress control Centre) ബാധിക്കുകയും ഗ്ലൂക്കോസ് അസഹിഷ്ണുത (G-lucose intolerance) കൂട്ടുകയും ടൈപ്പ് 2 പ്രമേഹം ഉണ്ടാക്കുകയും ചെയ്യുന്നു. ഉറക്കക്കുറവിനെ ശരീരം ഒരു സ്ഥിരം മർദ്ദകനായി കണക്കിലെടുത്ത് പ്രമേഹ സാധ്യത വർദ്ധിപ്പിക്കുന്നു.

ഉറക്കക്കുറവ് കാരണം കൊണ്ട് ശരീരപോഷണ വ്യവസ്ഥിതിയും(Metabolism) ഹോർമോൺ വ്യവസ്ഥിതിയും മാറ്റമുണ്ടാകുന്നു.

തൽഫലമായി ശരീരഭാരം കൂടാനുള്ള സാദ്ധ്യതയും കൂടി വരുന്നു. ഉറക്കക്കുറവ് ഒരാളെ ക്ഷീണിതനാക്കുന്നു. അതുമൂലം എപ്പോഴും ഭക്ഷണം കഴിക്കാനുള്ള പ്രവണത കൂടി വരുന്നു. ഉറക്കക്കുറവ് ശരീരത്തിലെ ഗെരെലിൻ എന്ന ഹോർമോൺ ലവൽ വർദ്ധിപ്പിക്കുന്നു. ഭക്ഷണം കഴിക്കാനുള്ള ആഗ്രഹം ഉണ്ടാക്കുന്ന ഹോർമോണാണിത്. ലെപ്റ്റിൻ എന്ന ഹോർമോൺ സ്രാവം കുറയ്ക്കുന്നു. വയറു നിറഞ്ഞു എന്ന് സൂചിപ്പിക്കുന്ന ഹോർമോൺ ആണിത്. രണ്ടു ഹോർമോണും കൂടി ചേർന്ന് രുചി വർദ്ധിപ്പിച്ച് അന്നജം (Carbohydrate) കുടിയ ഭക്ഷണം കഴിക്കുവാനുള്ള പ്രേരണ ഉണ്ടാക്കുകയും ശരീരഭാരം വർദ്ധിക്കുകയും ചെയ്യുന്നു.

വേണ്ടത്ര ഉറക്കം കിട്ടിയില്ലെങ്കിൽ ഓർമ്മശക്തിയെ അത് പ്രതികൂലമായി ബാധിക്കും.

കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള കഴിവ് (Concentration) തീരുമാനം എടുക്കുവാനുള്ള കഴിവ്, യുക്തി ബോധം, തുടങ്ങിയ ഗുണങ്ങൾ ഉറക്കക്കുറവു മൂലം കുറയുന്നു. തുടർച്ചയായി മൂന്നു രാത്രികളിൽ നാലോ അഞ്ചോ മണിക്കൂർ മാത്രം ഉറങ്ങുന്നവരിൽ സ്ഥിരസ്വഭാവമുള്ള സെൽ നാശം സംഭവിക്കുന്നു എന്ന് പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിലെ ഗവേഷകർ കണ്ടെത്തിയിരിക്കു

ന്നു. പഠനം നടത്തിയത് എലികളിൽ ആണെങ്കിലും ഈ കണ്ടെത്തലുകൾ മനുഷ്യനും ബാധകമായേക്കാം എന്നു പറയുന്നു.

പകൽ സമയത്തെ പ്രവർത്തനങ്ങൾ കൊണ്ട് ശരീരത്തിനും മനസ്സിനും ഉണ്ടായിട്ടുള്ള ക്ഷീണം മാറ്റി അറ്റകുറ്റപണികൾ രാത്രിയിലുള്ള ഉറക്കത്തിൽ സംഭവിക്കുന്നു. കൂടാതെ പല പല ചിന്തകൾകൊണ്ട് മനസ്സിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങളേയും ഉറക്കം വൃത്തിയാക്കുന്നു. ശരിയായ ഉറക്കം കിട്ടിയില്ലെങ്കിൽ ശരീരത്തിലെ രാസമാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നു. അതുകൊണ്ടാവാം ഡെമൻഷ്യ, അൽഷെമേഴ്സ് രോഗങ്ങൾ ഉറക്കകുറവുമായി ബന്ധപ്പെട്ടു കിടക്കുന്നത്. ഉറക്കകുറവുള്ള ഒരാളുടെ ഏറ്റവും ഗുരുതരമായ സ്ഥിതിവിശേഷം ശരീരത്തിലും മനസ്സിലും

ഉണ്ടാകുന്ന മാറ്റങ്ങൾ അയാൾ തന്നെ അറിയുന്നില്ല എന്നതാണ്. കുറച്ചു ദിവസങ്ങളിൽ നാലോ അഞ്ചോ മണിക്കൂർ ഉറങ്ങിയാൽ ശരീരം ആ വിശേഷ സ്വഭാവുമായി താദാത്മ്യം പ്രാപിക്കുകയും തന്റെ സാധാരണ ഉറക്കസമയം അത്രമാത്രമാണെന്ന് മനസ്സിൽ പതിയാൻ തുടങ്ങുകയും ഇടവരികയും ചെയ്യുന്നു. കൂടുതൽ ഉറക്കം വേണമെന്ന ആവശ്യം ഇല്ലാതാകുന്നു. നമ്മൾ വിചാരിക്കും കുഴപ്പമില്ല എന്ന്, എന്നാൽ അങ്ങനെയല്ല. നമ്മൾ  അറിയാതെ തന്നെ പ്രവർത്തനശേഷി കുറഞ്ഞു വരികയും സാധാരണ ചെയ്തുകൊണ്ടിരുന്നു താരതമ്യേന ബുദ്ധിമുട്ടുള്ള ജോലികൾ ചെയ്യാനുള്ള കഴിവ് നഷ്ടപ്പെട്ടു പോകുകയും ചെയ്യുന്നു. പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ ഡോക്ടർ അമിത് മണ്ഡലിന്റെ കണ്ടെത്തലുകളാണിത്. ഡോക്ടർ ഫ്‌ളേവിയോ കഡോയ് സാൻഫ്രാൻസിസ്കോയിലുള്ള ഹോസ്പിറ്റലിലെ ഡോക്ടറാണ്. കൂടാതെ വാഷിങ്ടൺ പോസ്റ്റ് എന്ന മാസികയിൽ ലേഖനങ്ങളും എഴുതാറുണ്ട്. 29 മണിക്കൂർ ജോലി ചെയ്ത് തളർന്നിരിക്കുമ്പോഴാണ് ഐ.സി.യു യിൽ കിടക്കുന്ന ഒരു രോഗിയെ ശ്രദ്ധിക്കേണ്ടി വന്നത്. രോഗിയുടെ ഓക്സിജൻ നില കുറഞ്ഞു വരികയായിരുന്നു. എന്തോ തകരാറുണ്ടെന്ന് ഡോക്ടർക്ക് തോന്നിയെങ്കിലും എവിടെയാണ് കുഴപ്പം എന്ന് കണ്ടു പിടിക്കാൻ സാധിച്ചില്ല. രോഗിയുടെ ഭാഗ്യമെന്നു പറയട്ടെ യാദൃശ്ചികമായി കടന്നു വന്ന മറ്റൊരു ഡോക്ടർക്ക് കാര്യം മനസ്സിലായി. ഓക്സിജൻ സപ്ലെയിലുള്ള കുറവും അത് ശരിയാക്കേണ്ട വിധവും ഡോക്ടർ ഫ്‌ളേവിയോവിന് കാണിച്ചു കൊടുത്തു. ഡോക്ടർ ചാടിയെണീറ്റ് ഓകസിജൻ സപ്ലെ ശരിയാക്കി. രോഗി രക്ഷപ്പെട്ടു.

പകൽ ഉറക്കംതൂങ്ങികളാവുന്നവരെ കുറിച്ച് ഇന്ത്യയിലെ പല മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെയും ഇടയിൽ പഠനം നടത്തിയിട്ടുണ്ട്. Annals of Medical health and Science എന്ന ജേണലിൽ ഉറക്കമില്ലായ്മയും, ശരീരത്തിന്റെ തൂക്കം, കോഫി, ആൽക്കഹോൾ എന്നിവയുടെ ഉപയോഗം, പുകവലി എന്നിവയുമായി എങ്ങിനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ചാണ്ഡിഗർ സർവ്വകലാശാലയിലെ 400 നഴ്സിംങ് വിദ്യാർത്ഥികളുടെ ഇടയിൽ നടത്തിയ ഒരു പഠനത്തിൽ പകൽ സമയത്ത് ഉറക്കം തൂങ്ങികളായവരിൽ 50% പേരും ആഴ്ചയിൽ 40 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യുന്നവരാണെന്ന് മനസ്സിലായി. രോഗിയെ ശുശ്രൂഷിക്കുന്നതിനോടൊപ്പം സ്വന്തം ആരോഗ്യം കൂടി ശ്രദ്ധിക്കേണ്ടതാണ്.

Annals of Indian Academy of Nuerology എന്ന ജേണലിൽ ഡോക്ടർ അമ്പർ ചക്രവർത്തി (വിവേകാനന്ദ ഇൻസ്റ്റിട്യൂട്ട് കൽക്കത്ത ന്യൂറോളജി വിഭാഗം) വൈകി ഉറങ്ങുന്ന തന്നേപോലെയുള്ള മറ്റു ഡോക്ടർമാരുടെ ആരോഗ്യവിശേഷങ്ങളെ പറ്റിയും പറയുന്നു. എനിക്ക് നന്നായി ഉറങ്ങാൻ സാധിച്ചില്ലെങ്കിൽ കാലത്ത് എണീക്കുമ്പോൾ ആകെ മൂഡ് ഔട്ട് ആകുന്നു. മൈഗ്രേൻ ഉണ്ടാകുന്നു. പേശികളിൽ വേദനയുണ്ടാകുന്നു. ചിലപ്പോൾ ദേഷ്യം വരുന്നു. സുപരിചിതങ്ങളായ പല മരുന്നുകളുടെയും പേരുകൾ മറന്നു പോകുന്നു. രോഗികളെ സൂഷ്മമായി പിശോധിക്കേണ്ട കേസുകളിൽ അതിനു കഴിയാറില്ല. രക്തസമ്മർദ്ദം കൂടുന്നു. മൂണോ ഗ്ലോബിൻ, ലിംഫോഡൈറ്റ്സ് (ശരീരത്തിന്റെ പ്രതിരോധ ശക്തി നിലനിർത്തുന്നതിൽ പ്രധാനങ്ങളായ ആന്തരിക സ്രാവങ്ങൾ) എന്നിവ പരിശോധിച്ചപ്പോൾ ഉറക്കക്കുറവുള്ള ദിവസങ്ങളിൽ സാധാരണ ദിവസങ്ങളിലെ ടെസ്റ്റ് റിസൽട്ട് വച്ചു നോക്കുമ്പോൾ പ്രതികൂലമായ റിസൽട്ടുകളാണ് കിട്ടിയത്.

ഡിട്രോയിറ്റിലെ ഹെന്റിഫോർഡ് ഹോസ്പിറ്റലിൽ 2003 ൽ നടത്തിയ ഒരു പഠനത്തിൽ രണ്ടു മണിക്കൂർ കുറവ് ഉറങ്ങുന്നവർക്ക് 8 മണിക്കൂറിനു പകരം 6 മണിക്കൂർ രണ്ടോ മൂന്നോ കുപ്പി ബിയർ കഴിച്ചിട്ട് ജോലിചെയ്യുന്നപോലെയാണ് തലച്ചോറ് പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഉറക്കംതൂങ്ങികളായ തൊഴിലാളികൾ

സാമ്പത്തിക വ്യവസ്ഥിതിയെ പുറകിലേക്ക് വലിക്കുന്നു. ഉല്പാദനക്ഷമത കുറയ്ക്കുന്നു. സുരക്ഷാവീഴ്ചകൾ വരുത്തുകയും തന്മൂലം അപകടങ്ങൾ ക്ഷണിച്ച് വരുത്തുകയും ചെയ്യുന്നു. ഇൻഷുറൻസ് പരിരക്ഷകൾക്കു വേണ്ട സാമ്പത്തിക ബാധ്യത തന്മൂലം കൂടുന്നു. തോമസ് ആൻവ എഡിസൺ ഇലക്ട്രിക് ബൾബ് കണ്ടു പിടിച്ച അന്ന് തുടങ്ങിയതാവണം ഉറക്കക്കുറവ് എന്ന രോഗം എന്നു വേണം വിചാരിക്കാൻ. ജീവശാസ്ത്രപരമായി നമ്മുടെ ശരീരത്തിലെ ക്ലോക്ക് പകൽ വെളിച്ചത്തിൽ ജോലി ചെയ്യാനും ഊർജ്ജസംഭരണത്തിനും രാത്രി ഇരുട്ടിൽ ഉറങ്ങാനും ക്രമീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഇലക്ട്രിക് ബൾബു കണ്ടുപിടിച്ചതോടുകൂടി ഒരു സെക്കന്റുകൊണ്ട് സ്വിച്ച് പ്രവർത്തിപ്പിച്ച് വെളിച്ചമുള്ള മണിക്കൂറുകൾ സൃഷ്ടിച്ച് പകലിന് നീളം കൂട്ടാനും പകൽ വെളിച്ചത്തിൽ ചെയ്യുന്ന ജോലികൾ രാത്രി ചെയ്യാനും സാദ്ധ്യമാക്കി. കാലക്രമേണ നമ്മുടെ ദിനചര്യകളിലും രാത്രിചര്യകളിലും മാറ്റമുണ്ടായി. ജീവശാസ്ത്രപരമായ ക്ലോക്ക് നമ്മളോട് ഉറങ്ങാൻ ആവശ്യപ്പെടുന്ന സമയവും സാമൂഹിക ബാദ്ധ്യതകൾ നമ്മളെ ഉറങ്ങാൻ അനുവദിക്കുന്ന സമയവും തമ്മിലുള്ള വ്യത്യാസത്തെ സാമൂഹിക വിളംബനം എന്നു വിളിക്കാം (Social jetlag). ഒരു ജറ്റ് വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന വിളംബനം (lag) താല്ക്കാലികമാണ്. എന്നാൽ സാമൂഹികവിളംബരം സ്ഥിരസ്വഭാവമുള്ള ഒരു താളം തെറ്റൽ പ്രക്രിയയാണ്. ഇപ്പോൾ ജനങ്ങൾക്ക് ഏതു കാര്യം എപ്പോൾ ചെയ്യണം എന്ന വിവേചന ബുദ്ധിപോലും ഇല്ലാതായിരിക്കുന്നു. നമ്മുടെ ജീവിതശൈലി ജീവശാസ്ത്രപരമായ വ്യവസ്ഥയേക്കാൾ സമയബന്ധിത വ്യവസ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. പെനസിൽവാനിയ യൂണിവേഴ്സിറ്റിയിലെ മനശാസ്ത്ര വിഭാഗം പ്രൊഫസർ ഡേവിഡ് ഡിംഗ്സിന്റെ അഭിപ്രായമാണിത്.

ശാസ്ത്രം നമ്മുടെ ജീവശാസ്ത്ര പരമായ നിദ്രാവ്യവസ്ഥിതിയെ (Biological Sleeping pattern) എപ്പോഴും വൈകൃതമാക്കിക്കൊണ്ടിരിക്കുന്നു. നമ്മൾ ഒരു സാമൂഹിക അതിജാഗ്രതവസ്ഥയെ ശാസ്ത്രത്തിലൂടെ സൃഷ്ടിച്ചെടുത്തു. അത് നമ്മളുടെ ജീവശാസ്ത്രപരമായ സമയവ്യവസ്ഥിതിയിൽ സ്ഥിരം ഇടപെട്ടുകൊണ്ടിരിക്കുന്നു. എനിക്ക് ഇപ്പോൾ കിട്ടിയ ഇ-മെയിൽ എന്തായിരുന്നു, ടിറ്ററിൽ പുതുതായി എന്താണ് എന്നൊക്കെ എപ്പോഴും ആശങ്കപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രൊഫസർ ഡിംഗസിന്റെ തന്നെ അഭിപ്രായമാണിതും.

പുകവലി ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയപ്പോൾ ഗവൺമെന്റ് പരസ്യമായ പുകവലി നിരോധിക്കുകയും പാക്കറ്റിൽ മുന്നറിയിപ്പ് നൽകുകയും ചെയ്തു. എന്നാൽ ഉറക്കമില്ലായ്മ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹാർവാഡ് യൂണിവേഴ്സിറ്റിയിലെ സ്ലീപ്മെഡിസിൻ വിഭാഗം മുൻകൈ എടുത്ത് കോർപറേഷൻ, വ്യവസായികൾ, തൊഴിൽദാതാക്കളും മറ്റുമായി ചർച്ചചെയ്ത് വിശ്രമതൃപ്തരായ ജോലിക്കാരെ സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുന്നു. എന്തെന്നാൽ ഭക്ഷണവും വ്യായാമവും പോലെ ഉറക്കവും ആരോഗ്യത്തിന്റെ ഒരു തൂണാണ്.

വിദേശത്തുള്ള കോർപറേഷനുകൾക്ക് വിശ്രമതൃപ്തരായ ജോലിക്കാർ ഉൽപ്പാദനക്ഷമത കൂട്ടും എന്ന് മനസ്സിലാകാൻ തുടങ്ങിയിരിക്കുന്നു. ഗൂഗിളിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ ഉറങ്ങേണ്ടവർക്ക് ഉറങ്ങാനുള്ള പ്രത്യേക നാപ്പോഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. ജോൺസൺ&ജോൺസൺ കമ്പിനിയും നല്ല ഉറക്കശീലത്തെ പ്രോത്സാഹിപ്പിക്കുന്നു.  കമ്പിനിയിൽ പ്രത്യേക എനർജിറൂമും വിശ്രമ സൗകര്യങ്ങളും ജോലിക്കാർക്കുവേണ്ടി ഒരുക്കിയിരിക്കുന്നു.

ഇന്ത്യ ഇക്കാര്യത്തിൽ ലോകത്തുള്ള മറ്റു രാജ്യങ്ങളുടെ പുറകിലാണെന്ന് ന്യൂഡൽഹിയിലെ നാഷണൽഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്രിട്ടിക്കൽ കെയർ ആൻഡ് സ്ലീപ്പ് മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ പി.പി. ബോസ് പറയുന്നു. ചിലപ്പോൾ ജോലിക്കാരുടെ സേവനം രാവിലെ മുതൽ രാത്രി വൈകും വരെ ആവശ്യപ്പെടാറുണ്ട്. വളരെ തിരക്കേറിയ എക്സിക്യൂട്ടിവുകൾ ദിവസത്തെ ജോലി എപ്പോഴാണ് അവസാനിപ്പിക്കേണ്ടതെന്നറിയാതെ ലാപ്ടോപ്പുകൾ വീട്ടിൽ കൊണ്ടു പോകുന്നു. അവരോട് എനിക്ക് പറയാനുള്ളത് ഉറക്കസമയം പൂജാസമയം പോലെയാണ്. ടി.വി. ഓഫ് ചെയ്യുക. മൊബൈൽ ഒഴിവാക്കുക. ജോലികാര്യങ്ങളെ പറ്റി മറക്കുക.

ജോലിഭാരവും വിശ്രമിക്കാനുള്ള സമയത്തെ മറ്റുപണികളും നിങ്ങളുടെ ഉറക്കത്തെ അപഹരിക്കാറുണ്ടോ? മുകളിൽ പരാമർശിച്ചിട്ടുള്ള വിദഗ്ദ്ധൻമാരായ കൽവാർ, മണ്ഡൽ തുടങ്ങിയവരുടെയും ബാംഗ്ലൂരിലെ കൊളംബിയ ഏഷ്യ ഹോസ്പിറ്റലിലെ ഡോക്ടർ ഹിദേന്ദ്രയുടെയും ഉപദേശങ്ങൾ ശ്രദ്ധിക്കുക.

**1. ജോലി സമ്മർദ്ദങ്ങൾ**

വിദേശങ്ങളിൽ പകലായിരിക്കുമ്പോൾ ഇന്ത്യയിൽ രാത്രിയായിരിക്കുമല്ലോ. അപ്പോൾ അവരുടെ സമയത്തിനനുസരിച്ച് രാത്രിയിലും ജോലിചെയ്യേണ്ടി വരും. കൂടെ യാത്രയും. ഇതിന് പരിഹാരം ദിവസത്തെ കൃത്യമായി പ്ലാൻ ചെയ്യുക എന്നതാണ്. അരമണിക്കൂർ നേരത്തെ ജോലിക്കെത്തിയാൽ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായേക്കാം. ഓഫീസി നടുത്ത് താമസിക്കാൻ സാധിച്ചാൽ യാത്രാ സമയം ലാഭിക്കാം. ഓഫീസ് മേധാവിയോട് സംസാരിച്ച് സൗകര്യപ്രദമായ ജോലിസമയം തെരഞ്ഞെടുക്കുകയാണെങ്കിൽ റോഡിലെ തിരക്കേറിയ സമയത്തുള്ള യാത്രയും അതിനെ തുടർന്നുള്ള മാനസികപിരിമുറുക്കങ്ങളും ഒഴിവാക്കാം. ഷിഫ്റ്റിലാണെങ്കിൽ കഴിയുന്നതും ഒരാഴ്ചയെങ്കിലും ഒരേസമയ ത്തുള്ള ഷിഫ്റ്റ് എടുത്തശേഷം അടുത്ത ഷിഫ്റ്റിലേക്ക് മാറുക. രണ്ടാമത്തെ ഷിഫറ്റ് സമയം തുടങ്ങുന്നത് ആദ്യത്തെ ഷിഫ്റ്റ് സമയം തുടങ്ങുന്ന സമയത്തിനുശേഷമുള്ള സമയത്താകുന്നതാണ് നല്ലത് (Clockwise shift rotation). നൈറ്റ് ഷിഫ്റ്റുകൾക്കു ശേഷമുള്ള ഡ്രൈവിങ് ഒഴിവാക്കുക. വേണ്ടത്ര വെളിച്ചത്തിൽ ജോലി ചെയ്യുക. ഉറങ്ങുമ്പോൾ പ്രകാശം മുറിക്കുള്ളിൽ കടക്കാത്തവിധം കർട്ടൻ ഉപയോഗിച്ച് പ്രകാശത്തെ മറയ് ക്കുക.

**2. സ്മാർട്ട്ഫോണുകളും ടാബ്‌ലറ്റുകളും**

മേൽപറഞ്ഞവ ഉറക്കസമയത്തെ അപഹരിക്കുന്നു. ഫോൺ അടിക്കുമ്പോഴുള്ള ശല്യം മാത്രമല്ല ഉറക്കത്തെ അപഹരിക്കുന്നത്. സ്ക്രീനിൽ നിന്നുള്ള നീലവെളിച്ചവും ഉറക്കത്തെ ശല്യപ്പെടുത്തുന്നു. ഉറക്കത്തിന് ഒരു മണിക്കൂർ മുൻപെങ്കിലും ഇവയുമായുള്ള ബന്ധം ഉപേക്ഷിക്കുക. കിടക്കയിലേക്ക് ഒരിക്കലും ഫോൺ കൊണ്ടു പോകരുത്.

**3. ജെറ്റ് ലാഗ് (Jet Lag)**

വിവിധ സമയമേഖലകളുള്ള രാജ്യങ്ങളിൽ കൂടി വിമാനയാത്ര ചെയ്യു മ്പോൾ ഉറക്കം അപഹരിക്കപ്പെടുന്നു. സമയമേഖല മുറിച്ചു കടന്നുള്ള വിമാന യാത്രകളിൽ ശരീരത്തിന്റെ ദിനചര്യ ചക്ര വ്യവസ്ഥയുടെ താളം തെറ്റുന്നു. പുതിയ സമയമേഖലയുമായി പൊരുത്തപ്പെട്ടു വരുവാൻ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. ഈ മാറ്റത്തെ മുൻകൂട്ടി കണ്ടുകൊണ്ട് പുതിയ ഒരു സമയക്രമത്തിനനുസരിച്ചുള്ള ദിനചര്യ യാത്രയ്ക്ക് രണ്ടു ദിവസം മുൻപേ ചിട്ടപ്പെടുത്താം. ഉദാഹരണത്തിന് പൗരസ്ത്യദേശത്തേക്കാണ് യാത്ര എങ്കിൽ ഉറങ്ങാൻ അരമണിക്കൂർ വീതം നേരത്തെ തന്നെ പോകുക. പാശ്ചാത്യ നാടുകളിലേക്കാണെങ്കിൽ മറിച്ചും. പുതിയ ഷെഡ്യൂളനുസരിച്ച് ഫ്ളൈറ്റിൽ വച്ചു തന്നെ വാച്ചിലെ സമയം ലക്ഷ്യസ്ഥലത്തെ സമയമാക്കി മാറ്റുക. ധാരാളം വെള്ളം കുടിക്കുകയും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. സൂര്യപ്രകാശം ലഭിക്കുമെങ്കിൽ നല്ലത്. സൂര്യപ്രകാശം ശരീരത്തിലെ ജീവശാസ്ത്രപരമായ ക്ലോക്കിനെ സാധാരണ നിലയിൽ നിലനിർത്തുക.

**ഔട്ടിങ്ങുകൾ**

രാത്രിപാർട്ടികളും സിനിമകളും സന്തോഷം തരുമെങ്കിലും അതിനേക്കാൾ വിലകൂടിയ ഉറക്കം നഷ്ടപ്പെടുത്തി കൊണ്ടുള്ള സന്തോഷം പിറ്റേ ദിവസത്തെ കൂടുതൽ ക്ഷീണിതരാക്കുകയാണ് ചെയ്യുക. ഒഴിവുദിവസങ്ങളിലല്ലാത്ത രാത്രി പരിപാടികൾ ഒഴിവാക്കുക. വേണ്ടത്ര ഉറക്കം കിട്ടുമെന്നുറപ്പുള്ള ഒഴിവുദിവസത്തിന്റെ തലേന്ന് മാത്രം സിനിമയും പാർട്ടിയും പ്ലാൻ ചെയ്യുക. ജോലിയുള്ള ദിവസങ്ങളിൽ ഒരു മണിക്കൂർ മുൻപുതന്നെ എല്ലാ ജോലികളിൽ നിന്നും സ്വതന്ത്രമാക്കുക. അതാണ് നല്ല ഉറക്കശീലമെന്ന് വിദഗ്ദ്ധൻമാർ പറയുന്നു. ചെറുചൂടുവെള്ളത്തിലുള്ള കുളി, നേർമ്മയുള്ള സംഗീതം ശ്രവിക്കൽ, ധ്യാനം ഒരു നല്ല ഓർമ്മ അയവിറക്കൽ, പോസിറ്റീവ് ചിന്തകൾ തുടങ്ങിയവ ശാന്തമായ ഉറക്കത്തിനും നല്ല ജീവിതത്തിനും വഴി തെളി യിക്കും.

സ്കൂളിൽ പഠിക്കുമ്പോൾ ഒരു റിപ്പ്വാൻ വിങ്കിളിന്റെ കഥ പഠിച്ചിട്ടുണ്ട്. ഇരുപതു കൊല്ലത്തോളം ഒറ്റ ഉറക്കം ഉറങ്ങി എണീറ്റപ്പോൾ പരിസരമാകെ മാറിയിരുന്നു റിപ്പ്വാൻ വിങ്കിളിന്. 8 മണിക്കൂർ ഉറങ്ങി എണീറ്റു വരുമ്പോൾ നമ്മൾക്കും ഒരു നല്ല ദിവസത്തിന്റെ തുടക്കമായിത്തീരട്ടെ. പണ്ട് കുംഭ കർണ്ണന് നിദ്രാവത്വം ബ്രഹ്മാവ് അനുഗ്രഹ രൂപത്തിൽ നൽകിയതാണെങ്കിൽ ഇന്ന് പലർക്കും നിദ്രാവത്വം ഡോക്ടർമാർ ഗുളിക രൂപത്തിൽ നൽകുന്നു. സ്വന്തം മനസ്സിനേയും വാക്കുകളേയും പ്രവർത്തികളേയും ചിട്ടപ്പെടുത്തുക, ഒരു നല്ല പ്രവർത്തിയെങ്കിലും ഒരു ദിവസം ചെയ്യുക, അനാവശ്യമായി വാദപ്രതിവാദങ്ങൾക്ക് പോകാതിരിക്കുക മനസ്സിനെ ക്ഷോഭിപ്പിക്കുന്ന അവസരങ്ങൾ സൃഷ്ടിക്കാതിരിക്കുക, എല്ലാ കാര്യങ്ങൾക്കും മിതത്വം പാലിക്കുക തുടങ്ങിയ കാര്യങ്ങളും നല്ല ഉറക്കത്തിന് സഹായിക്കുന്നു. ●

# ആത്മാവിന്റെ ഭ്രമം



രാജേന്ദ്ര പ്രസാദ്

നനുത്ത നീലരാവിൽ ആശുപത്രി കിടക്കയിൽ കിടന്ന് മെല്ലെ കണ്ണുകൾ തുറന്നു. അവൾ അപ്പോഴും ജനാലക്കരികിൽ ദൂരേയ്ക്ക് കണ്ണും നട്ട് നില്പുണ്ടായിരുന്നു. രാഖി ഞാൻ പയ്യെ വിളിച്ചു. അവൾ അതിശയത്തോടെ എന്നെ നോക്കി. ഓർമ്മകൾ തിരിച്ചു കിട്ടിയത് അവൾക്കു വിശ്വസിക്കാനായില്ല. അവൾ അമ്പരപ്പോടെ പറഞ്ഞു. ഞാൻ എല്ലാവരോടും നാളെ വിളിച്ചു പറയും. ഏട്ടന്റെ ഓർമ്മ ശരിയായി എന്ന്.

പിന്നെയും ഞാൻ നിദ്ര പൂണ്ടു. അതിരാവിലെ നിദ്രയിൽ നിന്നുണർന്നു ഞാൻ രാഖിയോടു ചോദിച്ചു. നമ്മൾ എത്ര ദിവസമായി ആശുപത്രിയിൽ വന്നിട്ട്. മുപ്പത്തിയഞ്ചു ദിവസമായി. ഞാനൊന്നു വീടു വരെ പോയി പ്രാതൽ കൊണ്ടുവരാമെന്നു പറഞ്ഞ് അവൾ പോയി.

പയ്യെ പയ്യെ ഞാൻ ഓർമ്മ പുതുക്കാൻ നോക്കി. വീടിന്റെ മുൻപുള്ള ആശുപത്രിയുടെ മുന്നിൽ വെച്ച് വലിയ കാർ എന്റെ ദേഹത്തുകൂടെ നിരങ്ങി നീങ്ങിയത് ഓർമ്മ വന്നു. ഡ്രൈവറുടെ ദൈന്യതയാർന്ന മുഖം ഓർമ്മ വന്നു. ആൺ നേഴ്സുമാർ എന്നെ പരിചരിച്ചു. രാഖി ദൂരെ അമ്പലത്തിലേക്ക് പോയിരുന്നു.

ഗതകാല സ്മരണകൾ തികട്ടി തികട്ടി വന്നു. ഒരു പുകപടലം പോലെ എല്ലാം മരണത്തിലേക്കുള്ള യാത്രയല്ലേ? എന്റെ കൂട്ടുകാരൻ കുര്യാക്കോസിന്റെ സ്കിസോഫ്രിനിയ കാരണം അവൻ ആത്മഹത്യ ചെയ്യുകയായിരുന്നു. റോഡിലൂടെ നടക്കുമ്പോൾ വണ്ടി വന്ന് ഇടിക്കുന്നതായി തോന്നുമായിരുന്നു അവന്. നിയോൺ ബൾബിന്റെ അരണ്ട വെളിച്ചത്തിൽ ബിയർ എപ്പോഴും ഞങ്ങൾ നുണയുമായിരുന്നു. അവനെ ഞാനൊരു പരിഷ്കാരിയാക്കിയിരുന്നു. പിന്നീട് എപ്പോഴോ ഞങ്ങൾ ഒരു അകലം പാലിച്ചു. ഒരു ദിവസം പട്ടണത്തിൽ വെച്ച് ഞാനവനെ രാഖിക്ക് പരിചയപ്പെടുത്തി കൊടുത്തു. അവന്റെ നീണ്ട താടി അവളെ അലോസരപ്പെടുത്തി.

വീണ്ടും ഞാൻ മയക്കത്തിലേക്ക് വഴുതി. പിന്നെ ഉണർന്നപ്പോൾ അവൾ അരികിലുണ്ടായിരുന്നു.

ഉച്ചമയക്കത്തിന്റെ ആലസ്യത്തിൽ സ്മരണകൾ എന്നെ താലോലിക്കാൻ തുടങ്ങി. ജൂലിയറ്റ് വെർക്കോയുടെ റൗണ്ട് ദ് വേൾഡ് ഇൻ എയിറ്റി ഡേയ്സിലെ ഫിലിയാസ് ഫോഗിനെ പോലെ ആകാൻ കൊതിച്ചു ഞാൻ ഒന്നുമായി തീർന്നില്ല. പ്രാരാബ്ധവും പട്ടിണിയും കൊണ്ട് ശ്വാസം മുട്ടി വർഷങ്ങൾ പാഴാക്കി. ഏതോ പ്രവാചകന്റെ വാക്കുകൾ ശരിവെക്കുന്നതായിരുന്നു എന്റെ ജീവിതം. കലിയുഗത്തിൽ വിവരമില്ലാത്തവരും, വിദ്യാഭ്യാസമില്ലാത്തവരും യജമാനൻമാരാകും എന്ന്. അത് അക്ഷരം പ്രതി ശരിയായിരുന്നു. എന്റെ ജീവിത മാതൃക.

ധനസമ്പാദനത്തിൽ പുറകോട്ട് പോയ ഞാൻ എല്ലാം നഷ്ടപ്പെട്ട്, എല്ലാവരാലും അപമാനിക്കപ്പെട്ടു. ആത്മഹത്യയെ പറ്റി എന്നും ഞാൻ ചിന്തിച്ചിരുന്നു. അപ്പോഴെല്ലാം ഭാര്യ, മകൻ എന്നിവരുടെ ദൈന്യതയാർന്ന മുഖം മുന്നിൽ വരും. അതിന് എനിക്ക് കഴിയില്ല. ഭയംപോലും ഭയക്കുന്ന വ്യക്തിത്വം ആവശ്യമാണ് അതിനെന്ന് എനിക്കു തോന്നി. ആർക്കും വേണ്ടാതെ, ആരാലും ബഹുമാനിക്കപ്പെടാതെ എന്തിനീ ജീവിതം, ഏറ്റവും സങ്കടപ്പെടുത്തുന്നത് അതിസമ്പന്നമായ ഒരു ഭൂതകാലം എനിക്കുണ്ടായിരുന്നു എന്നതാണ്.

ഒരു യാത്രയിൽ അകന്ന ബന്ധുവായ അമ്മാവൻ പറഞ്ഞ വാക്കുകൾ ഓർമ്മവന്നു. നമ്മൾ ആത്മാർത്ഥമായി ജഗൽപിതാവിനോട് അഭ്യർത്ഥിച്ചാൽ ഇങ്ങനെ അപേക്ഷിച്ചാൽ അതു നടക്കുമെന്ന്. ദേഹി ദേഹത്തെ വിട്ടു പോകാൻ എല്ലായ്പ്പോഴും ഞാൻ അത് ആവർത്തിച്ചു. അതിന്റെ പരിണിതഫലമായിരിക്കും ഇപ്പോൾ എന്റെ ഈ കിടപ്പ്.

വാതിലിൽ ആരോ മുട്ടുന്ന ശബ്ദം അത് മറ്റാരുമായിരുന്നില്ല ശത്രുവായി ഞാൻ എപ്പോഴും കരുതിയിരുന്ന നാട്ടിലെ എന്റെ ബാല്യകാല സു

ഹൃത്തും ഭാര്യയുമായിരുന്നു.

അവൻ ഒരു പാട് സുഖദുഃഖങ്ങൾ പങ്കിട്ടു. അവന്റെ പ്രിയപ്പെട്ട അനുജന്റെ മരണം, അവനെ വിഷാദത്തിന്റെ വക്കിലെത്തിച്ചിരുന്നു.

അവൻ വിടവാങ്ങി, പിന്നെയും ഞാൻ മയക്കത്തിലേക്ക് ബ്രാംസ്റ്റോക്കറുടെ ഡ്രാക്കുള കോട്ടയിൽ എന്ന് ഡ്രാക്കുള ഇറങ്ങി വന്ന്, അതിന്റെ നീണ്ട ദംഷ്ട്രം കൊണ്ട് എന്റെ കഴുത്തിൽ മുറിവേൽപ്പിച്ച് രക്തം കുടിക്കുന്ന പ്രതീതി ഉളവാക്കി, പെട്ടെന്ന് ഞാൻ അക്രമാസക്തനായി അവിടെയുള്ള സലെയിൻ കുപ്പി രക്തം കയറ്റുന്ന കുപ്പി, ഹൃദയത്തിലേക്കുള്ള ആധുനിക ഉപകരണങ്ങൾ എല്ലാം ഞാൻ തട്ടി തെറിപ്പിച്ചു. ഞാൻ മെല്ലെ മെല്ലെ മരണത്തിന് പിടികൊടുക്കുവാൻ തുടങ്ങി. ഒരു തണുത്ത പ്രതലത്തിലേക്കാഴ്ന്നിറങ്ങുന്നതു പോലെ, എനിക്ക് സാന്തോഷമായി എന്റെ പ്രാർത്ഥന ഫലിച്ചതിൽ ചാരിതാർത്ഥ്യം തോന്നി. അകന്ന ബന്ധുവായ അമ്മാവന്റെ വിദ്യകൾ ഫലിക്കുന്നതുപോലെ തോന്നി. അന്ന് ഞാൻ ആത്മവിശ്വാസം എന്തെന്നറിഞ്ഞു. എന്റെ ദേഹി എന്നെ വിട്ടു പോയി. ഞാൻ സന്തോഷം കൊണ്ട് മതിമറന്നു പോയി. എന്റെ ആത്മാവ് എന്നിൽ നിന്ന് പുറത്തുകടന്നു. സന്ദർശകർക്ക് ഇരിക്കാനുള്ള കസേരയിൽ ഇരുന്നു ഈസ്റ്റ് ഇന്ത്യ കമ്പിനിക്കാർ എനിക്ക് സ്വാതന്ത്ര്യം തന്നതു പോലെ തോന്നി. ദൈവം അപ്പോൾ തന്നെ പ്രത്യക്ഷപ്പെട്ടു പറഞ്ഞു, ഇനി നമുക്ക് വേറെ ഒരു സ്ത്രീയുടെ ഭ്രൂണമായി മാറാം. ഞാൻ പറഞ്ഞു ഇപ്പോൾ പറ്റില്ല, എന്റെ സമ്മതമില്ലാതെ കൊണ്ടു പോകുവാൻ പറ്റില്ലല്ലോ. ഞാൻ ആവശ്യമുള്ളപ്പോൾ വിളിക്കാം. ദയനീയ മുഖത്തോടെ ദൈവം വിടവാങ്ങി. എന്റെ സഹായം എപ്പോഴും നിന്റെ കൂടെ ഉണ്ടാകും എന്ന് പറഞ്ഞു. എനിക്ക് ചിരി വന്നു. ഇപ്പോഴെങ്കിലും ദൈവം അതു പറഞ്ഞല്ലോ.

പെട്ടെന്ന് രാഖി വാതിൽ തുറന്നു. മുറിയിൽ കണ്ട കാഴ്ച അവളെ അമ്പരപ്പിച്ചു. അവൾ ഉറക്കെ നിലവിളിച്ചു. എല്ലാവരും ഓടിക്കൂടി, എന്റെ ചേതനയറ്റ ശരീരത്തിലേക്ക് നോക്കി എല്ലാവരും വിലപിച്ചു. പരിചയമുള്ള നേഴ്സുമാരും ഡോക്ടർമാരും പറഞ്ഞു; പാവം ഏട്ടൻ അവർ അമ്മാവന്റെ സെല്ലിലേക്ക് വിളിച്ചു. പിന്നെ ആകെ ഒരു വെപ്രാളം തന്നെ, ഞാൻ എന്റെ കുപ്പായ കീശയിലുള്ള മിനിഗോൾഡ് എടുത്തു വലിച്ചു. അദൃശ്യനായ എന്റെ യാതൊരു ചെയ്തികളും ആർക്കും കാണാൻ കഴിഞ്ഞില്ല. അപ്പോഴും ദൈവം ദൂരെനിന്ന് പറയുന്നുണ്ടായിരുന്നു എല്ലാം നിർത്ത് ഞാൻ നിന്നെ ഒരു പെൺകുഞ്ഞായി ജനിപ്പിക്കുവാൻ പോവുകയാണെന്ന്. അമ്മ വിദേശത്തുള്ള മകൻ എന്നിവരുടെ വിലാപവാക്യങ്ങൾ ഞാൻ ശ്രവിച്ചു. ഭാര്യയുടെ ഏട്ടൻമാരും, ചേച്ചിമാരുടെ ഭർത്താക്കൻമാരും, എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു, നാട്ടിലേയ്ക്ക് കൊണ്ടു വരൂ, മൃതദേഹത്തെ എന്റെ ശരീരത്തെ ആംബുലൻസിൽ കയറ്റി രാഖിയും അമ്മാവനും കാറിൽ കയറി. ഞാൻ ശങ്കിച്ചു, കാറിൽ കയറണമോ എന്ന്. ആംബുലൻസിൽ കയറി, ആംബുലൻസ് ചീറി പാഞ്ഞു. ഞാൻ ജോലി ചെയ്ത സ്ഥാപനങ്ങൾ പിന്നിട്ട് അത് ഓടിക്കൊണ്ടിരുന്നു. ആംബുലൻസിൽ കയറിയിരിക്കുന്ന രാഖിയുടെ പരിചയക്കാരായ പിള്ളേർ പറയുന്നുണ്ടായിരുന്നു എന്തിന് കുഗ്രാമത്തിലേയ്ക്ക് കൊണ്ടുപോകുന്നു, ഇവിടെതന്നെ മതിയായിരുന്നു, രണ്ടെണ്ണം വീശിയിട്ട് കയറാമായിരുന്നു, വരുമ്പോൾ ബാറ് തുറക്കുമോ എന്തോ, ഇപ്പോൾ തന്നെ എല്ലാ ബാറുകളും പൂട്ടിയിരിക്കുകയാണ്. വണ്ടി പ്രാഞ്ചി, പ്രാഞ്ചി ലക്ഷ്യസ്ഥാനത്ത് എത്തി. അവിടെ ബന്ധുക്കളും പൗരാവലിയും വട്ടമിട്ടിരിക്കുന്നുണ്ടായിരുന്നു. പത്താം നമ്പർ ബീഡിയുടെ പുകവലയത്തിനുള്ളിൽ എന്റെ ജീവചരിത്രം വിളമ്പുന്നുണ്ടായിരുന്നു സുഹൃത്തുക്കൾ.

വിറകുകൾ തള്ളി നീക്കി, മോഹനേട്ടനും, സ്വാമിയേട്ടനും, എന്റെ അച്ഛന്റെ ചരിത്രം പറയുന്നുണ്ടായിരുന്നു. കൗമാരപ്രായക്കാർ ഐ.പി.എൽ ക്രിക്കറ്റ് തൽസമയം ടി.വി.യിൽ കാണാൻ തിരക്കുകൂട്ടുന്നുണ്ടായിരുന്നു. ക്രിക്കറ്റ് പ്രേമിയായ ഞാൻ വിറകുകൾ ശരിയാക്കി വേഗം എന്റെ ശരീരത്തെ ചാരമാക്കി. മോൻ മടക്കയാത്രയെപ്പറ്റി സംസാരിക്കുവാൻ തുടങ്ങി. എനിക്ക് ലീവില്ല, എനിക്ക് വേഗം പോകണം. അമ്മയ്ക്കുള്ള വിസ ഉടനെ എത്തിക്കണം. രാഖി എന്തു പറയണമെന്നറിയാതെ എന്നെപ്പറ്റി മാത്രം ചിന്തിച്ചു. ആ സ്വാതന്ത്ര്യത്തിന്റെ മധുരം നുണയാൻ ശ്രമിച്ചു.

രാത്രി പൂജ തകൃതിയായി നടന്നു. വാറ്റിന്റെ കുപ്പികൾ കാലിയായി കൊണ്ടിരുന്നു. ഞാൻ എന്റെ വോഡ്കയുമായി അവരോടൊപ്പം കൂടി യുവാക്കൾ പറഞ്ഞു പ്രേതപൂജ എന്നാൽ ഇങ്ങനെയായിരിക്കണം. ഒരുത്തന്റെ ശ്വാസനാളത്തിൽ മു

ട്ടക്കറിയുടെ എരിവ് കയറി ചുമയ്ക്കുവാൻ തുടങ്ങി.

അവരെല്ലാം മോനോട് നന്ദി പറഞ്ഞു സിഗരറ്റ് പായ്ക്കറ്റുകളും വാങ്ങി വിടചൊല്ലി. അമ്മ നാണിയമ്മയെപ്പറ്റി ഓർക്കുവാൻ തുടങ്ങി. എത്ര കിലോ അരി കടത്തി കാണും.

അളിയൻമാർ പുതിയ വീടുപണിയും സമകാലീന രാഷ്ട്രീയവും ചർച്ച ചെയ്തു. അടുത്ത വീട്ടിലെ മണി വന്ന് ബാക്കി വന്ന ഇറച്ചിയും ദോശയും എടുത്തുകൊണ്ടു പോകുമ്പോൾ പറഞ്ഞു രാഖിചേച്ചി ഈ മാല എവിടുന്നു വാങ്ങി, എന്ന് പറഞ്ഞു തരണമെന്ന്.

എല്ലാവരും ഉത്സവം കഴിഞ്ഞുള്ള മയക്കത്തിലേക്കെന്നപോലെ ഉറങ്ങാൻ തുടങ്ങി. ഞാൻ കുളത്തിലിറങ്ങി വൃത്തിയായി ഒന്നു കുളിച്ചു.

പിറ്റേദിവസം മുതൽ എനിക്ക് വിരസത അനുഭവപ്പെട്ടു. ഞാൻ തെണ്ടിത്തിരിഞ്ഞു നടന്നു. രാത്രി വീട്ടിലേക്ക് എത്തും എന്നും. ബന്ധുക്കളുടെയും അമ്മയുടെയും രാഖിയുടേയും വിലാപങ്ങൾ അവസാനിച്ചു. ഗൾഫിലേക്കുള്ള യാത്രയുടെ ഒരുക്കത്തിലേക്കാണവൾ. അവൾ വിമാനത്തിൽ കയറി, അവളുടെ താഴെ ഞാനും ഇരിപ്പുറപ്പിച്ചു.

ഗൾഫിന്റെ ചൂടിലേക്ക് പ്ലയിനിറങ്ങി മോൻ അവിടെ കാത്തു നിൽപ്പുണ്ടായിരുന്നു. മോന്റെ ഭാര്യയും കൊച്ചു മോളും കാറുമായി കാത്ത് നിൽപ്പുണ്ടായിരുന്നു. ഞാൻ അവരുടെ സുഖദുഃഖങ്ങൾ നേരിട്ടു കണ്ടു. പതുക്കെ പതുക്കെ എന്നെപ്പറ്റിയുള്ള ചർച്ചകൾ ഇല്ലാതായി. അവർ ലൗകിക ജീവിതത്തിൽ ലയിച്ചു. ഒരു ദിവസം രാത്രി അവർ പറയുന്നുണ്ടായിരുന്നു, നമ്മുടെ അച്ഛന്റെ ആത്മാവിന് എന്നേന്നക്കും ശാന്തി കിട്ടുവാൻ രാമേശ്വരത്തിലേക്ക് പോകണമെന്ന്.

ദൈവം വീണ്ടും പ്രത്യക്ഷപ്പെട്ടു. ഇപ്പോഴെങ്കിലും എന്റെ കൂടെ വരൂ എന്നു പറഞ്ഞു. അവിടെ മുംബെയിൽ മാർവാടി പെൺകുട്ടിയായ ലതിക കാത്തിരിക്കുന്നു എന്ന് ശരി ഞാൻ പറഞ്ഞു രാമേശ്വരത്ത് വെച്ച് വരാം എന്ന്.

ശ്രാദ്ധ ബലി കഴിഞ്ഞു. ബലികാക്കകൾ പിരിഞ്ഞു. ഞാൻ കണ്ണീരോടെ ഭാര്യയുടെ മൂർദ്ധാവിൽ ചുംബിച്ചു. മകന്റെയും, അവന്റെ ഭാര്യയുടേയും, കൊച്ചുമോളുടേയും തലയിൽ കൈവെച്ച് അനുഗ്രഹിച്ചു. ദൈവം വണ്ടിയുമായി അക്ഷമയോടെ കാത്തു നിൽക്കുന്നു. ദൈവത്തിനോട് ഞാൻ പറഞ്ഞു ഒരു വിത്ത് ഔട്ട് ചായയും, മിനിഗോൾഡും വലിച്ചിട്ട് പോകാമെന്ന്. പ്രഭു സമ്മതിച്ചു.

അകലെ നിന്ന് ലതികയെ കണ്ടു. ഞാൻ സന്തോഷത്തോടെ അവളുടെ ഉദരത്തിലെ ഭ്രൂണമായി മാറി. അതിനുമുമ്പ് ദൈവം എന്നോട് റ്റാറ്റ പറഞ്ഞിരുന്നു. ●

## ആദരാഞ്ജലികൾ

**2016 ഏപ്രിൽ മാസം അന്തരിച്ച കരയോഗാംഗങ്ങളുടെ പേരു വിവരം**



**പി. സുശീല മേനോൻ**
എൽ /1340
DILKUSH
കളത്തിൽ പറമ്പിൽ റോഡ്
കൊച്ചി - 682016



**രാധാകൃഷ്ണക്കുറുപ്പ്**
എൽ /1890
മാടക്കാപ്പിള്ളിൽ
South of Girls High School
ചിറ്റൂർ റോഡ്
കൊച്ചി -682016

(വ്യക്തിവിശേഷം)

# എന്റെ അമ്മൂമ്മ



ആര്യ രാകേഷ്

അറുപത്തി മൂന്നാം വയസ്സിൽ എന്റെ അമ്മൂമ്മ വത്സലാദേവി ഞങ്ങളെ എല്ലാം ത്രില്ലിലാക്കി. അമ്മൂമ്മയ്ക്ക് പല പുരാണകഥകളും കടംകഥകളും ഒക്കെ അറിയാമായിരുന്നു. പിന്നെ ഞങ്ങളോട് ഒക്കെ കൂടുമ്പോൾ ഞങ്ങളിൽ ഒരാളാകുമായിരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് അമ്മയെ പഠിപ്പിച്ച ഡാൻസ് ടീച്ചറെ കൊണ്ടുവന്ന് ഞങ്ങളെ (ഞാനും, അനുജത്തിയും) ഡാൻസ് പഠിപ്പിക്കാൻ ഏല്പിച്ചത്. +2 ന് പഠിക്കുന്ന എനിക്ക് അതിൽ ഒട്ടും താല്പര്യം ഇല്ലായിരുന്നു. സിനിമാറ്റീക്കലാണ് താല്പര്യം. ഒന്നു രണ്ട് മാസം കൊണ്ട് അത് തീർത്തും നിന്നു.



പിന്നീട് ഒരു മാസം കഴിഞ്ഞപ്പോഴാണ് അമ്മൂമ്മ ഡാൻസ് പഠിക്കുന്നു എന്നറിയുന്നത്. വല്ലാതെ അത്ഭുതപ്പെട്ടു പോയി. ഒരാഞ്ചിയോപ്ലാസ്റ്ററിയും, ആസ്മയും, സ്പോൺഡിലോസിസും ഒക്കെയുള്ള ആളാണ്. ആദ്യം തമാശയാണ് തോന്നിയത്. എങ്കിലും ഒരു കാര്യം ശരിയായിരുന്നു. ആളെ കണ്ടാൽ യഥാർത്ഥ വയസ്സ് ആരും പറയുകയില്ല. അമ്മക്കും, വല്യമ്മക്കും (അമ്മൂമ്മയ്ക്ക് 2 പെൺമക്കളാണ്. ഒന്ന് എന്റെ അമ്മയും, അമ്മയുടെ ചേച്ചിയും) മക്കൾക്ക് അമ്മ ഡാൻസ് പഠിക്കുന്നതിൽ വല്യ താൽപര്യമില്ലായിരുന്നു. ഒരു വീട്ടമ്മയായി സെറ്റുമുണ്ട് ഒക്കെ ഉടുത്ത് രണ്ട് മൂന്ന് മാലകൾ ഒക്കെ ഇട്ട് ഒരു തറവാട്ടമ്മയായി കാണാനാണ് അവർക്ക് ഇഷ്ടം.

അതിനുമുമ്പ് ഒരു സംഭവം ഉണ്ടായി. സൈക്കിൾ ബാലൻസ് പോലും ഇല്ലാത്ത, ഒരു സ്കൂട്ടറിന്റെ പുറകിൽ പോലും കയറാത്ത പുള്ളിക്കാരി സ്കൂട്ടർ വാങ്ങി, പഠിച്ച് ലൈസൻസും എടുത്തു. എന്റെ അച്ഛനും വല്യച്ഛനും ഒക്കെ ഭയമായിരുന്നു. എന്തെങ്കിലും സംഭവിച്ചാലോ. ഓട്ടോറിക്ഷക്കാരാണ് എന്നെ സ്കൂട്ടർ പഠിപ്പിച്ചത് എന്ന് അമ്മൂമ്മ മിക്കവാറും പറയാറുണ്ട്. അവരുടെ ധിക്കാരപരമായ പെരുമാറ്റം മൂലമാണത്. എന്തായാലും സംഭവം കലക്കി.

അതിനുശേഷം കേൾക്കുന്നത് മൂകാംബികയിൽ പോയി ഡാൻസ് കളിച്ചെന്നാണ്. ഡാൻസ് ടീച്ചറും ശിഷ്യയും കൂടിയാണ് പോയത്. ഡ്രസ് ചെയ്ത് നടക്കൽ നില്കുന്ന ആളെക്കണ്ട് കുട്ടിയാണെന്ന് ധരിച്ചായിരിക്കാം പൂജാരി അനുഗ്രഹിച്ച് പ്രസാദവും കൊടുത്തു. അമ്മയ്ക്കും, വല്യമ്മയ്ക്കും ഇതൊന്നും ഇഷ്ടമല്ലെങ്കിലും ഞങ്ങൾക്ക് ഇതെല്ലാം ഒരു തരം ത്രില്ലായിരുന്നു. പല അമ്മൂമ്മമാരിൽനിന്നും വിഭിന്നമായി ഇതെ ല്ലാം ചെയ്യുന്നുണ്ടല്ലോ. പോരാതെ ഒരു ബ്യൂട്ടിപാർലറും സ്വന്തമായിട്ടുണ്ട്.

പഠിപ്പിച്ച ടീച്ചർക്കും ഭയങ്കര ആവേശമായിരുന്നു. ഞങ്ങളോട് എപ്പോഴും പറയും അമ്മൂമ്മയെ കണ്ട് പഠിക്കാൻ. അപ്പൂപ്പൻ മരിച്ചിട്ട് ഇപ്പോൾ

ഏഴ് വർഷമാകുന്നു. വേണമെങ്കിൽ അതിന്റെ പേരിൽ നാമജപവും പൂജയുമായി ജീവിതം തള്ളി നീക്കാമായിരുന്നു. അങ്ങിനെ ഒന്നും ചെയ്യാതെ മനസ്സിന്റെ യൗവനം കാത്തു സൂക്ഷിക്കുന്ന ആ വ്യക്തിത്വത്തെയാണ് ഞങ്ങൾ സ്വാഗതം ചെയ്യുന്നത്. എന്റെ കൂട്ടുകാരികൾക്കും അത്ഭുതമായിരുന്നു.

ഒരു ദിവസം ഒരു നോട്ടീസ് എന്റെ കൈയ്യിൽ തന്നിട്ട് പറഞ്ഞു. എന്റെ അരങ്ങേറ്റമാണ് കണ്ണൻകുളങ്ങരയിൽ. ആദ്യം ഞാൻ സ്തംഭിച്ചു പോയി. പഠിക്കുന്നതൊക്കെ ശരി, ഇപ്പോൾ അരങ്ങേറ്റമോ? കളി കാര്യമാകുന്ന ലക്ഷണമാണല്ലോ. അമ്മ എങ്ങനെ പ്രതികരിക്കും, വല്യമ്മക്കും ഒട്ടും വിശ്വാസം വന്നില്ല. വലിയച്ഛൻ കുറെ നേരത്തേക്ക് ഒന്നും മിണ്ടാൻ പറ്റാതെ ഇരുന്നുപോയി. അമ്മയും അച്ഛനും മുഖത്തോടു മുഖം നോക്കിയിരുന്നു. ഒന്നും ആർക്കും മിണ്ടാൻ പറ്റുന്നില്ല.

എന്തായാലും അരങ്ങേറ്റത്തിന്റെ അന്ന് ഞങ്ങൾ (ഞങ്ങൾ ഇടപ്പള്ളിയിലാണ് താമസം) ഉച്ചയോടു കൂടി പറവൂരിലെത്തി. മേക്കപ്പ് ചെയ്തു നില്ക്കുന്ന അമ്മൂമ്മയെ കണ്ട് എന്താണ് ചെയ്യേണ്ടത് എന്നറിയാതെ നിന്നുപോയി. ആള് ആകെ മാറിയിരിക്കുന്നു. സെറ്റ്മുണ്ടിലും, സാരിയിലും, ചുരുദാറിലും ഒക്കെ കണ്ടിട്ടുണ്ടെങ്കിലും ഈ മാറ്റം അത്ഭുതം ഉളവാക്കുന്നതായിരുന്നു. ഏകദേശം മുപ്പത് മുപ്പത്തിയഞ്ച് വയസ് തോന്നിക്കുമായിരുന്നു. അമ്മയും കണ്ണ് മിഴിച്ചു പോയി.

കാലിന്റെ മുട്ടിന് തേയ്മാനം വന്ന് മുട്ടുകാല് മാറ്റിവെക്കണം എന്ന് ഡോക്ടർമാർ പറഞ്ഞുകൊണ്ടിരിക്കുന്ന സമയമാണത്. ഞങ്ങൾ അമ്മൂമ്മയെ ഓച്ചിറയിൽ കൊണ്ടു പോയി വഴിപാടായിട്ട് കാല് വാങ്ങി വച്ചിട്ടുണ്ട്.

എന്റെ കസിൻ സിസ്റ്ററും ഈ പരിപാടി കാണുവാൻ ബാംഗ്ലൂരിൽ നിന്നും എത്തിയിരുന്നു. അമ്പലത്തിൽ ഒരു നല്ല സദസ്സുണ്ട്. ശോഭയാന്റിയുടെ ചെറിയൊരു വിവരണത്തിലൂടെ കർട്ടൻ പൊങ്ങി. ഞങ്ങൾ സ്വർവ്വദൈവങ്ങളേയും വിളിച്ച സന്ദർഭമായിരുന്നു അത്. എങ്ങാനും നാണക്കേട് ഉണ്ടായാൽ? എന്നാൽ ഡാൻസ് കളിക്കാൻ പോകുന്ന ആൾക്ക് യാതൊരു കൂസലും ഇല്ല.

കർട്ടൻ പൊങ്ങി അഗ്രേപശ്യാമി.... എന്ന ശ്ലോകത്തിലൂടെ കുച്ചിപ്പുടി ആരംഭിച്ചു. ഭംഗിയായിത്തന്നെ കളിച്ചു. മാത്രമല്ല പ്ലേറ്റിൽ കയറി തരംഗവും കളിച്ചു. അറിയാതെ കയ്യടിച്ചു പോയി. സദസ്യരും എല്ലാവരും ആസ്വദിക്കുകയായിരുന്നു.

പലവിധ ലഹരിയെപ്പറ്റി കേട്ടിട്ടുണ്ട്. അമ്മൂമ്മക്ക് കലയോടുള്ള ഈ ലഹരി അതിശയകരം തന്നെ. അയാൾ 14 വയസ്സിൽ നിറുത്തിയ ഡാൻസ് തുടർന്ന് പഠിച്ചിരുന്നെങ്കിൽ ഒരു നിമിഷം ആലോചിച്ചു പോയി.

അന്നെല്ലാം പതിനാല്, പതിനഞ്ച് വയസ്സാകുമ്പോൾ ഡാൻസ് പഠിത്തം ഒക്കെ അവസാനിപ്പിക്കും. തുള്ളല് മതി എന്നാണ് കാർന്നോൻമാർ പറയുന്നത്. ഇതെല്ലാം അമ്മൂമ്മ തന്നെ പറഞ്ഞിട്ടുള്ള കഥകളാണ്. പിന്നീട് പഠിക്കുക, അപ്പോഴേക്കും കല്യാണമാകും. താലികഴുത്തിൽ വീണു കഴിഞ്ഞാൽ ആട്ടവും, പാട്ടും ഒക്കെ പെട്ടിയിൽ അടച്ച്പൂട്ടി വെക്കണം. കുട്ടികളെ വളർത്തുക, പത്നീധർമ്മം പരിപാലിക്കുക. ഇതെല്ലാമായിരുന്നു തറവാട്ടിൽ പിറന്ന പെണ്ണുങ്ങളുടെ ജോലി.

കുച്ചിപ്പുടി, ഭരതനാട്യം, മോഹിനിയാട്ടം ഒരു ഫോക്ഡാൻസ് ഇതെല്ലാം കൂടി മൂന്നുമണിക്കൂർ തുടർച്ചയായിത്തന്നെ കളിച്ചു. കൊച്ചുമക്കളായ ഞങ്ങൾക്ക് എന്നും അഭിമാനമാണിത്.

വീടിന്റെ മൂലയിൽ ഒതുങ്ങിയിരുന്ന് പ്രാരാബ്ധം വിളമ്പുന്ന ആൾക്കാരിൽ നിന്നും, അടിച്ചു പൊളിച്ച് കലകളെ സ്നേഹിക്കുന്ന അമ്മൂമ്മ ഞങ്ങളുടെ കൂട്ടുകാരികൂടിയാണ്.

ഇതെല്ലാം കഴിഞ്ഞ് രണ്ട് മാസം കഴിഞ്ഞ് അമൃതയിൽ പോയി മുട്ട് രണ്ടും മാറ്റിവച്ചു. അതിന്റെ റസ്റ്റ് ആറു മാസം കഴിഞ്ഞ് വീണ്ടും ഡാൻസ് പഠിക്കുവാൻ തുടങ്ങിയിട്ടുണ്ട്. മക്കൾക്ക് ഒക്കെ പേടിയാണ്. വല്ലതും സംഭവിക്കുമോ എന്ന്. ഒന്നും സംഭവിക്കില്ലെന്ന് ഡോക്ടർമാർ ഉറപ്പു നല്കിയിട്ടുണ്ട്. ചികിത്സിക്കുന്ന ഡോക്ടർമാർക്കും ഇക്കഥയെല്ലാം കേട്ട് വലിയ സന്തോഷത്തിലാണ്.

ഭഗവാന്റെ കൃപകൊണ്ടാണ് ഇതെല്ലാം സാധിക്കുന്നത് എന്ന് അമ്മൂമ്മ പറയും.

നമ്മുടെ ശ്വാസോച്ഛ്വാസവും, കൈകാലുകളുടെ ചലനവും, മാംസപേശികളുടെ ചലനവും, എല്ലാം എല്ലാം ആ അദൃശ്യശക്തിയുടെ തീരുമാനമാണ്. ഇത് എന്റെ വാക്കുകൾ അല്ല. അമ്മൂമ്മയുടേതാണ്.

ദൈവം തുടരുവാൻ സമ്മതിക്കുവോളം തുടർച്ചയായി ചെയ്യണം എന്നാണ് ഞങ്ങളുടേയും അഭിപ്രായം. ●

# ഇന്ത്യയിൽ നിലവിലുള്ള വിവിധ നികുതികൾ



കെ.എസ്. രാജേന്ദ്രബാബു

| | |
|---|---|
| **1) ഇൻകം ടാക്സ് ഃ** (വരുമാന നികുതി) | വ്യക്തിയുടെയോ, സ്ഥാപനങ്ങളുടെയോ, കമ്പിനികളുടെയോ ഒരു സാമ്പത്തിക വർഷത്തെ വരുമാനം കണക്കാക്കി ഉയർന്ന വരുമാനക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന നികുതിയാണ് ഇൻകം ടാക്സ്. |
| 2) സർവ്വീസ് ടാക്സ് ഃ (സേവന നികുതി) | പ്രതിഫലം വാങ്ങി സേവനങ്ങൾ ചെയ്യുന്ന വ്യക്തികൾ, കമ്പനികൾ, പ്രൊഫഷനലുകൾ എന്നിവർക്ക് ഒരു നിശ്ചിത തുകയുടെ മുകളിൽ ഒരു സാമ്പത്തിക വർഷത്തിൽ കിട്ടുന്ന തുകയ്ക്ക് അടയ്ക്കേണ്ട നികുതിയാണിത്. |
| 3) എക്സൈസ് ഡ്യൂട്ടി ഃ (ഉൽപാദന നികുതി) | ഒരു ചരക്കിന്റെ ഉത്പാദന ഘട്ടത്തിൽ എക്സൈസ് വകുപ്പു ചുമത്തുന്ന നികുതിയാണിത്. |
| 4) കസ്റ്റംസ് ഡ്യൂട്ടി ഃ (ഇറക്കുമതിച്ചുങ്കം) | ചരക്കുകൾ ഇന്ത്യയിലേക്ക് കൊണ്ടുവരുമ്പോൾ എയർപോർട്ട്, സീപോർട്ട് എന്നിവിടങ്ങളിൽ കസ്റ്റംസ് വകുപ്പ് ചുമത്തുന്ന നികുതിയണിത്. |
| 5) കാപ്പിറ്റൽ ഗയിൻ ടാക്സ് ഃ (മൂലധനലാഭ നികുതി) | വസ്തു വില്പന, ഷെയർ, ബോണ്ട്, വിലയുള്ള അമൂല്യ വസ്തുക്കളുടെ വില്പന എന്നിവയിൽ നിന്നും വാങ്ങിയ വില കുറച്ചുള്ള തുകയ്ക്ക് ഈടാക്കുന്ന നികുതിയാണിത്.6) സെക്യൂരിറ്റീസ് |
| ട്രാൻസാക്ഷൻ ടാക്സ് ഃ | സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ സെക്യൂരിറ്റി കൈമാറ്റം ചെയ്യുമ്പോൾ അടയ്ക്കുന്ന നികുതിയാണിത്. |
| 7) ആന്റിഡംപിങ് ഡ്യൂട്ടിഃ | സാധാരണ വിലയിലും താഴ്ന്ന വിലക്ക് അന്യരാജ്യങ്ങളിലേക്ക് സാധനങ്ങൾ കയറ്റുമതി ചെയ്യുമ്പോൾ അടക്കേണ്ട നികുതിയാണിത്. |
| 8) കോർപറേറ്റ് ടാക്സ് ഃ | കോർപറേറ്റുകൾ വർഷത്തിൽ അവരുടെ വരുമാനത്തിന് ഡൊമസ്റ്റിക് കമ്പിനികൾ 30%വും ഫോറിൻ കമ്പനികൾ 40%വും ടാക്സ് അടയ്ക്കണം.(10 മില്യണു മുകളിലുള്ള വരുമാനത്തിന്) |
| 9) ഡിവിഡന്റ് ഃ സിസ്ട്രിബ്യൂഷൻ ടാക്സ് | കമ്പനികളിൽ ഓഹരി എടുത്തിട്ടുള്ളവർക്ക് കമ്പനി ഡിവിഡന്റ് കൊടുക്കുമ്പോൾ ഇന്ത്യ ഗവണ്മെന്റ് കമ്പനികളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതിയാണിത്. നിക്ഷേപകൻ ഡിവിഡന്റ് തുകയ്ക്ക് ടാക്സ് അടയ്ക്കേണ്ടതില്ല.) |
| ഗിഫ്റ്റ് ടാക്സ് ഃ (സമ്മാനനികുതി) | അമ്പതിനായിരം രൂപയോ അതിനുമുകളിലുള്ള തുകയോ ഒരാൾ മറ്റൊരാൾക്കു സമ്മാനമായി കൈമാറുമ്പോൾ കൊടുക്കേണ്ട നികുതിയാണിത്. ഈ നികുതി നിറുത്തലാക്കി ഇൻകം ടാക്സിൽ ലയിപ്പിച്ചു. |
| 11) വെൽത് ടാക്സ് ഃ (സ്വത്ത് നികുതി) | ഒരു വർഷം മുപ്പതുലക്ഷം രൂപയ്ക്കു മുകളിൽ ആസ്തിയുള്ളവർ 1% നികുതി അടയ്ക്കണമായിരുന്നു. 2015- 2016 മുതൽ ഇന്ത്യയിൽ വെൽത് ടാക്സ് നിറുത്തലാക്കി. |
| 12) ടോൾ ഃ (ചുങ്കം) | റോഡ്, പാലം എന്നിവ കടക്കേണ്ടി വരുമ്പോൾ അതിന്റെ നിർമ്മാണച്ചെലവു കണക്കാക്കി പിരിച്ചെടുക്കുന്ന നികുതിയാണ് ടോൾ. |
| 13) എഡ്യുക്കേഷൻ സെസ്സ് ഃ (വിദ്യാഭ്യാസ നികുതി) | ഇൻകം ടാക്സ് എക്സൈസ്സ് നികുതി, സർവ്വീസ് ടാക്സ് എന്നീ നികുതികൾ അടയ്ക്കുന്നവരിൽ നിന്നും പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി പിരിച്ചെടുക്കുന്ന നികുതിയാണ് എഡ്യുക്കേഷൻ സെസ്സ്, സർചാർജ്ജ് എന്നീ നികുതികൾ. |

14) പെർക്വിസിറ്റ് ടാക്സ് : തൊഴിലുടമ തൊഴിലാളികൾക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾക്ക് കൊടുക്കേണ്ട നികുതിയാണിത്.

15) വാല്യു ആസസ് ടാക്സ് : (മൂല്യ വർദ്ധിത നികുതി) സംസ്ഥാനങ്ങളിൽ ചരക്കുകൾ വ്യാപാരികൾ വില്പന നടത്തുമ്പോൾ ചുമത്തുന്ന നികുതിയാണ് മൂല്യ വർദ്ധിത നികുതി.

16) സെൻട്രൽ സെയിൽസ് ടാക്സ് (CST) : (അന്തർ സംസ്ഥാന നികുതി) സംസ്ഥാനത്തിനു വെളിയിലേക്ക് ഒരു വ്യാപാരി ചരക്കു വിൽക്കുമ്പോൾ ചുമത്തുന്ന നികുതിയാണ് CST.

17) റോഡ് ടാക്സ് : (റോഡുനികുതി) വാഹനങ്ങൾ റോഡിൽ കൂടി ഓടിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നികുതിയാണ് റോഡ് ടാക്സ്.

18) വസ്തു നികുതി : (ലാന്റ് ടക്സ്) വസ്തു (ലാന്റ്) നിയമാനുസൃതം ഒരു സാമ്പത്തിക വർഷം കൈവശം വയ്ക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നികുതിയാണ് വസ്തു നികുതി. വില്ലേജാഫീസിലാണ് വസ്തു നികുതി അടയ്ക്കേണ്ടത്.

19) ബിൽഡിംഗ് ടാക്സ് : (ലാന്റ് ടാക്സ് വസ്തു(ലാന്റ്) നികുതിയടച്ചു സ്ഥലത്ത് കെട്ടിടമുണ്ടെങ്കിൽ ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ അടയ്ക്കുന്ന നികുതിയാണിത്

20) ലക്ഷ്വറി ടാക്സ് : (ആഡംബര നികുതി) DTH ബ്രോഡ് കാസ്റ്റിംഗ് സർവ്വീസ്, DTH സർവ്വീസ് നടത്തുന്നവർ ഹൗസ് ബോട്ടു വാടകയ്ക്കു കൊടുക്കുന്നവർ, ആയിരം രൂപയ്ക്കു മുകളിൽ ആശുപത്രി മുറികൾക്ക് വാടക മേടിക്കുന്നവർ, ഹോട്ടൽ മുറികൾ, ഹോം സ്റ്റേകൾ എന്നിവ വാടകയ്ക്കു കൊടുക്കുന്നവർ എന്നിവർക്കായി ഏർപ്പെടുത്തിയിട്ടുള്ള നികുതിയാണിത്. ഹാൾ, കല്യാണ മണ്ഡപം, ആഡിറ്റോറിയം എന്നിവയ്ക്കുള്ള വാടക മൂല്യത്തിനും ലക്ഷ്വറി ടാക്സ് അടയ്ക്കണം. 3000 സ്ക്വയർ ഫീറ്റിനു മുകളിൽ വീടു വച്ചിട്ടുള്ളവർ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ലക്ഷ്വറി ടാക്സ് അടയ്ക്കേണ്ടതാണ്.

21) പ്രൊഫഷണൽ ടാക്സ് : (തൊഴിൽ നികുതി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തൊഴിൽ ചെയ്യുന്നവരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതിയാണിത്.

22) എന്റർടൈൻമെന്റ് ടാക്സ് : സിനിമ, സർക്കസ്സുകൾ, എക്സിബിഷനുകൾ, നാടകങ്ങൾ, എന്നീ വിനോദങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നികുതിയാണിത്.

23) ടേണോവർ ടാക്സ് : (വിറ്റുവരവ് നികുതി) ഒരു നിശ്ചിത തുകയ്ക്കു മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്കു ചുമത്തുന്ന നികുതിയാണ് വിറ്റുവരവ് നികുതി. മദ്യത്തിനു കേരളത്തിൽ വിലയുടെ 10% വിറ്റുവരവു നികുതിയുണ്ട്. തുണിത്തരങ്ങൾക്ക് 2014 - 2015 ൽ കേരളത്തിൽ 2 ശതമാനം വിറ്റു വരവു നികുതിയുണ്ടായിരുന്നു.

24) എന്റ്രി ടാക്സ് : (പ്രവേശന നികുതി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഒരു സംസ്ഥാനത്തേക്ക് ചില പ്രത്യേകതരം സാധനങ്ങൾ കൊണ്ടു വരുമ്പോൾ അടയ്ക്കേണ്ട നികുതിയാണിത്. കേരളത്തിൽ പ്രവേശന നികുതി നിലവിലില്ല. മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുവരുമ്പോൾ ചെക്കു പോസ്റ്റുകളിലാണ് പ്രവേശന നികുതി വാങ്ങിയിരുന്നത്.

25) അഡ്വാൻസ് ടാക്സ് : (മുൻകൂർ നികുതി) ഒരു സാമ്പത്തിക വർഷം പതിനായിരം രൂപയുടെ മുകളിൽ ഇൻകം ടാക്സ് അടയ്ക്കേണ്ടവർ മുൻകൂറായിതന്നെ നികുതിയടയ്ക്കുവാൻ നിയമം അനുശാസിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കു വില്പനക്കു വരുന്ന കോഴി, ഗ്രാനൈറ്റ്, മാർബിൾ, ടൈൽസ് എന്നിവയ്ക്ക് അതിർത്തി ചെക്കുപോസ്റ്റുകളിൽ മുൻകൂർ നികുതി

അടയ്ക്കണമെന്നാണു നിയമം.
26) സ്റ്റാമ്പ് ഡ്യൂട്ടി ഃവസ്തു ക്രയവിക്രയം ചെയ്യു മ്പോൾ മുദ്രപ്പത്രവും ആനുപാതികമായ് (സ്റ്റാമ്പ് നികുതി) രജിസ്ട്രേഷൻ ഫീസും സബ്രജി സ്ട്രാർ ഓഫീസിൽ അടയ്ക്കണം.
27) ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ഃ ഓരോ നറുക്കെടുപ്പിനും ബംമ്പർ ഡ്രോയ്ക്ക് 60 ലക്ഷം രൂപയും അല്ലാത്ത ലോട്ടറി നറുക്കെടുപ്പുകൾക്ക് 30ലക്ഷംരൂപയുംകേരളത്തിൽ നികുതിയാ യടയ്ക്കണം. ഈ തുക വാണിജ്യ നികുതി വകുപ്പാണ് പിരിച്ചെടുക്കുന്നത്.
**28)** അഗ്രികൾചറൽ ഇൻകം ടാക്സ് ഃ ഒരു നി ശ്ചിത ഏക്കറിൽ കൂടുതൽ സ്ഥലമുള്ളവർ കാർഷിക വൃത്തി(കാർഷികാദായനികുതി)യിൽ നിന്നും ലഭിക്കുന്ന ആദായത്തിനു കൊടുക്കേ ണ്ട നികുതിയാണിത്.വാണിജ്യനികുതി വകുപ്പാണ് കാർഷികാദായ നികുതി പിരിക്കുന്നത്.
**29)** വൺടൈം ബിൽഡിംഗ് ടാക്സ് ഃ പുതിയ വീടുകൾ പണിതു താമസയോഗ്യമാകു മ്പോളോ, മറ്റു കെട്ടിട (ഒറ്റത്തവണകെട്ടിടനികുതി)ങ്ങൾ പണിതു തീരുമ്പോഴോ, പഞ്ചായത്ത്, മുനിസിപാലിറ്റി, കോർപറേഷൻ എന്നീ അടിസ്ഥാനത്തിൽ വീടുകൾക്ക് 100 സ്ക്വയർ മീറ്ററിനു മുകളിലും മറ്റു കെട്ടിടങ്ങൾക്ക് 50 സ്ക്വയർ മീറ്ററിനും മുകളിലും ഉള്ളവർക്ക് കേരള ബിൽഡിംഗ് ടാക്സ് ആക്ട് അനുസരിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ (വില്ലേജാഫീസിൽ) ഒറ്റത്തവണ നികുതി കെട്ടാൻ ബാദ്ധ്യതയുണ്ട്.
**30)** കേരള ജനറൽ സെയിൽസ് ടാക്സ്ഃപെട്രോളിയം ഉത്പന്നങ്ങൾ, മദ്യം, കറുപ്പ് എന്നിവയുടെ വില്പനക്ക് (കേരള വില്പന നികുതി) ഏർപ്പെടുത്തിയിട്ടുള്ള നികുതിയാണ് വില്പന നികുതി.
31) അഡീഷണൽ സെയിൽസ് ടാക്സ്ഃ പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനയ്ക്ക് ഒരു ലിറ്ററിന് 1 രൂപ വച്ച് അഡീഷണൽ സെയിൽസ് ടാക്സ് അടയ്ക്കണം. വിദേശ മദ്യമൊഴികെയുള്ള മറ്റു കേരള ജനറൽ സെയിൽസ് ടാക്സ് പരിധിയിൽ വരുന്ന സാധനങ്ങളുടെ വില്പനയ്ക്ക് അടയ്ക്കേണ്ട നികുതിയുടെ 15 ശതമാനം അഡീഷണൽ നികുതിയായി അടയ്ക്കേണ്ടതാണ്.
സെസ്സ് (നികുതി) ഃവിവിധ വകുപ്പുകളിൽ തൊഴിലാളി ക്ഷേമനിധിയിലേക്ക് വിവിധ നിരക്കുകളിൽ സെസ്സ് ചുമത്തി വരുന്നുണ്ട്. ഒരു വീടിന് 10 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവു വന്നിട്ടുണ്ടെങ്കിൽ മൊത്തം വീടു പണിക്കു ചെലവായ തുകയുടെ ഒരു ശതമാനം കെട്ടിട നിർമ്മാണ തൊഴിലാളിനിധിയിലേക്ക് കെട്ടിട ഉടമസ്ഥൻ അടയ്ക്കണം. ജില്ലാ ലേബർ ഓഫീസറാണ് ഈ സെസ്സുകളക്ട് ചെയ്യുന്നത്.കർഷകത്തൊഴിലാളിക്ഷേമനിധി, കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി മോട്ടോർ തൊഴിലാളിക്ഷേമ നിധി, അഡ്വക്കേറ്റ് ക്ഷേമനിധി,പാവപ്പെട്ടവരുടെ പെൺമക്കളുടെ കല്യാണത്തിനു ധനസമാഹരണത്തിനായി ഏർപ്പെടുത്തിയ മംഗല്യനിധി സെസ്സ്. (ഈ നികുതി കോടതിയി അസാധുവാക്കി) ചുമട്ടുതൊഴിലാളിക്ഷേമനിധി, റോഡു വികസനത്തിനായി ഏർപ്പെടുത്തിയ റോഡ് സെസ്സ്, ലൈബ്രറി സെസ്സ്. ഒരുകോടി രൂപയ്ക്കു മുകളിൽ വരുമാനമുള്ളവർക്ക് അടയ്ക്കേണ്ട ടാക്സിൻമേൽ 10 ശതമാനം സർച്ചാർജ്ജ്, ലേബർ വെൽഫയർ ഫണ്ട്, വൈദ്യുതി ഡ്യൂട്ടി, വെള്ളക്കരം, വാങ്ങൽ നികുതി,മരണാനന്തര നികുതി 1985 ൽ നിർത്തലാക്കി. കയറ്റിറക്കു തൊഴിലാളി ക്ഷേമനിധി, (ഷിപ്പിംഗ് കമ്പിനികൾക്ക്) എയർപോർട്ട് ടാക്സ്, ടണ്ണേജ് ടാക്സ്, ആൾട്ടർനേറ്റ് മിനിമം ടാക്സ്, മത്സ്യതൊഴിലാളി ക്ഷേമനിധി കളിലേക്ക് എന്നിങ്ങനെ ഒട്ടനവധി ക്ഷേമനിധികളിലേക്ക് നികുതിയടയ്ക്കേണ്ടതായിട്ടുണ്ട്. അവയർനസ് സെസ്സ് 5% മെഡിക്കൽ സെസ്സ്, ഓൺടാക്സ് 1%, സെസ്സ് ഓൺ ടാക്സ് 10% എന്നീ നികുതികൾ ബിയർ ആന്റ് വൈൻ വ്യാപാരികളിൽനിന്നും ഈടാക്കു ന്നുണ്ട്.

നികുതി അടയ്ക്കുന്നതിനു കാലതാമസം വരുത്തിയാൽ പലിശയും പിഴയും അടയ്ക്കേണ്ടി വരും. വരുമാന വർദ്ധനവിനായി വർഷം തോറും കേന്ദ്ര ബജറ്റും സംസ്ഥാനങ്ങളുടെ ബജറ്റും അവതരിപ്പിച്ച് നമ്മൾ തിരഞ്ഞെടുത്തയച്ച നമ്മുടെ ജനപ്രതിനിധികൾ തന്നെയാണ് അധികഭാരം അടിച്ചേൽപ്പിക്കുന്നത്. നികുതി പിരിക്കുന്നതിനായി ഓരോ വർഷവും പുതിയ മേഖലകൾ കണ്ടുപിടിച്ചു കൊണ്ടിരിക്കുകയാണ്.

യഥാർത്ഥ നികുതിക്കുമേൽ ചുമത്തുന്ന അധിക നികുതികളാണ് സർചാർജ്ജ്, സെസ്സ്, ടോൾ എന്നിവ അന്തരീക്ഷവായു ശ്വസിക്കുന്നതിന് ഒരാളുടെ ശരാശരി പ്രായം കണക്കാക്കി നികുതി നിർണ്ണയം നടത്തുന്ന കാര്യം അടുത്ത ബജറ്റിൽ പ്രതീക്ഷിച്ചാൽ കുറ്റം പറയാനാവില്ല. ●

# ശങ്കരൻ നമ്പൂതിരി പാടുകയാണ്



ശ്രീകുമാർ ശ്രീമംഗലം



രംഗസ്വാമി ശാസ്ത്രികൾ ശയ്യാവലംബിയാണ്. ഡോക്ടർമാർ കൈയൊഴിഞ്ഞിട്ട് ദിവസങ്ങളായിരിക്കുന്നു. ഇപ്പോഴും അദ്ദേഹം ബോധരഹിതനായി കിടക്കുകയാണ്. കുടംബ ഡോക്ടർ ശ്രീ. ഗണപതി സുബ്രഹ്മണ്യം ശാസ്ത്രികളുടെ മകനെ (വൈദ്യനാഥനെ) വിളിപ്പിച്ചു. എന്നിട്ടു പറഞ്ഞു. അച്ഛൻ രാഗങ്ങളെക്കുറിച്ച് എഴുതാറുള്ള ഡയറി കൊണ്ടു വരാൻ ആവശ്യപ്പെട്ടു. അമ്മയും മകനും കൂടി ആ ഡയറി തപ്പിയെടുത്തു. ഡയറിയിൽ രംഗസ്വാമി ശാസ്ത്രികൾ ഇങ്ങനെ കുറുച്ചിട്ടിരിക്കുന്നു. ഭൈരവി ജീവനുള്ള രാഗം! അനന്തരം കുടുംബഡോക്ടർ മെഡിക്കൽ സയൻസിന്റെ നിഗൂഢസ്ഥലിയിലേക്കെന്നും പരതാതെ ഈ കുറിപ്പിനെ പ്രതി ചികിത്സ നടപ്പാക്കി.

ഭൈരവി രാഗമാലപിക്കാൻ ഡോക്ടർ രംഗസ്വാമി ശാസ്ത്രികളുടെ മകനോടാവശ്യപ്പെട്ടു. അച്ഛനു മരുന്നായി മകൻ ഭൈരവി പാടി. പാടുന്നതിനിടയിൽ അപ്രതീക്ഷിതമായി നിറുത്തണമെന്ന് ഡോക്ടർ പ്രത്യേകം പറഞ്ഞിരുന്നു. മകൻ അതനുസരിച്ചു. പെട്ടെന്നു രാഗാലാപനം മുറിയുമ്പോൾ രോഗിയിൽ തെല്ലസ്വസ്ഥത ജനിക്കാൻ തുടങ്ങി. അസ്വസ്ഥ ശബ്ദം, ഞെട്ടിത്തിരിയൽ അങ്ങിനെ പലതും.....

രാഗഭാവങ്ങളുടെ അനവദ്യപരിമളം വഴിഞ്ഞൊഴുകുകയാണ്. അത് ഹൃദയത്തെ ഭാവതരംഗിതമാക്കുകയാണ്. വിഘ്നങ്ങളോടെ വിരാജിച്ചുലഞ്ഞൊഴുകുന്ന ഗംഗാ പ്രവാഹം പോലെ ഗാനതരംഗിണിയുടെ രാഗരഥ്യ.... രാഗവിസ്താര സഞ്ചാരത്തിനൊടുവിൽ രോഗി കണ്ണു തുറക്കുന്നു...... !

നിറമിഴികളോടെ ഡോക്ടർ ആ പാട്ടുകാരനെ ചേർത്തു നിറുത്തി. "ഇപ്പോഴാണ് നിന്റെ പേര് സാർത്ഥകമായത്. നീ താൻ വൈദ്യനാഥൻ...."

വൈദ്യനാഥൻ പിന്നീടു പ്രസിദ്ധനായി കുന്നുക്കുടി വൈദ്യനാഥനായി. സംഗീതം ഔഷധം തന്നെയാണ്. ചിലപ്പൊഴൊക്കെ പുതുജന്മം തന്നെ സംഗീതം വഴി കരഗതമാകാറുണ്ട്. അത്രയ്ക്കു നമ്മെ ആ തീരത്തേക്കടുപ്പിക്കുന്നു......

ചിലപ്പോൾ, ഈ ഭൂമിയായ ഭൂമിയിലെ മൺതരികളെപ്പോലും ത്രസിപ്പിച്ചും ഋതുക്കളായ ഋതുക്കളെയെല്ലാം സ്വപ്നത്തിൽ നിന്നുമുണർത്തിച്ചും, വസന്തത്തെ കൊണ്ടു വർണ്ണരാജി പെയ്യിച്ചും നമ്മെ സംഗീതത്തിന്റെ (സ്വർഗ്ഗതലങ്ങളിലും ഉമ്മവയ്പ്പിക്കും വണ്ണം) ഏഴാകാശങ്ങളിലേക്കു കൈപിടിച്ചുയർത്തിച്ചും, ശ്രീ എം. കെ. ശങ്കരൻ നമ്പൂതിരി പാടുകയാണ്......

മൂന്ന് പതിറ്റാണ്ടുകൾ കൊണ്ട് അദ്ദേഹം ലോകമെങ്ങുമുള്ള സഹൃദയമാനസങ്ങളിൽ സംഗീതമായി പെയ്തിറങ്ങുകയാണ്. ചിലർ അദ്ദേഹത്തിന്റെ ആരഭിതഗാനാലാപന വൈദഗ്ധ്യത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങുമ്പോൾ ചിലരദ്ദേഹത്തിന്റെ ഡർബാരി കാനഡ രാഗത്തെക്കുറിച്ച് വാചലരാകുന്നു. ചിലരദ്ദേഹത്തിന്റെ ത്യാഗരാജകീർത്തനാലപനത്തിന്റെ വൈശിഷ്ട്യത്തെക്കുറിച്ച് നിരങ്കുശം സംസാരിക്കുന്നു. എന്നാൽ ചിലരദ്ദേഹത്തിന്റെ മുത്തുസ്വാമിദീക്ഷിതർ കൃതികളുടെ ആലാപനത്താലുളവാകുന്ന ആപാദമധരാനുഭവത്തെ പ്രതി സുലളിതരായി ഓർത്തു നിറയുന്നു.

ഒരു സങ്കീർത്തനംപോലെ എന്ന കൃതിയിൽ

ശ്രീപെരുമ്പടവം ശ്രീധരൻ, ഇടയ്ക്കിടക്ക് വിശ്വാസി പള്ളിയിൽ പോകും പോലെയാണ് താൻ ദസ്തേയ്വ്സ്കിയിലേക്കു പോകുന്നതെന്നു പറയുന്നുണ്ട്. ഇവിടെ ഞാനും വിശ്വാസി അമ്പലത്തിൽ പോകുന്നപോലെ ദിവസത്തിൽ പല തവണ ശ്രീ എം.കെ. ശങ്കരൻ നമ്പൂതിരിയിലേക്കു പോകാറുണ്ട്. കാസറ്റിലൂടെയും യൂട്യൂബിലൂടെയും മനസിനു വല്ലാത്ത വിശുദ്ധി ചാർത്തി തരുന്ന സ്വരവിസ്മയം. ഏതു രാഗമാണെങ്കിൽ കൂടിയും ആ രാഗത്തിനായി ഈശ്വരൻ കല്പിച്ചു നൽകിയ ഭാവസംപുടതയാർന്ന ശബ്ദസൗകുമാര്യം.

ആനന്ദഭൈരവിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ശ്രീസ്വാതി തിരുനാൾ മഹാരാജാവിന്റെ ആന്ദോളികാവാഹനേ..... എന്ന കീർത്തനം ശ്രീ എം.കെ ശങ്കരൻ നമ്പൂതിരി പാടുമ്പോൾ ഭാവതീവ്രത, ആരോഹണാവരോഹണങ്ങളുടെ സ്വരവിന്യാസം ഒക്കെ ഒക്കെ എത്ര വർണ്ണനാതീതമാണ്. അന്നമാചാര്യരുടെ രാഗമാലികയിലുള്ള "കുറയൊന്റുമില്ലൈ മലൈ മൂർത്തി കണ്ണാ....." എന്ന കൃതിയും സഹൃദയസംഗീത മാനസങ്ങൾ വല്ലാതെ താലോലിക്കുന്നതിന് ഹേതു മറ്റൊന്നല്ല. ആ ആലാപനചതുരതയും പാടിപ്പതിഞ്ഞ ഈടുറ്റ ആത്മവിശ്വാസവും സംഗീതത്തിനോടുള്ള ഗായകന്റെ അർപ്പണബുദ്ധിയുമൊക്കെത്തന്നെയാണ്.

അദ്ദേഹത്തിന്റെ ഭാവോന്മീലനതയുടെ കാമ്പറിഞ്ഞും സ്വരവിസ്താരഘടനയിലെ രാഗഭാവതാളങ്ങളെ പൊലിപ്പിക്കുവാൻ അകമ്പടി വാദ്യക്കാരായികൂടുന്ന നിരവധിപേരിൽ തികച്ചും ജനകീയരാണ് (അഗ്രേസരരാണ്), ശ്രീ മാഞ്ഞൂർ രഞ്ജിത്ത് (വയലിനിസ്റ്റ്), അദ്ദേഹത്തിന്റെ വയലിൻ ശ്രീ ശങ്കരൻ നമ്പൂതിരിയുടെ സ്വർഗ്ഗീയമായ രാഗഭാവവിന്യാസത്തെ അനുധാവനം ചെയ്യുമ്പോഴും, തനതു മനോധർമ്മ വ്യാപാരങ്ങളിൽ പുലർത്തുന്ന ശ്രേഷ്ഠത തികച്ചും മാന്ത്രികവും ആനന്ദാനുഭൂതിദായകവുമായി സദസ്യർക്കനുഭവപ്പെടുന്നു. എടുത്തു പറയത്തക്ക മൃദംഗവിദ്വാൻമാരിലൊരാളായ ശ്രീ. എ. ബാലകൃഷ്ണ കമ്മത്ത്, ഉതിർക്കുന്ന ലയവിന്യാസം, ഘട്ടത്തിന്റെ അനുക്രമം, മംഗളവാദ്യത്തിന്റെ സുഖസുന്ദരമായ താൻ പോരിമയേയും വെളിപ്പെടുത്തി സഹൃദയ മാനസുകളിലേക്ക് താളബോധത്തിന്റെ വജ്രബിംബങ്ങളെ വല്ലാതങ്ങു പതിപ്പിച്ചു കളയുമ്പോൾ, അങ്ങനെ കച്ചേരിക്കു കനകകാന്തി കൈവരുമ്പോൾ സഹൃദയ മാനസം സ്വന്തം ഹൃദയതാളമായി അത് ഹൃദയകമലത്തിലേറ്റുവാങ്ങുകയാണ്. പറയാൻ വാക്കുകളില്ലാതെ പോകുന്ന നവ്യാനുഭവം! പിന്നെ കച്ചേരിയുടെ ആമൂലാഗ്രം നിഷ്കളങ്കമുഖഭാവത്തോടെ ആസ്വാദകരെ വിസ്മയിപ്പിച്ച് പ്രസിദ്ധ ഘടംവാദകനായ ശ്രീ മാഞ്ഞൂർ ഉണ്ണികൃഷ്ണൻ. മൃദംഗവും ഘടവും ചേർന്ന് താളത്തിന്റെ വിസ്മയങ്ങളായി പരിണമിക്കുന്ന കച്ചേരിയുടെ സായാഹ്നങ്ങൾ... സന്ധ്യകൾ... കേൾവിക്കാർ സദസ്സുവിട്ടെഴുന്നേല്ക്കുമ്പോൾ മനസിൽ ചുമന്നു കൊണ്ടു പോകുന്നത് ഈ മൃദംഗഘട വിദ്വാന്മാരെകൂടെയാണെന്നതു പറയാതെ വയ്യ.

ശ്രീ.എം.കെ. ശങ്കരൻ നമ്പൂതിരി പാടുമ്പോൾ ആലാപനത്തിന്റെ തീക്ഷ്ണത കൊണ്ടും, രാഗഭാവങ്ങളുടെ ശക്തികൊണ്ടും നാം ഏതൊക്കെയോ തിരഞ്ഞെടുക്കാറുണ്ട്. കേൾവിക്കാരായ നമ്മൾ! ഒന്നും ചിന്തിക്കാൻ പറ്റാതെ നിർമ്മലചിത്തരായി നമ്മുടെ കൺനിറഞ്ഞും.... ഈ തീരത്ത് ഇങ്ങനെ ഇങ്ങനെ നില്ക്കയല്ലാതെ നിർവൃതിയെന്തുള്ളൂ.....?

അന്യം നില്ക്കുന്ന ഹൃദയാർദ്രീകരണ ക്ഷമത എന്നു നമുക്കു തോന്നിപ്പോകുന്നത് ചിലർ കീർത്തനമാലപിക്കുമ്പോഴാണ്. സംഗീതം മതി, സാഹിത്യമറിയാനുള്ള രീതി അവലംബിക്കുമ്പോഴാണ്. സാഹിത്യമറിയണമെന്നില്ല എന്ന രീതി സ്വീകരിച്ചിട്ടുള്ള ഭാഗവതപ്രതിഭകൾ സഹൃദയഹൃദയങ്ങളിൽ നാളിതു വരെ ഇടം പിടിച്ചിട്ടില്ല. ഇവിടെയാണ് ശ്രീ എം.കെ. ശങ്കരൻ നമ്പൂതിരി വേറിട്ടു നില്ക്കുന്നത്. പൂർണ്ണമാത്രയിലുള്ള അക്ഷര ഉച്ചാരണ നിബന്ധത അദ്ദേഹത്തിന്റെ അലങ്കാരം തന്നെയായി മാറുമ്പോൾ അദ്ദേഹത്തിന്റെ സാഹിത്യമറിഞ്ഞുള്ള ആലാപനരീതി തികച്ചും ഭാവത്തെ ശാക്തികരിക്കപ്പെടുന്നു. അതുകൊണ്ടുതന്നെയാണ്, അതിതീക്ഷ്ണമായ ഭാവവായ്പ് കൃതികളുടെ ആലാപനത്തിനു കൈവരുന്നത്. അതിനാലാവണം സ്കൂൾ മത്സരവേദികൾ തൊട്ടേ, സഹൃദയരും, മാസ്റ്റേഴ്സും ഒന്നടങ്കം രാഗഭാവ വർണ്ണനയിലെ ചക്രവർത്തിയായി നിസ്സംശയം ശ്രീശങ്കരൻ നമ്പൂതിരിയെ കരുതിപ്പോരുന്നത്.

**സംഗീതമപി സാഹിത്യം**

**സരസ്വത്യാ സ്തനദ്വയം** എന്നു പാടിയ മഹർഷിവര്യൻ തന്നെ അതിന്റെ ഉത്തരാർദ്ധത്തിൽ, ഏകമാപാദ മധുരമെന്നും, അന്യദാലോചനാമൃതമെന്നും വ്യപദേശിക്കാനുണ്ടായ കാരണവും മറ്റൊന്നല്ല. സരസ്വതിയുടെ സ്തനദ്വയം പോലെ സംഗീതവും സാഹിത്യവും ഒറ്റയ്ക്കെടുത്താൽ രണ്ടും സമാനമധുരങ്ങളാണ്. പക്ഷെ ഇവ രണ്ടും സമ്മേളിക്കുന്ന സംഗീതത്തിൽ മാ

ധുര്യം സംഗീതത്തിനു കൂടിയേക്കാമെങ്കിലും സഹൃദയഹൃദയങ്ങളിൽ കൂട്ടുകൂടി കുറുകി ചിലക്കേണ്ട ആശയം സാഹിത്യത്തിന്റെ ഔന്നത്യം കൂടിയാണ്.

ഗുരുവായൂരപ്പന്റെ സ്നിഗ്ദ്ധമായ ഓർമ്മകളിൽ സംഗീതം ഒരു നവ്യാനുഭൂതി സന്ദായകമായ നിലാമഴ തന്നെയാണ്. ഓടക്കുഴലൂതുന്ന കൃഷ്ണാവതാരസങ്കല്പം തന്നെയാണ് ഇവിടുത്തെ ചൈതന്യ ധന്യത. പതിനായിരത്തെട്ടു രാഗങ്ങൾക്കു നാഥനായിരുന്നൊരീശ്വരൻ ഇവിടെ ഇന്നു സംഗീതസ്വപ്നശതാവരികളെ പൂവണിയിപ്പിക്കുന്നു. ആ ബ്രഹ്മാണ്ഡസാധകത്തിന്റെ നിറപൊൻ പുലരൊളിയാണ് വർഷംപ്രതി ഇവിടെ നടന്നു വരാറുള്ള ചെമ്പൈസംഗീതോത്സവം. ബ്രഹ്മോപാസനയെന്നാൽ അതു സംഗീതംതന്നെയെന്നു നണ്ണി പരമപദം നേടിയ ചെമ്പൈവൈദ്യനാഥ ഭാഗവതരുടെ ഓർമ്മയ്ക്കായി ഗുരുവായൂർ ദേവസ്വം നടത്തിവരുന്ന ചെമ്പൈ സംഗീതോത്സവത്തിലും ശ്രീ.എം.കെ.ശങ്കരൻ നമ്പൂതിരി പാടുകയുണ്ടായി. (വളരെ മുമ്പേ തന്നെ). അന്ന് ഗുരുവായൂർ ഏകാദശിക്കു വളരെ പ്രഗത്ഭൻമാരോടൊപ്പം ശ്രീ ശങ്കരൻ നമ്പൂതിരി പാടിയപ്പോൾ സ്കൂൾ യുവജനോത്സവവേദികളിലൂടെ വന്ന വിദ്യാർത്ഥിയെയല്ല നമുക്കവിടെ അനുഭവപ്പെട്ടത്. മറിച്ച്, അതിവിശാരദനായ ഒരു ഭാഗവതരെ തന്നെയാണ് ദർശിക്കാൻ കഴിഞ്ഞതെന്ന് അഭിജ്ഞർ അഭിപ്രായപ്പെടുന്നു. മനോധർമ്മ വ്യാപാരങ്ങളിൽ രാഗഭാവം ചെലുത്തുന്ന സാന്ദ്രത അതു വിസ്തരിച്ചു ശങ്കരൻ നമ്പൂതിരി പാടുമ്പോൾ, ആ ആത്മസമർപ്പണത്തിന്റെ മുൻപിൽ നാം നമസ്കരിച്ചു പോകുമെന്ന് ഏവരും സമ്മതിക്കുന്നു.

ശ്രീ.എം.കെ. ശങ്കരൻ നമ്പൂതിരി 1971 ൽ കഥകളി നടനും ഗായകനുമായ ശ്രീ കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീമതി അതിഥിദേവി അന്തർജ്ജനത്തിന്റെയും മകനായി പെരുമ്പാവൂരിലെ പുന്നയത്ത്, അശമന്നൂർ ഗ്രാമത്തിലായിരുന്നു ജനനം. കുട്ടിയിലെ സംഗീതാഭിരുചി തിരിച്ചറിഞ്ഞ ശ്രേഷ്ഠരായ മാതാപിതാക്കൾ ശങ്കരനെ പത്താം വയസ്സിൽ തന്നെ സംഗീതാഭ്യാസത്തിന് വിട്ടു. ആരാധ്യനായ ശ്രീ. സി.എസ്. നാരായണൻ നമ്പൂതിരിയാണ് പ്രഥമഗുരു. പിന്നെ അദ്ദേഹം ഗുരു ടി.വി. ഗോപാലകൃഷ്ണന്റെ കീഴിലും സംഗീതാഭ്യസനം തുടർന്നു. അനന്തരം വിശ്രുതസംഗീതരത്നം ശ്രീ മാവേലിക്കര പ്രഭാകരവർമ്മയുടെ ശിക്ഷണത്തിലും സംഗീതാഭ്യസനം ഉത്തരോത്തരം ഉത്ക്കർഷിച്ചു. പിന്നെ അനഘ സംഗീതരത്നം, ശ്രീ പാലക്കാട് കെ.വി. നാരായണ സ്വാമി അവർകളുടെ ശിഷ്യത്വത്തിൽ ശങ്കരൻ നമ്പൂതിരി സംഗീതാഭ്യസനത്തിന്റെ മേല്പടവുകൾ കയറി.

ഇതിനിടയിൽ 1987ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ മികച്ച കലാപ്രതിഭയായി ശങ്കരൻ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിരവധി വേദികൾ കേരളത്തിനകത്തും പുറത്തും അദ്ദേഹത്തിന്റെ സ്വരമാധുരിക്കായി തുറന്നുകൊണ്ടിരിക്കെ, ഏറ്റവും ഇളപ്പമുള്ള ഏറ്റവും വലിയ ഭാഗവതർ എന്ന ഖ്യാതി (A Top grade Vocalist in AIR) ആൾ ഇന്ത്യാ റേഡിയോ അദ്ദേഹത്തിനു നൽകി. ഈ ഘട്ടങ്ങളിൽ തന്നെ അദ്ദേഹം ഇന്ത്യയിലാകെ നല്ല സംഗീതജ്ഞനായി പരിഗണിക്കപ്പെട്ടു തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ശബ്ദമാധുരിയും ആലാപനചതുരതയും വെളിപ്പെടുത്തികൊണ്ട് നിരവധി കാസറ്റുകളും സിഡികളും ഇന്ത്യൻ സംഗീത ശേഖരത്തിനു മുതൽകൂട്ടായി എമ്പാടും വന്നു നിറഞ്ഞു. 1995ൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും മ്യൂസിക്കൽ മാസ്റ്റർ ബിരുദം നേടി. 1984 ൽ പുല മൈസെൽവൻ(Lions club Internatonal) ഇസൈ ബഹുമതി നൽകി (Isai Chennai) ആദരിച്ചു. ആ കാലയളവിൽ അദ്ദേഹത്തിനു ഗാനാമൃത സുരഭി (Title of honours) ബഹുമതി ശ്രീവിദ്യാപീഠം (Kaladikurichi, Thirunelveli, Tamilnadu) നൽകുകയുണ്ടായി. 1995ൽ യുവകലാ ഭാരതിപട്ടം ശ്രീ എം. കെ. ശങ്കരൻ നമ്പൂതിരിക്കു ലഭിച്ചു.(Chennai Bharathi Kalanjar) തുടർന്ന് 2000ൽ യുണൈറ്റഡ് റൈറ്റേഴ്സ് അസോസിയേഷൻ (Chennai), ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നലകി ബഹുമാനിച്ചു. അതേ വർഷം തന്നെ അദ്ദേഹത്തിനു തുളസീവന സംഗീതസഭ ഏർപ്പെടുത്തിയിട്ടുള്ള ശ്രേഷ്ഠപുരസ്കാരം തുളസീവന സംഗീതപുരസ്കാരം ലഭിക്കുകയുണ്ടായി. 2008ലെ ഏറ്റവും നല്ല പിന്നണി ഗായകനുള്ള (Playback Singer Best) അവാർഡ് നിരവധി കേന്ദ്രങ്ങളിൽ നിന്നും അദ്ദേഹത്തെ തേടിയെത്തി. (Doordarshan Kendra, Gandhiji study Centre, Ragam Culture Centre) (ചിറ്റാറ്റിൻകാവിൽ എന്ന ഗാനം സിനിമ നിവേദ്യം) തുടർന്നദ്ദേഹത്തിന് 2013ലെ സംഗീത കലാനിധി ശ്രീ നെയ്യാറ്റിൻകര വാസുദേവൻ സാറിന്റെ ചിരസ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ശ്രീ നെയ്യാറ്റിൻകര വാസുദേവൻ പുരസ്കാരം ലഭിക്കുകയുണ്ടായി. തുടർന്നതേവർഷം തന്നെ സംഗീത നാടക അക്കാദമി ബഹുമതിയും

ലഭിക്കുകയുണ്ടായി.

മ്യൂസിക് അക്കാദമി ഓഫ് ചെന്നൈയിലും ഗാന്ധർവ്വ മഹാവിദ്യാലയയുടെ കേരളത്തിലെ സംഗീതവിഭാഗത്തിലും അദ്ദേഹം ലക്ചററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡിപ്പാർട്ടമെന്റ് ഓഫ് കൾചർ, മിനിസ്ട്രി ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റും ഗവ.ഓഫ് ഇന്ത്യയും (1999 2000) ജൂനിയർ ഫെലോഷിപ്പ് നൽകി വിനീതനായ ഈ കലാകാരനെ ആദരിച്ചിട്ടുണ്ട്.

സിനിമാ പിന്നണി ഗാനരംഗത്ത് അദ്ദേഹം മികവുറ്റ സംഭാവനകളാണ് നലകിയിട്ടുള്ളത്. ശ്രീ രവീന്ദ്രൻ മാസ്റ്ററുടേയും ശ്രീ. എം. ജയചന്ദ്രന്റെയും, മോഹൻ സിതാരയുടെയും അലക്സ് പോളിന്റേയും സംഗീതത്തെ തന്റെ ശബ്ദമാധുരിയാൽ അദ്ദേഹം അനശ്വരമാക്കി. ജനമനസ്സുകളിൽ ആ പാട്ടുകൾക്ക് ഏറെയിടമുണ്ട്. അഴകാർന്ന നീലമയിലേ.... എന്ന ഗാനവും ചിറ്റാറ്റിൻ കരയിലെ... എന്നു തുടങ്ങുന്ന നിവേദ്യം സിനിമയിലെ (നല്ല ഗായകനുള്ള അവാർഡ് നേടിക്കൊടുത്ത ശങ്കരൻ നമ്പൂതിരിയുടെ ഗാനം) ഗാനം. ജനപ്രീതി നേടിക്കൊടുത്ത ഗാനങ്ങളിൽ ചിലതു മാത്രമാണിവ. 2006 തൊട്ട് അദ്ദേഹം പിന്നണിഗാന രംഗത്തുണ്ട്.... ആ ഗാനപ്രപഞ്ചം ഭാക്തിക്കായും, ആൽബങ്ങൾക്കായും നിറഞ്ഞുലാവുമ്പോൾ.... ആ തീർത്ഥക്കരെ സഹൃദയർ നമ്മളിങ്ങനെ... കൺനിറഞ്ഞു... മിഴികൾ പൂട്ടിയും... ●

# തൂലിക

**പത്മജ മേനോൻ**



അക്ഷരലോകത്ത് വിസ്മയങ്ങളുടെ നിറച്ചാർത്ത് നല്കുന്ന നിനക്ക് പല ഭാവങ്ങളാണ്. നീ ചില നേരങ്ങളിൽ രൗദ്രഭാവം പൂണ്ട പടവാളായി മാറും. ചിലപ്പോൾ സൗവർണ്ണ ഗ്രാമീണകന്യകയെപ്പോലെ സൗമ്യയായിരിക്കും. ദുഃഖത്തിന്റെ മടിശ്ശീലയിൽ നിന്ന് ഇറ്റിറ്റ് വീഴുന്ന കണ്ണിരിന്റെ ഉപ്പുരസമാണ് പലപ്പോഴും നിന്നിൽ അലിഞ്ഞിരിക്കുന്നത്. അതിരുകളില്ലാത്ത ആനന്ദത്തിന്റെ പരമോന്നതപീഠത്തിൽ എത്തിക്കുമ്പോൾ നീ അപജയമില്ലാത്ത ഒരു ജേതാവായി മാറുന്നു. കേൾക്കാത്ത ഈണത്തിൽ പ്രണയവർണ്ണങ്ങൾ മീട്ടി ഓർമ്മകളുടെ ഇളംനീരൊഴുക്കിൽ ഒഴുകിപോവാതെ, തനിക്കു മാത്രമായി കാത്തു കിടന്ന ചിപ്പിയെപ്പോലെ നീ നവനീതചോരനായി കാണാപ്പുറങ്ങളിലേക്ക് കൂട്ടികൊണ്ടു പോകുമ്പോൾ രാഗാദ്രമായ അനുഭൂതികളാണ് പ്രദാനം ചെയ്യുന്നത്.

എന്റെ തൂലികയെ........................

എന്റെ കാണാമറയത്ത് ഒളിഞ്ഞു കിടക്കുന്ന സർഗ്ഗാത്മകതയുടെ ചേതനകളെ വീണമീട്ടിയ താളുകളിലേക്ക് ആലേഘനം ചെയ്യുന്ന നിനക്ക് ഈ എളിയ കലാകാരിയുടെ ആയിരമായിരം പ്രണാമങ്ങൾ

**3-ാം**

**ചരമവാർഷികം**

**17.05.2016**



**എൻ. ഗോപാലകൃഷ്ണ പണിക്കർ**

മായ വിഹാർ

Nr. എൻ.ജി. ഒ. യൂണിയൻ ഓഫീസ്

പള്ളിമുക്ക്,

എറണാകുളം

- സന്തപ്ത കുടുംബാംഗങ്ങൾ

# ഫാറ്റി ലിവർ
## (കരൾ തടിക്കൽ)



ഡോ. ദേവിദാസ് വെള്ളോടി

**ഫാറ്റി ലിവർ (Fatty Liver)**

കരളിനകത്ത് കൂടുതലായി കൊഴുപ്പ് (Fat) അടിഞ്ഞു കൂടി കരളിന് തടിപ്പ് ഉണ്ടാക്കുന്ന അവസ്ഥയാണിത്. കരളിൽ കുറച്ച് കൊഴുപ്പുണ്ടാകുക എന്നത് സാധാരണമാണ്. പക്ഷെ അതിന്റെ അളവ് വളരെ കൂടുതലായാൽ കരൾ തടിപ്പിലേക്ക് (Fatty Liver) നയിക്കും.




**കരൾ :**

നമ്മുടെ ശരീരത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ അവയവമാണ് (Organ) കരൾ. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിലെ പോഷകമൂല്യങ്ങളെയും വിഷാംശത്തെയും ഹാനികരമായ വസ്തുക്കളെയും വേർതിരിക്കുന്നത് കരളിൽ നിന്നാണ്. കരളിൽ കൂടുതൽ കൊഴുപ്പ് അടിഞ്ഞു കൂടിയാൽ ഈ ആഗിരണ ശുചീകരണ പ്രക്രിയ തടസ്സപ്പെടുന്നു. അപ്പോൾ കരളിലെ കോശങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു. സാധാരണയായി ഈ നശിച്ച കോശങ്ങൾക്ക് പകരം പുതിയ കോശങ്ങളെ നിർമ്മിക്കുവാനുള്ള കഴിവ് കരളിനുണ്ട്. പക്ഷെ ഇത്തരത്തിൽ കരൾകോശങ്ങൾക്ക് ഇടക്കിടെ കേടുപാടുകൾ സംഭവിച്ചാൽ അത് സ്ഥിരമായ കേടുപാടുകൾ (Scaring) വരുത്തുകയും കരൾ രോഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

